I.ഇ.ബി. XIIകേരള നിയമസഭ/VIII-22

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 24, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ഉത്തരത്തിലെ തിരുത്ത്**

പന്ത്രണ്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 11-7-2008-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 3455-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) മേശപ്പുറത്തു വച്ചു.

**അടിയന്തിര പ്രമേയം**

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഓഫീസിനു
നേരെയുണ്ടായ അക്രമം

മി. സ്പീക്കർ: ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ സംസ്ഥാന കമ്മിറ്റി ഓഫീസിനു നേരെ ഏതാനും അക്രമികൾ കല്ലെറിഞ്ഞതിനെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അബ്ദുറഹിമാൻ രണ്ടത്താണി, കെ.സി. ജോസഫ്, സി.എഫ്. തോമസ്,

കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മലപ്പുറം കീഴ്ശ്ശേരി ഗവൺമെന്റ് എൽ.പി.സ്കൂളിൽ 19-7-2008-ന് നടത്താനിരുന്ന ക്ലസ്റ്റർ മീറ്റിംഗ് തടസ്സപ്പെടുത്താനെത്തിയ യൂത്ത് ലീഗ് പ്രവർത്തകരുമായി നടന്ന സംഘർഷത്തിനിടെ വാലില്ലാപുഴ എ.എം.എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ മരിക്കാനിടയായതിൽ പ്രതിഷേധിച്ച് സംസ്ഥാനത്തൊട്ടാകെ നടന്ന പ്രതിഷേധ പ്രകടനങ്ങൾക്കിടെ ചില പാർട്ടി ഓഫീസുകൾക്ക് നേരെയും അക്രമങ്ങൾ നടക്കുകയുണ്ടായി. അക്കൂട്ടത്തിൽ കോഴിക്കോട് സി.എച്ച്. മുഹമ്മദ്കോയ ചാരിറ്റബിൾ സെന്റർ ഓഫീസിന്റെയും മെഡിക്കൽ സ്റ്റോറിന്റെയും ചില്ലുകൾ അക്രമികൾ എറിഞ്ഞു തകർത്തുവെന്ന പരാതിയെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു. 23-7-2008-ന് വെള്ളയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആസ്ഥാനമായ ലീഗ് ഹൗസിനു നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ ഉൾപ്പെടുത്തി ക്രൈം 226/08 നമ്പറായി വെള്ളയിൽ പോലീസ് സ്റ്റേഷനിലും 23-7-2008-ന് മാതൃഭൂമി ഓഫീസിനു നേരെയുണ്ടായ അക്രമത്തിന്റെ പേരിൽ ക്രൈം 273/08 നമ്പറായി ടൗൺ പോലീസ് സ്റ്റേഷനിലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രതികളെ ഇതുവരേയും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. അനിഷ്ടസംഭവങ്ങളുണ്ടാകാതിരിക്കാൻ ശക്തമായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ഠൗൺ ഹയർ സെക്കന്ററി സ്കൂളിലും

ശ്രീകണ്ഠാപുരത്തും അക്രമം നടത്തിയ യൂത്ത് ലീഗ്, യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ചൊക്ലി ഇരിങ്ങൂരിലുള്ള ഐ.യു.എം.എൽ. ഓഫീസ്, രാമന്തളിയിലെ സി.പി.ഐ (എം) ഓഫീസ് എന്നിവയ്ക്ക് നേരെ നടന്ന അക്രമങ്ങളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. ലഭിച്ച എല്ലാ പരാതികളിന്മേലും പോലീസ് അന്വേഷണം ത്വരിതപ്പെടുത്തി പ്രതികളെ പിടികൂടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പാർട്ടി ഓഫീസുകളും പത്രമാഫീസുകളും ആക്രമിക്കപ്പെടാൻ പാടില്ല എന്നതാണ് സർക്കാരിന്റെ നിലപാട്. സാദ്ധ്യമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ഗുരുതരമായ അവസ്ഥാവിശേഷം നിലനിൽക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കോഴിക്കോട് ആർ.സി. റോഡിൽ സ്ഥിതി ചെയ്യുന്ന സി.എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ നാമധേയത്തിലുള്ള മുസ്ലീം ലീഗിന്റെ ആസ്ഥാന മന്ദിരം ഒരു സംഘം അക്രമികൾ എറിഞ്ഞു തകർക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലീം ലീഗിന്റെ ഓഫീസുകളും പ്രവർത്തകരും ആക്രമിക്കപ്പെടുകയാണ്. വിശ്വാസപ്രമേയ വോട്ടെടുപ്പിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾ ആക്രമിക്കപ്പെടുമെന്ന് മുന്നറിയിപ്പുണ്ടായിരുന്നതിനെത്തുടർന്ന് സി.എച്ച് മുഹമ്മദ്കോയ ചാരിറ്റബിൾ സെന്ററിന് പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടെങ്കിലും അതു നൽകാൻ പോലീസ് തയ്യാറായില്ല. കൊല്ലം ജില്ലയിലേയും മൂവാറ്റുപുഴയിലേയും മുസ്ലീം ലീഗ് ഓഫീസുകൾ ആക്രമിക്കുകയും കണ്ണൂർ രാമന്തളിയിലെ ലീഗ്

പ്രവർത്തകരെ വെട്ടിപ്പരിക്കേൽപ്പിക്കുകയും മുസ്ലീം ലീഗിന്റെ കൊടികളും ബോർഡുകളും സ്തൂപങ്ങളും നശിപ്പിക്കുകയും ചെയ്തു. പ്രതികളെ ആരേയും ഇതുവരെ പിടികൂടിയിട്ടില്ല. അധികാരത്തിന്റെ മറവിൽ സി.പി.ഐ(എം) നടത്തുന്ന അക്രമരാഷ്ടീയത്തിന് വിരാമമിടണം. സാംസ്ക്കാരിക കേരളത്തെ കൊലയുടെയും കൊള്ളിവയ്പ്പിന്റെയും വിളനിലമാക്കി മാറ്റുകയാണ്. സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ടവർ സി.പി.ഐ(എം)-ന്റെ ആജ്ഞാനുവർത്തികളായി മാറുകയാണ്. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസുകൾ തകർക്കുകയും പ്രവർത്തകരെ ആക്രമിക്കുകയും ചെയ്യുന്ന ഗുരുതരമായ പ്രക്രിയ അവസാനിപ്പിക്കാൻ സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകമാർ</u>): വസ്തുതാപരമായി കാര്യങ്ങൾ കാണാതെ സംഭവങ്ങളെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ലീഗ് ഓഫീസുകൾക്കുനേരെ കല്ലേറ് നടക്കുന്നതിൽ എല്ലാവർക്കും പ്രതിഷേധമുണ്ട്.. ഈ സംഭവങ്ങളിൽ ഡി.വൈ.എഫ്.ഐ-കാരേയും സി.പി.ഐ.(എം)-കാരേയും പ്രതിക്കൂട്ടിൽ നിറുത്തുന്ന പ്രവണത ശരിയല്ല. പരാതിയുടെ അടിസ്ഥാനത്തിൽ പ്രതികളെ കണ്ടെത്തി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേയൻ, സി.എഫ്. തോമസ്, സി.ടി അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുള്ളിൽ തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഭക്ഷ്യ വസ്തുക്കളിൽ മായംചേർക്കുന്നതു തടയൽ

ശ്രീ. എൻ. അനിരുദ്ധൻ: ഭക്ഷ്യ സാധനങ്ങളുടെ രുചി വർദ്ധിപ്പിക്കുന്നതിന് അജിനോമോട്ടോ ചേർക്കുന്നത് രോഗം പിടിപെടാൻ കാരണമാകുന്നുണ്ട്. കറിപൗഡറുകളിൽ മായം ചേർക്കുന്നതും അരിയുടെ ക്വാളിറ്റി കൂടുതലാണെന്ന് കാണിക്കാൻ നിറം ചേർക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കവർ പാലിൽ കാസ്റ്റിക് സോഡ ലിക്വിഡ് ചേർക്കുന്നതും മൽസ്യം കേടാകാതിരിക്കുന്നതിന് അമോണിയ ചേർക്കുന്നതും ഇറച്ചിക്കോഴികളിൽ ഹോർമോൺ കുത്തിവയ്ക്കുന്നതും പഴവർഗ്ഗങ്ങളിൽ കീടനാശിനികൾ തളിക്കുന്നതും ആപ്പിളിന്റെ ശോഭ വർദ്ധിപ്പിക്കുന്നതിന് മെഴുക് ലായനിയിൽ മുക്കുന്നതും നിരോധിക്കണം. ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നത് നിരോധിക്കണം. മായം ചേർക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 1954-ലെ മായം ചേർക്കൽ ആക്ട് പ്രകാരം സംസ്ഥാനത്ത് മായം ചേർക്കൽ നിരോധന നിയമം കർശനമായി നടപ്പാക്കുന്നുണ്ട്.

2006–2007–ൽ 13315 സാമ്പിളുകൾ പരിശോധിച്ചതിൽ 309 എണ്ണത്തിലും 2007–2008–ൽ 13328 സാമ്പിളുകൾ പരിശോധിച്ചതിൽ 324 എണ്ണത്തിലും മായം ചേർത്തതായി കണ്ടെത്തിയിട്ടുണ്ട്. മായം ചേർക്കൽ നിരോധന നിയമ പ്രകാരം പ്രത്യേകം നിബന്ധനകളോടെ അജിനോമോട്ടോ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കാവുന്നതാണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നൽകുന്ന ഭക്ഷണപദാർത്ഥത്തിലും മറ്റ് 51 ഇനം ഭക്ഷ്യപദാർത്ഥങ്ങളിലും അജിനോമോട്ടോ ചേർക്കാൻ പാടില്ലെന്നാണ് നിബന്ധന. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വിവിധ അരി സാമ്പിളുകൾ പരിശോധിച്ചതിൽ കളർ കലർത്തിയതായി കണ്ടെത്തിയിട്ടില്ല. പഴവർഗ്ഗങ്ങൾ പഴുപ്പിക്കാൻ രാസവസ്തുക്കൾ ഉപയോഗിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. മാങ്ങ പഴുപ്പിക്കാൻ രാസവസ്തു ഉപയോഗിക്കുന്നതായി കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴവർഗ്ഗങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോയെന്നുള്ള പരിശോധന നടത്താൻ പ്രായോഗികമായ തടസ്സങ്ങളുണ്ട്. പരിശോധനയ്ക്കായി സാമ്പിളുകൾ സെൻട്രൽ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നതിന് 40 ദിവസത്തെ കാലതാമസമെടുക്കും. അത്രയും ദിവസം കഴിയുമ്പോൾ സാമ്പിളുകൾ പരിശോധനായോഗ്യമല്ലാതായി തീരും. മായംചേർക്കൽ തടയുന്നതിന് ബോധവൽക്കരണം ആവശ്യമാണ്. ബോധവൽക്കരണത്തിന് ആവശ്യമായ ഊന്നൽ കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് സ്റ്റേറ്റ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബോധവൽക്കരണ പരിപാടികളും പരിശോധനയും നടന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ളത് കേന്ദ്ര നിയമമായതിനാൽ

മായംചേർക്കൽ  തടയുന്നതിന് പുതിയ നിയമം നിർമ്മിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല.

(2) റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സംസ്ഥാനത്ത് ഒരു സർവ്വകലാശാലാ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണം. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ചാലക ശക്തിയായി മാറേണ്ട സർവ്വകലാശാലകൾ ഇന്ന് സമൂഹത്തിന് ഭാരവും അപമാനവുമായി മാറിയിരിക്കുകയാണ്. അഴിമതിയും സ്വജനപക്ഷപാതവും സർവ്വകലാശാലകളുടെ കൂടപ്പിറപ്പായിരിക്കുന്നു. വിശ്വാസ്യത പുലർത്തേണ്ട പരീക്ഷാ വിഭാഗത്തിൽപ്പോലും ദിവസക്കൂലിക്ക് ആളുകളെ നിയമിക്കുന്നു. വിദ്യാർത്ഥി സംഘടനകളുടെ സമ്മേളനങ്ങൾക്കുവേണ്ടി പരീക്ഷകൾ മാറ്റിവയ്ക്കുന്നു. നിയമനങ്ങളുടെ കാര്യത്തിൽ വിവാദങ്ങൾ ഉണ്ടായിരിക്കുന്നു. കോഴിക്കോട്, മഹാത്മാഗാന്ധി സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനം കോടതി റദ്ദാക്കിയിരിക്കുന്നു. കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് നിയമന പരീക്ഷയിൽ ക്രമക്കേടുകൾ കടന്നുകൂടിയിരിക്കുന്നു. ഇവിടെ നിയമന തത്വം അട്ടിമറിക്കുന്നു. നിയമനം സംബന്ധിച്ച രജിസ്റ്ററുകൾ  സൂക്ഷിക്കുന്നില്ല. സംവരണ വിഭാഗത്തിലെ വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സിലബസ്സ് പരിഷ്ക്കരണമടക്കമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സർവ്വകലാശാലകൾക്ക് കഴിയണം. അധ്യാപക-അനധ്യാപക തസ്തികകളിൽ കഴിവും ഗുണമേന്മയുമുള്ളവരെ നിഷ്പക്ഷമായി തെരഞ്ഞെടുക്കാനും സാമുദായിക സംവരണം പാലിക്കാനും സംസ്ഥാന സർവ്വകലാശാലകൾക്ക് സ്വതന്ത്ര സ്വഭാവത്തോടുകൂടിയ ഒരു റിക്രൂട്ട്മെന്റ്

ബോർഡ് രൂപീകരിക്കണം. അധ്യാപക തസ്തികകളിൽ റൊട്ടേഷൻ പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ സർവ്വകലാശാലയ്ക്കും വിഭിന്നമായ സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഇത് കടുത്ത അസന്തുലിതാവസ്ഥയ്ക്ക് കാരണമാകുകയാണ്. നിയമനങ്ങളിൽ സ്വജനപക്ഷപാതവും രാഷ്ട്രീയ കൈകടത്തലും ഇല്ലാതാക്കുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് വഴി സാധിക്കുന്നതാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ കഴിഞ്ഞ രണ്ട് വർഷക്കാലം നടന്ന മുഴുവൻ നിയമനങ്ങളെക്കുറിച്ചും നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : കേരളത്തിലെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം പരിഗണിച്ചുകൊണ്ടാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് രുപം നൽകിയിട്ടുള്ളത്. ഈ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഇടപെടലുകൾ നടക്കുന്നതായി വിദ്യാഭ്യാസ വിചക്ഷണന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ട് യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാരെ നിയമിച്ചിട്ടുണ്ട്. മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒരു വനിതയെ കോഴിക്കോട് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി നിയമിച്ചത് ഇൻഡ്യയുടെ ചരിത്രത്തിൽ നടാടെയാണ്. ഉന്നത നിലവാരം പുലർത്തുന്നവരെയായിരിക്കും ഗവൺമെന്റിന് പങ്കുള്ള നിയമനങ്ങളിൽ പരിഗണിക്കുന്നത്. സർവ്വകലാശാലകളിലെ മറ്റ് ജീവനക്കാരുടെ നിയമനങ്ങളിൽ ഗവൺമെന്റിന് പങ്കില്ല. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടും നിയമങ്ങളും അനുസരിച്ചാണ് ജീവനക്കാരെ നിയമിക്കുന്നത്. യൂണിവേഴ്സിറ്റി നിയമനങ്ങളിൽ

സംവരണതത്വം കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയും പിന്നോക്ക സമുദായ ക്ഷേമ സമിതിയും പരിശോധിച്ചുവരികയാണ്. സമിതി നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുന്നതാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ഘടനയിൽ നിന്നുകൊണ്ട് യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) മെഡിക്കൽ റി-ഇമ്പേഴ്സ്മെന്റ് അനുവദിക്കൽ

ശ്രീ. വർക്കല കഹാർ : സംസ്ഥാനത്ത് 20000-ൽപ്പരം വരുന്ന പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരെ കേരള ഗവൺമെന്റ് സർവീസസ് മെഡിക്കൽ അറ്റൻഡൻസ് റൂൾ 1960-ന്റെ പരിധിയിൽ കൊണ്ടുവന്ന് മെഡിക്കൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 1960-ലെ കേരള ഗവൺമെന്റ് സർവീസസ് മെഡിക്കൽ അറ്റൻഡൻസ് റൂൾ പ്രകാരം പാർട്ട്ടൈം കണ്ടിൻജന്റ് സർവ്വീസിൽ ഉള്ളവർക്ക് മെഡിക്കൽ റി-ഇമ്പേഴ്സ്മെന്റിന് അർഹതയില്ല. ഈ നിയമം ഭേദഗതി ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(2) ആറ്റുകാൽ വികസന പദ്ധതി

ശ്രീ. വി. ശിവൻകുട്ടി: 2007-08, 2008-09 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ ആറ്റുകാൽ ക്ഷേത്രം ട്രസ്റ്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ററൗൺഷിപ്പ് മാതൃകയിൽ ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പദ്ധതിക്ക് രൂപം

നൽകിയിട്ടില്ല. ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഒരു ജനകീയ സമിതിയും സാങ്കേതിക സമിതിയും രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : 2008-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം ആറ്റുകാൽ ക്ഷേത്ര പരിസരവും ചുറ്റുമുള്ള പ്രദേശങ്ങളും വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ മാസം വിളിച്ചുകൂട്ടിയ യോഗത്തിൽ പദ്ധതി തയ്യാറാക്കി മൂന്നു മാസത്തിനകം സമർപ്പിക്കാനും അതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വഴി ഏകോപിപ്പിച്ച് നടപ്പിലാക്കാനും തീരുമാനിക്കുകയുണ്ടായി. ഇതിനായി ഗവൺമെന്റ് രൂപീകരിച്ച അഡ്വൈസറി കമ്മിറ്റിയുടേയും ടെക്നിക്കൽ കമ്മിറ്റിയുടേയും പ്രവർത്തനം നടന്നുവരികയാണ്.

(3) രോഗ പ്രതിരോധ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ

ശ്രീ. എം. മുരളി : നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സാമ്പത്തിക സഹായംകൂടി പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കും ജെ.പി.എച്ച്.എൻ.-മാരെ നിയമിച്ചുകൊണ്ട് ആശാവോളന്റിയേഴ്സിന്റെ സേവനംകൂടി പ്രയോജനപ്പെടുത്തി ഘട്ടം ഘട്ടമായി സബ് സെന്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കേന്ദ്ര സർക്കാർ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സബ് സെന്ററുകൾ ആരംഭിക്കുന്നത്. സംസ്ഥാനത്ത് 6955 സബ് സെന്ററുകൾ വേണ്ട സ്ഥാനത്ത് 5094 സബ് സെന്ററുകളാണ് നിലവിലുള്ളത്. ഈ കുറവ്

പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർഷം ആദിവാസി മേഖലയും തീരദേശ മേഖലയും ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലും ആശാ പ്രവർത്തകരെ ഉപയോഗിച്ച് ഫീൽഡ് വർക്കർമാരുടെ കുറവ് നികത്താനാണ് ഉദ്ദേശിക്കുന്നത്.

(4) തസ്തികകളുടെ ഏകീകരണം

ശ്രീ. രാജാജി മാത്യു തോമസ്: ഗുണനിലവാരത്തേയും കാര്യക്ഷമതയേയും ദോഷകരമായി ബാധിക്കാനിടയുള്ളതിനാൽ ബ്ളഡ് ബാങ്ക് ടെക്നീഷ്യന്മാരുടേയും ലാബ് ടെക്നീഷ്യന്മാരുടേയും തസ്തികകൾ സംയോജിപ്പിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ലബോറട്ടറി ടെക്നീഷ്യന്മാർക്കും ബ്ളഡ് ബാങ്ക് ടെക്നീഷ്യന്മാർക്കും പി.എസ്.സി. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത മെഡിക്കൽ ലബോറട്ടറി ടെക്നോളജിയിലുള്ള ഡിപ്ളോമയാണ്. അതിനാൽ ഈ വിഭാഗങ്ങളിലെ തസ്തികകൾ ഏകോപിപ്പിക്കുന്നതുകൊണ്ട് ഏതെങ്കിലും വിഭാഗത്തിന്റെ കാര്യക്ഷമതയേയോ ഗുണനിലവാരത്തേയോ ബാധിക്കുകയില്ല. അവശ്യ സർവീസായ രക്ത ബാങ്കിൽ ടെക്നീഷ്യന്മാരുടെ കുറവ് വരുന്ന സാഹചര്യത്തിൽ മറ്റ് വിഭാഗങ്ങളിലെ ടെക്നീഷ്യന്മാരെ ഉപയോഗപ്പെടുത്തി ബ്ളഡ് ബാങ്കിന്റെ സേവനം മെച്ചപ്പെടുത്താൻ കഴിയും. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകിയ വിവിധ തസ്തികകളുടെ സ്പെഷ്യൽ റൂൾസിനുള്ള കരട് നിർദ്ദേശത്തിലും ഈ തസ്തികകൾ ഏകീകരിക്കുന്നതിന് ശുപാർശയുണ്ട്. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾക്കുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ.

(5) ഫുഡ് ടെസ്റ്റിംഗ് ലാബിന് നാഷണൽ അക്രഡിറ്റേഷൻ

ശ്രീ.എ. പ്രദീപ് കുമാർ : കേന്ദ്ര ഗവൺമെന്റിന്റെ 2006-ലെ പി.എഫ്.എ. ആക്ടിലെ ഭേദഗതി പ്രകാരം അക്രഡിറ്റഡ് ലാബിനു മാത്രമേ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിയമസാധുതയുള്ളൂ. അതനുസരിച്ച് തിരുവനന്തപുരം, എറണാകുളം ലാബുകളിൽ അക്രഡിറ്റേഷനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുവെങ്കിലും കോഴിക്കോട് ലാബിന്റെ കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും ഉണ്ടാകാത്തതിനാൽ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് ഒന്നാം ഘട്ടമായി ഒരു ലബോറട്ടറിയിൽ നാഷണൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചതനുസരിച്ച് തിരുവനന്തപുരം ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയിൽ അതിനുള്ള പ്രാഥമിക സജ്ജീകരണങ്ങൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ എറണാകുളം, കോഴിക്കോട് ലാബുകൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്ത് അപേക്ഷ സമർപ്പിക്കുന്നതാണ്. സ്റ്റാഫ് നിയമനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ആറ്റിങ്ങൽ ബൈപാസ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങൽ പട്ടണത്തിൽ ബൈപ്പാസ് നിർമ്മിച്ച് ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): എൻ.എച്ച്. 47-ന്റെ വികസനവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ ബൈപ്പാസിന്റെ സർവ്വേ നടപടികൾ

പൂർത്തിയാക്കിയിരുന്നു. ദേശീയപാത വികസനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തീരുമാനം എടുത്തപ്പോൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് ഉണ്ടാക്കിയ ധാരണ അനുസരിച്ച് ദേശീയപാത വികസിപ്പിക്കുമ്പോൾ പ്രധാനപ്പെട്ട ബൈപ്പാസുകൾ കൂടി ഉൾപ്പെടുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടിന് അന്തിമ രൂപം നൽകി വരുന്നതേയുള്ളൂ. ഏതാനും ആഴ്ചയ്ക്കുള്ളിൽ അന്തിമ റിപ്പോർട്ട് ലഭിക്കുന്നതാണ്.

(7) <u>പട്ടയം നൽകുന്നതിലെ ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> തൃശ്ശൂർ സീതാറാം മിൽ ലെയിനിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): തൃശ്ശൂർ സീതാറാം മിൽ ലെയിനിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നടപടി ക്രമമനുസരിച്ച് പട്ടയം നൽകുന്നതിന് ശ്രമിക്കുന്നതാണ്.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>): ന്യായമായ ഈ പ്രശ്നം സംബന്ധിച്ച് ഗവൺമെന്റ് വേണ്ടത് ചെയ്യുന്നതാണ്.

(8) <u>കർഷകസംഘത്തിന്റെ ഉപവാസ സമരം</u>

<u>ശ്രീ. സി. കെ. പി. പത്മനാഭൻ:</u> ഭൂപ്രശ്നവുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് താലൂക്ക് ഓഫീസിനുമുന്നിൽ കർഷക സംഘങ്ങൾ നടത്തുന്ന ഉപവാസ സമരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഹൈക്കോടതിയിൽ രണ്ടുകേസ്സും തളിപ്പറമ്പ് താലൂക്ക് ലാന്റ് ബോർഡിൽ നിരവധി കേസ്സുകളും പ്രസ്തുത വിഷയം സംബന്ധിച്ച് നിലനിൽക്കുന്നതിനാൽ അത് തീർപ്പുകൽപ്പി ക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ലാന്റ് ബോർഡിലെ നിലവിലുള്ള മുഴുവൻ കേസ്സുകളും ഹൈക്കോടതിയുടെ പ്രധാനപ്പെട്ട രണ്ട് കേസ്സുകളും തീർപ്പാക്കി അർഹരായ എല്ലാവർക്കും പട്ടയം നൽകി ശാശ്വത പരിഹാരം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(9) താരീഫ് വില പ്രഖ്യാപനം

ശ്രീ. പി. സി. ജോർജ്: ഭൂമിയുടെ താരീഫ് വില പ്രഖ്യാപനത്തിലെ പരാതികളിന്മേലുള്ള തീർപ്പുകൾ സംബന്ധിച്ച് പരിഹാരം കാണണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ലാന്റ് റവന്യൂ കമ്മീഷ ണറും നികുതി വകുപ്പ് സെക്രട്ടറിയും ഐ.ജി., രജിസ്ട്രേഷനും കൂടി ജില്ലാ കളക്ടർമാരുമായും ആർ.ഡി.ഒ.-മാരുമായും രജിസ്ട്രേഷൻ വകുപ്പിലെ ഉദ്യോഗസ്ഥരുമായും വിശദമായി ചർച്ച നടത്തി സ്വീകരിക്കേണ്ട നടപടിക്ര മങ്ങൾ ലഘൂകരിച്ച് അപാകതകൾ ചൂണ്ടിക്കാട്ടി വസ്തുനിഷ്ഠമായി താരിഫ് വിലയെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(10) ചട്ടമ്പി സ്വാമിക്ക് സ്മാരകം

ശ്രീ. വി. സുരേന്ദ്രൻപിള്ള: ബ്രഹ്മശ്രീ ചട്ടമ്പി സ്വാമികളുടെ ജന്മസ്ഥലമായ കണ്ണമ്മൂലയിൽ അദ്ദേഹത്തിന്റെ ഒരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി പുരാവസ്തു വകുപ്പ് നോട്ടിഫൈ ചെയ്തിരുന്ന സ്ഥലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റീ-നോട്ടിഫൈ ചെയ്തിനെത്തുടർന്ന് അവിടെ സമരം നടന്നു വരികയാണ്. അത് വീണ്ടും

റീ-നോട്ടിഫൈ ചെയ്ത് ചട്ടമ്പിസ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനും സമരം അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): നവോത്ഥാന നായകനും സാമൂഹിക പരിഷ്ക്കർത്താവും അതുല്യ പ്രതിഭാശാലിയുമായിരുന്ന ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികളുടെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി കണ്ണമ്മൂലയിൽ സമുചിതമായ ഒരു സ്മാരകം പടുത്തുയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) അരി-പയർ വിഹിതം വർദ്ധിപ്പിക്കൽ

ശ്രീ. ടി. എൻ. പ്രതാപൻ: സംസ്ഥാനത്തെ സ്കൂളുകളിൽ എട്ടാം ക്ലാസ് ഉൾപ്പെടെയുള്ള എൽ.പി/യു.പി. ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് ഒരു ദിവസം ഒരു വിദ്യാർത്ഥിക്ക് 60 ഗ്രാം അരി എന്നുള്ളത് പരിഷ്ക്കരിച്ച് 80-100 ഗ്രാം അരി എന്ന നിരക്കിൽ നൽകാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി ഗുണപരമായി മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. കേന്ദ്ര സർക്കാരാണ് ഇതിന് സാമ്പത്തിക സഹായവും അരിയും മറ്റും ലഭ്യമാക്കുന്നത്. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്കൂളുകളുമായി ബന്ധപ്പെട്ട് ലഭ്യമായ സ്ഥലങ്ങളിൽ പച്ചക്കൃഷി നടത്തി അത് ഉച്ചഭക്ഷണത്തിന് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ ഗൗരവമായി ആലോചിച്ചു വരികയാണ്. വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിന്

നൽകുന്ന അരി വിഹിതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

(12) വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. കെ. ഷാജു: പന്തളം പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി അവിടെ ഒരു 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): റവന്യൂ വകുപ്പിലെ ഭൂമി കെ.എസ്.ഇ.ബി.-ക്ക് കൈമാറിയാൽ ഉടൻതന്നെ പന്തളത്ത് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കും.

(13) ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കൽ

ശ്രീ. എൻ. രാജൻ: കിളിമാനൂർ ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് സ്ഥാപിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 9 ഇലക്ട്രിക്കൽ ഡിവിഷനുകൾ ഇപ്പോൾത്തന്നെ അവിടെയുള്ള സാഹചര്യത്തിൽ ഒരു ഡിവിഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(14) സെക്ഷൻ ഓഫീസ് ആരംഭിക്കൽ

ശ്രീ. കെ. പി. മോഹനൻ: ധാരാളം ഉപഭോക്താക്കളുള്ള ചൊക്ളി മേജർ സെക്ഷൻ ഓഫീസ് വിഭജിച്ച് പെരിങ്ങത്തൂർ സെക്ഷൻ ഓഫീസ് ഉടൻ തന്നെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പെരിങ്ങത്തൂർ സെക്ഷൻ ഓഫീസ് സ്ഥാപിച്ചാൽ ഉടൻ തന്നെ ജീവനക്കാരെ അനുവദിക്കണം. ആവശ്യത്തിന് ജീവനക്കാരെ ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കാം.

(15) കുമിളിയിൽ സബ്സ്റ്റേഷൻ

ശ്രീമതി ഇ. എസ്. ബിജി മോൾ: കുമിളിയിലേയും പരിസര പ്രദേശങ്ങളിലേയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സബ്സ്റ്റേഷൻ നിർമ്മിക്കാൻ അനുവദിച്ച സ്ഥലം ഏറ്റെടുത്ത് അടിയന്തിരമായി പണി ആരംഭിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സ്ഥലം ലഭ്യമായാൽ ഉടൻതന്നെ 33 കെ.വി. സബ്സ്റ്റേഷൻ കുമിളിയിൽ ആരംഭിക്കുന്നതാണ്.

(16) പുതിയ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കൽ

ശ്രീ. കെ. സുധാകരൻ: സംസ്ഥാനത്തെ ക്രിമിനൽ കോടതികളിൽ 1982-ൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച സമയത്ത് 500 കേസുകളാണുണ്ടായിരുന്നതെങ്കിൽ ഇന്നത് 4000 മുതൽ 18000 വരെയായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ, എക്സൈസ് സ്റ്റേഷനുകൾ, ഫാസ്റ്റ് ട്രാക്ക് കോടതി തുടങ്ങിയവയുടെ എണ്ണവും ജീവനക്കാരും വർദ്ധിച്ചിട്ടും മജിസ്ട്രേട്ട് കോടതിയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാത്തതിനെക്കുറിച്ച് പഠിക്കാൻ നിയമിച്ച കമ്മീഷൻ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കണമെന്നു പറഞ്ഞ് 1993-ൽ റിപ്പോർട്ട് നൽകിയിട്ടും അത് പ്രാവർത്തികമാക്കാത്ത സാഹചര്യത്തിൽ ജീവനക്കാർ ഹൈക്കോടതിയെ

സമീപിക്കുകയും അവർക്കനുകൂലമായ ഉത്തരവ് നേടുകയും ചെയ്തപ്പോൾ സർക്കാർ ആ ഉത്തരവിനെതിരെ എസ്.എൽ.പി. ഫയൽ ചെയ്തിരിക്കുകയാണ്. അത് പിൻവലിക്കുകയും പുതിയ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയും ചെയ്യുന്നതോടൊപ്പം മജിസ്ട്രേട്ട് കോടതികളിൽ രാത്രികാലത്ത് വാച്ച്മാൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ക്ളാസ് 4 ജീവനക്കാരെ മാറ്റി പകരം സായുധ സേനയെ ഏൽപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സംസ്ഥാനത്തെ സിവിൽ, ക്രിമിനൽ കോടതികളിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് ഭരണ പരിഷ്ക്കാര വകുപ്പ് 1993-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശകൾ സാമ്പത്തിക ബാധ്യത മൂലം സർക്കാരിന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ആറ് മാസത്തിനകം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി നടപ്പാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടറിയിച്ചുകൊണ്ട് സർക്കാർ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. സിവിൽ, ക്രിമിനൽ കോടതികളിലെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി അതിവേഗ കോടതികൾ, കുടുംബ കോടതികൾ, അബ്കാരി കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ, ഓണററി സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതികൾ എന്നിവ തുടങ്ങുകയുണ്ടായി. ഭരണപരിഷ്ക്കാര വകുപ്പിന്റെ 1993-ലെ റിപ്പോർട്ട് പഴക്കം ചെന്നതായതിനാൽ ഒരു പുതിയ പഠനം നടത്തി

ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

(17) സേനാപതിയിൽ 33 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. കെ.കെ. ജയചന്ദ്രൻ: സേനാപതി, ശാന്തൻപാറ, ചിന്നക്കനാൽ, രാജക്കാട്, ഉടുമ്പൻചോല എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ സേനാപതി സബ്സ്റ്റേഷന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഒരു കോടി അമ്പത്തിമൂന്ന് ലക്ഷം രൂപയ്ക്കുള്ള സേനാപതി 33 കെ.വി. സബ്സ്റ്റേഷൻ പദ്ധതിക്ക് 05-05-2000-ൽ ഭരണാനുമതി നൽകി. ഉടുമ്പൻചോല താലൂക്കിലെ കാന്തിപ്പാറ വില്ലേജിൽ ഇതിനാവശ്യമായ ഭൂമി വാങ്ങി ഇലക്ട്രിസിറ്റി ബോർഡിന് കൈമാറാൻ അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിലാണ്. സേനാപതി സബ്സ്റ്റേഷൻ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(18) പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ്

ശ്രീ. കെ.സി. ജോസഫ്: കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ അവിഹിത ഇടപെടൽ അവസാനിപ്പിക്കണം. പോലീസിന് സ്വതന്ത്രമായും നിഷ്പക്ഷ മായും പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് സ്വതന്ത്രമായും നിഷ്പക്ഷമായും നടത്താൻ ബന്ധപ്പെട്ട എല്ലാ

അധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥരുടെ അവിഹിത ഇടപെടലോ ഭീഷണിപ്പെടുത്തലോ നടന്നിട്ടില്ല. രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ നടക്കുന്നതായുള്ള പരാമർശങ്ങൾ പരിശോധിക്കാം. പോലീസുകാർക്ക് അർഹമായ അവധികളും അലവൻസുകളുമാണ് നൽകുന്നത്.

(19) ബാവിക്കര റെഗുലേറ്ററിന്റെ നിർമ്മാണം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർകോട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മൂന്നു വർഷത്തിനുമുമ്പ് പണി ആരംഭിച്ച ബാവിക്കര റെഗുലേറ്ററിന്റെ പണി നിറുത്തിവച്ചിരിക്കുകയാണ്. പുതുക്കിയ എസ്റ്റിമേറ്റും ഡിസൈനും അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കി ബാവിക്കര റെഗുലേറ്ററിന്റെ പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ബാവിക്കര റെഗുലേറ്ററിനു വേണ്ടിയുള്ള 391.58 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും ഡിസൈനും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതിന്റെ പണി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(20) റീ-സർവ്വേ നടപടികൾ ആരംഭിക്കൽ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: ആറളം വില്ലേജിലും അമ്പലക്കണ്ടി വില്ലേജിലുംപെട്ട നൂറുകണക്കിനാളുകളുടെ ഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാലും പതിച്ചു നൽകിയ ഭൂമിയിന്മേലുള്ള നികുതി

സ്വീകരിക്കാത്തതിനാലും അർഹതപ്പെട്ട സർക്കാർ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മിച്ച ഭൂമി പതിച്ചു നൽകുന്ന നടപടിക്രമങ്ങളിലുണ്ടായ കാലതാമസം മൂലമാണ് പാവപ്പെട്ട കൃഷിക്കാരുൾപ്പെടെയുള്ളവർക്ക് ഇത്തരത്തിൽ ബുദ്ധിമുട്ടുണ്ടായത്. ലാന്റ് ബോർഡിൽ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മിച്ച ഭൂമി ഏറ്റെടുത്ത് പതിച്ചുകൊടുക്കുന്നതിലുണ്ടാകുന്ന കാലതാമസം മൂലം ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ പൊതുവായ ഒരു തീരുമാനം എടുക്കുന്നതാണ്.

(21) റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സെന്റർ

ശ്രീ. പി. കൃഷ്ണപ്രസാദ്: കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന വയനാട് ജില്ലയിലെ റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വയനാട് ജില്ലയിലെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ വിപുലമായ ഒരു പദ്ധതിയും ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി ബയോ റിസോഴ്സ് മാനേജ്മെന്റ് എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സ്റ്റാഫിന്റെ പോരായ്മ പരിഹരിക്കാൻ റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സെന്ററിൽ താൽക്കാലികാടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റന്റ്മാരെയും മറ്റ് തൊഴിലാളികളെയും നിയമിക്കാനും സ്ഥലം മാറ്റവും പുതിയ നിയമനവും വഴി മൂന്ന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന

തസ്തികകളിൽ നിയമനം നടത്തുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയിൽ വരുന്ന കാർഷിക മേഖലയുടെ അഭിവൃദ്ധിക്കുംവേണ്ടി പുതിയ ഗവേഷണ പദ്ധതികൾക്ക് രൂപം നൽകിക്കൊണ്ട് നിലവിലുള്ള പോരായ്മകൾ പരിഹരിക്കാൻ സർവ്വകലാശാലയിലെ ബന്ധപ്പെട്ടവരുമായി ഒരു യോഗം ചേരുന്നതാണ്.

(22) <u>അടൂർ ചൂരക്കോട് സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ചൂരക്കോട് സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന അക്രമത്തിലെ കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> അടൂർ സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് 20-07-2008-ന് കോൺഗ്രസ് പ്രവർത്തകരായ പൊന്നച്ചൻ, സാംകുട്ടി എന്നിവരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ ഷിബു, പ്രശാന്ത്, ഗോപൻ എന്നിവരെ അറസ്റ്റു ചെയ്യുകയും മറ്റ് രണ്ടുപേരെ കൂടി പ്രതി ചേർത്ത് ക്രൈം 577/08 ആയി അടൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്നുതന്നെ കോൺഗ്രസ്സ് പ്രവർത്തകർ സി.പി.ഐ.(എം). പ്രവർത്തകരെ മർദ്ദിച്ചുവെന്നാരോപിച്ചുകൊണ്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(23) ഓടായിക്കൽ-ബീമ്പുങ്ങൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ.പി. അനിൽ കുമാർ: വണ്ടൂർ നിയോജകമണ്ഡലത്തിൽ മമ്പാട് പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ഓടായിക്കൽ-ബീമ്പുങ്ങൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): മമ്പാട് പഞ്ചായത്തിലെ ഓടായിക്കൽ-ബീമ്പുങ്ങൽ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും നാല് ലക്ഷത്തി മുപ്പതിനായിരം രൂപയുടെ എസ്റ്റിമേറ്റിന് ഗവൺമെന്റ് സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പര്യവേക്ഷണം പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(24) റിവർ മാനേജുമെന്റ് ഫണ്ട്

ശ്രീ. എം. ഹംസ: ഭാരതപ്പുഴയുടെ സംരക്ഷണവും കൂട്ടിലമുക്ക് തടയണ പദ്ധതിയും മണൽ കടവുകൾ അതാത് സമയത്ത് മാറ്റുന്നതുമുൾപ്പെടെയുള്ള പണികൾ റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ): കൂട്ടിലമുക്ക് തടയണ നിർമ്മാണത്തിനായി അർബൻ വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിട്ടി നാല് കോടി രൂപ ചെലവ് വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഭാരതപ്പുഴയെ സംബന്ധിച്ച് പാലക്കാട് ജില്ലയിൽ നിന്നും വിശദാംശം ചോദിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനും

അടുത്ത സംസ്ഥാനതല വിദഗ്ദ്ധ സമിതി യോഗത്തിൽ തന്നെ ഈ പ്രോജക്ട് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(25) റിസർച്ച് സെന്റർ

ശ്രീ. വി. എസ്. സുനിൽ കുമാർ: ഖാദി വസ്ത്ര നിർമ്മാണത്തിനാവശ്യമായ ചർക്ക, തറി, നൂൽ എന്നിവ ഉൽപാദിപ്പിക്കുന്ന ആവിണിശ്ശേരിയിലുള്ള കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ എന്ന സ്ഥാപനം ഖാദി വസ്ത്ര നിർമ്മാണത്തിനാവശ്യമായിട്ടുള്ള ഖാദിഗ്രാമ വ്യവസായ കേന്ദ്രത്തെ ഖാദി വസ്ത്ര നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങളുടെ വികസനത്തിനും ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള ഗവേഷണ കേന്ദ്രമാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): അഖിലേന്ത്യാ ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ആവിണിശ്ശേരിയിലെ ഖാദി ഗ്രാമ വ്യവസായ കേന്ദ്രത്തിൽ ഖാദി വസ്ത്ര നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങളുടെ കാലോചിതമായ പരിഷ്ക്കരണത്തിനും ആധുനികവൽക്കരണത്തിനുംവേണ്ടി പഠനം നടത്തുന്നതിനുള്ള റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷനെ സമീപിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

(26) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, ചേലക്കര, വടക്കാഞ്ചേരി, കൊടകര, ചാലക്കുടി തൃശ്ശൂർ മണ്ഡലങ്ങളിൽ അര നൂറ്റാണ്ടിലേറെയായി ഭൂമി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന മുഴുവൻ മലയോര കർഷകർക്കും പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, മുകുന്ദപുരം, തലപ്പിള്ളി താലൂക്കുകളിലായി പട്ടയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ അനുബന്ധ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിയമാനുസൃത പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി അർഹരായ മുഴുവൻ മലയോര കർഷകർക്കും പട്ടയം നൽകുന്നതിന് നടപടി ത്വരിതപ്പെടു ത്താൻ വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സമയ പരിധി നിശ്ചയിച്ച് പരമാവധി വേഗത്തിൽ മലയോര കർഷകരുടെ പട്ടയ പ്രശ്നം പരി ഹരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. വനവൽക്കരണത്തിന് പകരം കൊടു ക്കേണ്ട ഭൂമി ഇടുക്കി ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്.

(27) ആലപ്പുഴ കുടിവെള്ള പദ്ധതി

ശ്രീ. കെ.സി. വേണുഗോപാൽ: ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലും ദേശീയ പാതയോരത്തുകൂടി പൈപ്പ്ലൈൻ വലിക്കുന്നതിലുമുള്ള പ്രശ്നങ്ങൾ പരിഹരിച്ച് അതിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കണം. ഇതുമായി ബന്ധപ്പെട്ട യോഗങ്ങളിൽ പങ്കെടുക്കാൻ അവസരമുണ്ടാകണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ആലപ്പുഴ കുടി വെള്ള പദ്ധതിക്കുവേണ്ടി പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാ ക്കുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കേസ്സിന്മേൽ ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. റോഡ് വൈഡനിംഗിന്റെ ഭാഗമായി നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇൻഡ്യയുടെ അനുമതി ലഭിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതുകൊണ്ട് അലൈൻമെന്റ് മാറ്റി ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. റെയിൽവേ ലൈൻ ക്രോസ് ചെയ്യേണ്ട

അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്ന എംപവേർഡ് കമ്മിറ്റി എം.എൽ.എ.-യേയും എം.പി.യേയും ഇൻകോർപ്പറേറ്റ് ചെയ്ത് എത്രയുംവേഗം പുന:സംഘടിപ്പിക്കുന്നതാണ്.

(28) എക്സൈസ് സർക്കിൾ ഓഫീസിന് സ്വന്തമായി കെട്ടിടം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കരയിലെ എക്സൈസ് സർക്കിൾ ഓഫീസും എക്സൈസ് റേഞ്ച് ഓഫീസും വളരെ പഴക്കം ചെന്ന കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവ രണ്ടും പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(29) ഐ.ടി.ഐ.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഐ. ടി. ഐ. ഇല്ലാത്ത ഏകതാലൂക്കായ നെടുമങ്ങാട് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ജെ.റ്റി.എസ്. -നോട് ചേർന്ന് ഒരു ഐ.ടി.ഐ.തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സ്ഥലവും കെട്ടിടവുമുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യം സൗജന്യമായി ലഭ്യമാകുന്നപക്ഷം ഐ.ടി.ഐ. ആരംഭിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളും പ്രാദേശിക പിന്നോക്കാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് നെടുമങ്ങാട് ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(30) അനധികൃത മണൽ ഖനനം.

ശ്രീ. വി.ചെന്താമരാക്ഷൻ: ചിറ്റൂർ താലൂക്കിലെ കൊല്ലങ്കോട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ നടക്കുന്ന അനധികൃതമായ മണൽ ഖനനം

മൂലം പാരിസ്ഥിതിക പ്രശ്നങ്ങളും കുടിവെള്ളക്ഷാമവും രൂക്ഷമാകുന്നുണ്ട്; നെൽക്കൃഷി മേഖലയ്ക്കും തകർച്ചയുണ്ടാകുന്നു. പാവപ്പെട്ട ചുമട്ടുതൊഴിലാളികളെയാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുകയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കുകയും പരിസ്ഥിതി സംവിധാനത്തെ അട്ടിമറിക്കാനുള്ള ശ്രമം തടയുകയും ചെയ്യണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ നിബന്ധനകൾക്ക് വിധേയമായി മണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയുടെ പാരിസ്ഥിതിക നിലനിൽപ്പിനെത്തന്നെ തകിടം മറിക്കുന്നതും രൂക്ഷമായ കുടിവെള്ള ക്ഷാമത്തിനിടയാക്കുന്നതുമായ മണൽ ഖനനം നിരോധിക്കണമെന്നും മണൽ ലോറികൾ വൻതോതിൽ കടന്നുപോകുന്നതു മൂലം റോഡുകൾ തകരുകയും പുഴകളിലെ നീരൊഴുക്ക് കുറയുകയും പാടശേഖരങ്ങളിൽ വരൾച്ച ഉണ്ടാവുകയും ചെയ്യുന്നതിനാൽ മഴക്കാലത്ത് ഖനനം ചെയ്യുന്നതും കടത്തിക്കൊണ്ടുപോകുന്നതും നിരോധിക്കണമെന്ന ജില്ലാ വികസന സമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മണൽ ഖനനത്തിന് അനുമതി നൽകുന്നത് നിർത്തിവയ്ക്കുകയുണ്ടായി. നിലവിൽ ഖനനം പ്രാബല്യത്തിലില്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത ഖനനം നിറുത്തിവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(31) <u>വിനോദനികുതി</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സെവൻസ് ഫുട്ബാൾ ടൂർണമെന്റുകളുടെ വിനോദനികുതി പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി</u>): പൊതുതാൽപ്പര്യം മുൻനിറുത്തി ലാഭേച്ഛ കൂടാതെ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് വിനോദ നികുതി ഇളവു ചെയ്ത് കൊടുക്കാറുണ്ട്. സെവൻസ് ഫുട്ബാളിനും സാഹചര്യങ്ങൾക്കനുസരിച്ച് വിനോദ നികുതിയിൽ ഇളവ് നൽകിവരുന്നുണ്ട്. വിനോദ നികുതി പൂർണ്ണമായി ഒഴിവാക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ സാദ്ധ്യമല്ല.

(32) <u>ഈറ്റ വിതരണം</u>

<u>ശ്രീ. എ.സി. മൊയ്തീൻ</u>: ബാംബൂ കോർപ്പറേഷനിൽ നിന്ന് പട്ടികജാതിക്കാരായ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾവഴി കുറഞ്ഞ വിലയ്ക്ക് ഈറ്റ നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>): ബാംബൂ കോർപ്പറേഷൻ ലാഭം എടുക്കാതെ തൊഴിലാളികൾക്ക് ഈറ്റ വിതരണം ചെയ്യുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ട 1500 -ഓളം പേർക്ക് ഈറ്റ നൽകാനുള്ള പാസ്ബുക്ക് നൽകിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളിൽ പട്ടികജാതിയിൽപ്പെട്ട നിരവധി ആളുകൾ ജോലി ചെയ്തു വരുന്നു. മുള സംസ്ക്കരിക്കുന്നതിനുള്ള ഫീഡർ യൂണിറ്റുകൾ പ്രവർത്തനസജ്ജമാകുന്നതോടുകൂടി കൂടുതൽ പേർക്ക് തൊഴിലവസരമുണ്ടാകും. ഇതിൽ അൻപത് ശതമാനം പട്ടികജാതിക്കാരായിരിക്കും. ഈ

വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(33) ബസ് ടെർമിനൽ

ശ്രീ. കെ.ബാബു: കൊച്ചി നഗരത്തിലെ ഗതാഗത കുരുക്ക് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവിടെ പ്രവർത്തിച്ചുവരുന്ന ബസ് ടെർമിനൽ വൈറ്റിലയിലെ തെങ്ങ് ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വൈറ്റിലയിൽ തെങ്ങ് ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്ന സ്ഥലം കൈമാറുന്നത് സംബന്ധിച്ച് മുൻ അവസരങ്ങളിൽ നിരാകരിച്ച അതേ സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത്. ഇപ്പോൾ വീണ്ടും ഉന്നയിച്ച സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുമായി ഒരു പ്രാവശ്യം കൂടി ഇക്കാര്യത്തിൽ ചർച്ച നടത്തുന്നതാണ്.

(34) സംവരണ ഉത്തരവ് റദ്ദാക്കിയതു സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നരേന്ദ്രൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന സാമ്പത്തിക സംവരണം മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): നിലവിലുള്ള സംവരണം ആർക്കും കുറയാതേയും എന്നാൽ മുന്നോക്ക വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം

നിൽക്കുന്നവർക്കുകൂടി ലഭിക്കത്തക്ക വിധത്തിലും അനുവദിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് ഉചിതമായ തീരുമാനം കഴിയുന്നതും വേഗം കൈക്കൊള്ളുന്നതായിരിക്കും.

(35) <u>സ്റ്റേറ്റ് ഹൈവേയുടെ ശോച്യാവസ്ഥ</u>

<u>പ്രൊഫ. എൻ. ജയരാജ്</u>: കോട്ടയം-കോഴഞ്ചേരി സ്റ്റേറ്റ് ഹൈവേയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u>: കോട്ടയത്തേയും മലയോര പ്രദേശമായ പത്തനംതിട്ടയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കോട്ടയം-കോഴഞ്ചേരി സ്റ്റേറ്റ് ഹൈവേ 9-ന്റെ അറ്റകുറ്റപ്പണികൾക്കും ഉപരിതലം പുതുക്കുന്നതിനുമായി 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 68.75 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ലാന്റ് അക്വിസിഷനുവേണ്ടിയുള്ള അനുമതി നൽകുന്നതും പ്രാഥമിക നടപടികൾക്ക് തുടക്കം കുറിക്കുന്നതുമാണ്.

(36) <u>കൃഷി വകുപ്പിന്റെ പദ്ധതികൾ</u>

<u>ശ്രീ. എ.എം. യൂസഫ്</u>: ഇടപ്പള്ളി ടോളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് കൃഷിവകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> 1999-ൽ അടച്ചുപൂട്ടിയ ഇടപ്പള്ളിയിലെ നാളികേര വികസന കോർപ്പറേഷന്റെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കാതെ ഈ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിൽ നിയമതടസ്സങ്ങളുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന്

ധനകാര്യം, കൃഷി, റവന്യൂ വകുപ്പ് സെക്രട്ടറിമാരടങ്ങിയ ഒരു ഉന്നതാധികാര കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. പരിസരവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ട തിനെത്തുടർന്ന് അവിടെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ചുറ്റുമതിൽ കെട്ടുകയും കാവൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(37) <u>കടലാക്രമണ ഭീഷണി</u>

<u>ശ്രീ. ബി. ബാബുപ്രസാദ്</u>: ഹരിപ്പാട് ആറാട്ടുപുഴ പഞ്ചായത്തിൽ കടലാക്രമണത്തിൽ മരണപ്പെട്ട സുനിൽകുമാറിന്റെ കുടുംബത്തിന് സംരക്ഷണം നൽകുന്നതിനും കടൽഭിത്തി നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>: തികച്ചും ദൗർഭാഗ്യകരമായ ഒരു സംഭവമാണ് കഴിഞ്ഞദിവസം ആറാട്ടുപുഴയിൽ വട്ടച്ചാൽ കാർഗിൽ ജംഗ്ഷനു സമീപം ഉണ്ടായത്. ഈ വർഷം ജൂലായ് 22-ാം തീയതി മുതലാണ് രൂക്ഷമായ കടലാക്രമണമുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർ ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ ആ പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 23-7-08-ന് കടലാക്രമണം രൂക്ഷമായപ്പോൾ തകർന്നുവീഴുന്ന വീട്ടിൽനിന്ന് സുനിൽകുമാർ സാധനങ്ങൾ മാറ്റുന്നതിനിടയിൽ ഭിത്തി ഇടിഞ്ഞുവിണ് മരണപ്പെടുകയാണുണ്ടായത്. ഈ പ്രശ്നത്തിൽ ഇന്നലെ തന്നെ ക്യാബിനറ്റ് യോഗം ചേർന്ന് അടിയന്തിര

സഹായമെന്ന നിലയിൽ ഒരു ലക്ഷം രൂപ സുനിൽകുമാറിന്റെ കുടുംബത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആറാട്ടുപുഴ പഞ്ചായത്തിൽ ഏതാണ്ട് 20-കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശത്ത് അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(38) ഗുരുവായൂരിൽ ശുദ്ധജലക്ഷാമം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ:: ഗുരുവായൂരിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഗുരുവായൂർ ശുദ്ധജല വിതരണ പദ്ധതി 'യുഡിസ്മാറ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാനായി ഗവൺമെന്റ് ഓഫ് ഇൻഡ്യക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(39) കൃഷി ഇറക്കുന്നതിന് അടിയന്തിര സഹായം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ജില്ലയിലെ കുമരകം എം.എൻ. ബ്ലോക്ക് പാടശേഖരത്ത് കൃഷി ഇറക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനും കൃഷിക്കാർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 2007 ജൂൺ -ജൂലായ് മാസങ്ങളിൽ പെയ്ത കാലവർഷംമൂലം കുമരകം എം.എൻ. പാടശേഖരങ്ങളിലെ ബണ്ടുകൾ തകരുകയും നെൽപ്പാടങ്ങളിൽ ചെളി നിറഞ്ഞ് കൃഷിയോഗ്യമല്ലാതാകുകയും ചെയ്തിരുന്നു. പാടശേഖരങ്ങളിൽ നിന്ന് ചെളി നീക്കംചെയ്ത് ബണ്ടുകളുടെ കേടുപാടുകൾ തീർക്കുന്നതിന്

26-9-07-ലെ സർക്കാർ ഉത്തരവുപ്രകാരം 50-ലക്ഷത്തിലധികം രൂപ അനുവദിച്ചിരുന്നു. കുമരകം എം.എൻ. പാടശേഖരത്തിന്റെ പുറംബണ്ട് 2007-ഒക്ടോബറിലെ വെള്ളപ്പൊക്കത്തിൽ തകരുകയും അത് പുനർ നിർമ്മിക്കാൻ 1,86,000-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 22-11-2007-ൽ അനുമതിക്കായി കോട്ടയം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. റവന്യൂ വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(40) നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: അറവുശാലകളിലെ അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നതിനെതിരെ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ 5,000 രൂപവരെ പിഴ ചുമത്താനും വകുപ്പുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശിക്ഷ കൂടുതൽ കർശനമാക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ട്.

(41) മിച്ചഭൂമി കേസുകൾ തീർപ്പാക്കൽ

ശ്രീ. പള്ളിപ്രം ബാലൻ: മിച്ചഭൂമി ഏറ്റെടുക്കുന്ന സർക്കാർ നടപടികളെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകൾ സമയബന്ധിതമായി തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്തെ മിച്ചഭൂമിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി 359 കേസുകൾ നിലവിലുണ്ട്. ഉദ്ദേശം 18670 ഏക്കർ ഭൂമിയാണ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളത്. 1527 കേസുകൾ 63 താലൂക്ക് ലാന്റ് ബോർഡുകളിലായി തീർപ്പുകൽപ്പിക്കാനുണ്ട്. താലൂക്ക് ലാന്റ് ബോർഡുകൾ പുന:സംഘടിപ്പിച്ച് കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഹൈക്കോടതിയിൽ ഉള്ള കേസുകൾ തീർപ്പാക്കുന്നതിന് പ്രത്യേക ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(42) ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. പി.എം.എ. സലാം: കോഴിക്കോട് ജില്ലയിലെ നഗരം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോഴിക്കോട് ജില്ലയിലെ നഗരം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് പൊതുമരാമത്തു വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം പ്രസ്തുത കെട്ടിടം പണിയുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(43) അദ്ധ്യാപകനെ സ്ഥിരപ്പെടുത്തൽ

ശ്രീ. സാജുപോൾ: കാലടി സംസ്കൃത സർവ്വകലാശാലയിലെ അന്ധനായ അതിഥി അധ്യാപകൻ ഹരികൃഷ്ണനെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇക്കാര്യം സർവ്വകലാശാലയോട് അന്വേഷിച്ചപ്പോൾ ഹരികൃഷ്ണന്റേയോ മറ്റാരുടെയെങ്കിലുമോ അപേക്ഷ കിട്ടിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അപേക്ഷ കിട്ടുന്ന മുറയ്ക്ക് ഈ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

(44) പള്ളികളുടെ നേരെയുണ്ടായ ആക്രമണം

ശ്രീ. പി.സി. വിഷ്ണുനാഥ്: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പള്ളികൾക്കു നേരെയുണ്ടായ ആക്രമണവും മോഷണവും അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപെട്ട ചെറിയനാട് പഞ്ചായത്തിലെ സെന്റ് ജൂഡ് കാത്തലിക് ചർച്ചിൽ 21-7-08-ന് രാത്രിയിൽ കള്ളന്മാർ പള്ളിയുടെ വാതിൽ കുത്തിത്തുറന്ന് ഏകദേശം 17,800 രൂപയുടെ സാധനങ്ങൾ മോഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത കേസിന് ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വെൺമണി പ്രകാശഗിരി സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളിയിലും കള്ളൻമാർ രാത്രിയിൽ വാതിൽ പൊളിച്ച് അകത്തുകയറി ഏകദേശം 20,500 രൂപയുടെ സാധനങ്ങൾ മോഷ്ടിച്ചു. ഈ സംഭവത്തിലും ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

20-7-08-ന് രാത്രി മാവേലിക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട സെന്റ് കുര്യാക്കോസ് ഓർത്തഡോക്സ് പള്ളിയുടെ വാതിൽ പൊളിച്ച് കള്ളന്മാർ ഏകദേശം 22,540 രൂപയുടെ സാധനങ്ങൾ മോഷ്ടിച്ചു. പ്രസ്തുത കേസിൽ മാവേലിക്കര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ കേസുകളിലെല്ലാം ഡോഗ് സ്ക്വാഡിന്റെയും ഫിംഗർ പ്രിന്റ് എക്സ്പെർട്ട്സിന്റെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഒരു സ്പെഷ്യൽ സ്ക്വാഡിന് രൂപം നൽകി അന്വേഷണം നടത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(45) <u>മാതൃഭൂമി ഓഫീസിനു നേരെയുണ്ടായ ആക്രമണം</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u>: കോഴിക്കോട് മാതൃഭൂമി ഓഫീസിനു നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): പാർട്ടി ഓഫീസുകൾക്കും പത്രം ഓഫീസുകൾക്കും നേരെയുള്ള ആക്രമണം ഒരിക്കലും അനുവദനീയമല്ല. ഇക്കാര്യത്തിൽ മാതൃഭൂമി ചീഫ് സെക്യൂരിറ്റി ഓഫീസർ സെബാസ്റ്റ്യൻ തോമസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന കുറച്ച് മുസ്ലീം ലീഗ് പ്രവർത്തകരെ പ്രതിയാക്കി വിവിധ വകുപ്പുകൾ പ്രകാരം കോഴിക്കോട് ടൗൺ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(46) ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ സലീമിന്റെ മരണം

ശ്രീ.പി.ജയരാജൻ: തലശ്ശേരി-ന്യൂമാഹി പഞ്ചായത്തിലെ കിടാരംകുന്നിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ സലീമിനെ ആക്രമിച്ച് കൊലപ്പെടുത്തിയ കേസിലുൾപ്പെട്ടിട്ടുള്ള പ്രതികളെ കണ്ടെത്തി ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 23-07-2008 -ന് രാത്രി തലശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള തലശ്ശേരി-ന്യൂമാഹി എൻ.എച്ച്. റോഡിന്റെ വലതുവശത്തുള്ള ബസ് ഷെൽട്ടറിൽ ഡി.വൈ.എഫ്.ഐ. ന്യൂമാഹി വില്ലേജ് സമ്മേളനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ ഒട്ടിക്കാൻചെന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകരും ഇരുപതോളം വരുന്ന എൻ.ഡി.എഫ്. പ്രവർത്തകരും തമ്മിൽ പോസ്റ്റർ ഒട്ടിക്കുന്നതിനെച്ചൊല്ലി വാക്കു തർക്കമുണ്ടായതിനെത്തുടർന്ന് എൻ.ഡി.എഫ്. പ്രവർത്തകർ ഡി.വൈ.എഫ്.ഐ. പ്രവർത്തനായ ലത്തീഫ് നഫ്നാസിന്റെ തലയ്ക്കടിക്കുകയും സലീമിനെ കഠാരകൊണ്ട് കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. സലീമിനെ തലശ്ശേരി കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും രാത്രി 10.20-ഓടെ മരണപ്പെടുകയാണുണ്ടായത്. ചികിത്സയിൽ കഴിയുന്ന ലത്തീഫ് നഫ്നാസിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സംഭവസ്ഥലത്ത് പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

(47) കർക്കിടക വാവിനോടനുബന്ധിച്ച് ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ജോർജ് മേഴ്സിയർ: തിരുവല്ലം പരശുരാമ ക്ഷേത്രത്തിൽ ബലിതർപ്പണത്തിനെത്തിച്ചേരുന്ന ഭക്തർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പാർവ്വതീപുത്തനാറിൽനിന്നും മലിനജലം ഒഴുകിയെത്തുന്നത് തടയാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കർക്കിടക വാവിനോടനുബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ദേവസ്വം കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ബലിതർപ്പണം, തിലഹോമം തുടങ്ങിയ വഴിപാടുകൾക്കാവശ്യമായ രസീത് മുൻകൂറായി നൽകുന്നതാണ്. ഭക്തജനങ്ങളുടെ സൗകര്യാർത്ഥം താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിക്കാനും മറ്റ് പ്രാഥമിക കാര്യങ്ങൾക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിച്ചുവരികയാണ്. കൂടുതൽ യോഗ്യരായ പുരോഹിതരെ നിയോഗിക്കുന്നതാണ്. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ആരോഗ്യ വകുപ്പ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള ക്രമീകരണങ്ങളും ആരംഭിച്ചിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാരേയും നിയോഗിക്കുന്നതാണ്. തിക്കും തിരക്കും ഒഴിവാക്കാൻ ബാരിക്കേഡുകൾ നിർമ്മിക്കാനും പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താനും നടപടികൾ സ്വീകരിച്ചുവരികയാണ്. ദേവസ്വം ബോർഡ് ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതാണ്. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ബുക്ക്സ്റ്റാൾ ആരംഭിക്കുന്നതാണ്. കർക്കിടക വാവിനോടനുബന്ധിച്ച ക്രമീകരണങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന്

സ്ഥലം എം.എൽ.എ. ഉൾപ്പെടെ ഉദ്യോഗസ്ഥരുടെ ഒരു യോഗം 26-07-2008-ന് വിളിച്ചിട്ടുണ്ട്.

(48) തുറവൂർ സെന്ററിന്റെ കെട്ടിടനിർമ്മാണം

ശ്രീ. എ. എം. ആരിഫ്: തുറവൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംസ്കൃത സർവ്വകലാശാലയുടെ സെന്ററിന് സ്വന്തമായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവിടെ കെട്ടിടം പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : പ്രസ്തുത സെന്ററിന് കെട്ടിടം നിർമ്മിച്ചുനൽകുന്നതാണ്.

(49) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ പുതുക്കൽ

ശ്രീ. എം. കെ. പ്രേംനാഥ് :എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് ഒരു പ്രാവശ്യം സമയം നീട്ടികൊടുത്തതാണ്. ഇനിയും സമയം നീട്ടിക്കൊടുക്കുന്ന കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(50) ഉദ്യോഗസ്ഥർക്കെതിരെ നടപടി

ശ്രീ. രാജു എബ്രഹാം:സംസ്ഥാനത്തെ താലൂക്ക് വികസന സമിതികളിൽ പങ്കെടുക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : താലൂക്ക് തലവികസന സമിതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന്

കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഓരോ ഡെപ്യൂട്ടി കളക്ടർമാർക്കും ചുമതല കൊടുത്തിട്ടുണ്ട്. ഇത്തരം യോഗങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾകൂടി കൃത്യമായി പങ്കെടുക്കേണ്ടതുണ്ട്.

(51) ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകം

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിഞ്ഞാലക്കുട നിയോജക മണ്ഡലത്തിലെ തുരുത്തിപറമ്പ് വരപ്രസാദ പള്ളി വികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകത്തിന്റെ അന്വേഷണച്ചുമതല ക്രൈം ബ്രാഞ്ചിന് കൈമാറിയതിനുശേഷമുള്ള കേസിന്റെ സ്ഥിതിയെക്കുറിച്ച് വിശദമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഏറെ കോളിളക്കം സൃഷ്ടിച്ചതായിരുന്നു ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ കൊലപാതകം. തുരുത്തിപറമ്പ് വരപ്രസാദ മാതാ പള്ളിയിലെ വികാരിയായിരുന്ന അദ്ദേഹം 28-08-04-ന് ബംഗ്ലാവിന്റെ വരാന്തയിൽ കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തുകയും ചാലക്കുടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അനേഷണം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രഘുകുമാർ എന്ന പ്രതിയെ 07-09-2004-ൽ അറസ്റ്റ് ചെയ്തു. അയാൾ ജാമ്യത്തിലിറങ്ങിയിരിക്കുകയാണ്. പോലീസ് ആസ്ഥാനത്തുനിന്നുള്ള 08-09-2004-ലെ ഉത്തരവ് പ്രകാരം അന്വേഷണച്ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും 14-10-2005-ലെ സർക്കാർ നോട്ടിഫിക്കേഷൻ അനുസരിച്ച് കേസ് സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

(52) <u>പരീക്ഷാഭവന്റെ എക്സ്റ്റൻഷൻ സെന്റർ</u>

<u>ശ്രീ. യു. സി. രാമൻ :</u> പരീക്ഷാഭവന്റെ ഒരു എക്സ്റ്റെൻഷൻ സെന്റർ കോഴിക്കോട് ജില്ലയിൽ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> ഏറ്റവും അഴിമതി നടക്കുന്ന ഓഫീസാണ് പരീക്ഷാഭവൻ. ഇത് തിരുത്താനുള്ള ശ്രമം നടക്കുകയാണ്. 2008 മേയ് 31 വരെ ലഭിച്ച മുഴുവൻ പരാതികളിൻമേലും തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. ആഗസ്റ്റ് 15-ാം തീയതിയോടുകൂടി പൂർണ്ണമായും എല്ലാ പരാതികൾക്കും പരിഹാരം കാണുന്നതിന് ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. മലബാർ മേഖലയിൽ എക്സ്റ്റെൻഷൻ സെന്റർ തുടങ്ങണമെന്ന അഭ്യർത്ഥന ഡിജിറ്റൈസ് പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ആലോചിക്കുന്നതാണ്.

(53) <u>എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതി</u>

<u>ശ്രീ. വി. ഡി. സതീശൻ :</u> എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവുകൾക്കും ഭവനനിർമ്മാണ ലഘുലേഖകൾക്കും എതിരായി ഭവന നിർമ്മാണ ബോർഡിന് സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് വിശദമാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :</u> സംസ്ഥാനത്ത് ലക്ഷം വീട് പുനരുദ്ധാരണം രണ്ട് രീതിയിലാണ് നടപ്പിലാക്കുന്നത്. ഒന്നാമതായി പുതിയ വീട് നിർമ്മാണം എന്ന രീതിയിൽ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നു. ഇതിന് പുതിയ വീട് നിർമ്മാണത്തിനുള്ള സബ്സിഡി അനുവദനീയമാണ്. രണ്ടാമതായി വീടുകളുടെ പുനരുദ്ധാരണമാണ് ഏറ്റെടുത്തിട്ടുള്ളത്. വീട്

പുനരുദ്ധാരണത്തിനായി 15,000 രൂപയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ലക്ഷം വീട് റിപ്പെയറിംഗിനുവേണ്ടി 5,000 രൂപയായിരുന്നു സബ്സിഡി നൽകിക്കൊണ്ടിരുന്നത്. പുതിയ സ്കീം വന്നതിന്റെ അടിസ്ഥാനത്തിൽ 5,000 രൂപയുടെ സബ്സിഡി കൊടുക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

**ക്രമപ്രശ്നം**

ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുവാനുള്ള കാലതാമസം

ശ്രീ.കെ.സി. വേണുഗോപാൽ: വർഷങ്ങളായി പബ്ളിക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടെ ശുപാർശകൾക്ക് യഥാസമയം പൂർണ്ണമായി മറുപടി ലഭിക്കുന്നില്ല. അതുകൊണ്ട് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെൻറുകൾ പരിഗണനയ്ക്കെടുക്കുവാനോ റിപ്പോർട്ടുകൾ സമർപ്പിക്കുവാനോ സാധിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗുരുതരമായ ക്രമക്കേടുകളെക്കുറിച്ചുള്ള റിപ്പോർട്ടുകളായതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ മന:പൂർവ്വം അവ വൈകിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥരെ രക്ഷിക്കുകയാണ്. റിപ്പോർട്ട് വരുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിട്ടയർ ചെയ്താൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഗുരുതരമായ അഴിമതിയും ക്രമക്കേടും നടത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ രക്ഷിക്കാൻ വേണ്ടിയാണ് റിപ്പോർട്ടുകൾ വൈകിക്കുന്നത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): നിയമസഭാ സമിതിയുടെ

ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നു എന്നുള്ളത് വസ്തുതയാണ്. ഭാവിയിൽ ഇക്കാര്യത്തിൽ വീഴ്ച വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പാർലമെന്ററി പ്രവർത്തനം ശക്തവും കാര്യക്ഷമവുമാക്കുന്നതിന് നിയമസഭാ ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന കാര്യവും സർക്കാർ പരിശോധിക്കും.

**റൂളിംഗ്**

<u>മി.സ്പീക്കർ:</u> നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ നൽകണമെന്നാണ് ചട്ടം. എന്നാൽ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പത്ത് വർഷമായിട്ടും ലഭിക്കുന്നില്ലായെന്നുള്ളത് വളരെ ഗുരുതരമായ കൃത്യവിലോപമാണ്. പല ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിലും ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശ ഉണ്ടായിരിക്കും. പക്ഷേ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തുപോയിരിക്കും. യഥാസമയം നടപടി സ്വീകരിക്കാതെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തശേഷം അവർ റിട്ടയർ ചെയ്തതിനാൽ നടപടി എടുക്കാൻ ബുദ്ധിമുട്ടാണ് എന്നുള്ള പതിവ് ശൈലിയിലുള്ള മറുപടി പലപ്പോഴും സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വളരെ ഗൗരവമായി കാണുന്നു എന്നുള്ളത് നല്ല കാര്യമാണ്. ഈ സ്ഥിതി വിശേഷം മാറ്റിയെടുക്കാനുള്ള നടപടി സ്വീകരിക്കണം. അതിനാൽ നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകളുടെ സാംഗത്യത്തെ തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാനും ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി നൽകുന്നതിനു നടപടികൾ സ്വീകരിക്കണമെന്നും

അപ്രകാരം ചെയ്യാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നും ചെയറിന് അഭിപ്രായമുണ്ട്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണന

കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണന സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

**ക്രമപ്രശ്നം**

ശ്രീ. ജി.കാർത്തികേയൻ: ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ലിസ്റ്റ് ചെയ്യുകയോ അതിന്റെ കോപ്പി വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സഭ കൂടുന്ന എല്ലാ ദിവസവും ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തുന്നത് അനൗചിത്യമാണ്. സഭയുടെ ചട്ടങ്ങളേയും കീഴ്‌വഴക്കങ്ങളേയും ദുർവിനിയോഗം ചെയ്തുകൊണ്ട് ചെയർ നൽകിയ റൂളിംഗിന് വിരുദ്ധമായി ഇത്തരത്തിലുള്ള പ്രസ്താവനകൾ നടത്തുമ്പോൾ രാഷ്ട്രീയം കൂടി ഉൾപ്പെടുത്തുന്നത് സഭയോടുള്ള അവഹേളനമാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): മുഖ്യമന്ത്രി നടത്തിയ പ്രസ്താവന തികച്ചും ശരിയാണ്. റൂൾ 300 എന്നുള്ളത് മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കുമുള്ള പ്രത്യേക അവകാശമാണ്. സമ്മേളനത്തിന്റെ അവസാന ദിവസം വളരെയേറെ പ്രാധാന്യമുള്ള വിഷയം ചെയറിന്റെ സമ്മതത്തോടുകൂടിയാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്താനുള്ള അവകാശം ദുരുപയോഗം ചെയ്യുന്നത് ശരിയല്ല. നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരസ്യമായി സഭാനേതാവുതന്നെ ധിക്കരി

ക്കരുത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണം.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് സഭാസമ്മേളനം അവസാനിക്കുന്ന ദിവസമായതു കൊണ്ട് ഒരു പ്രധാനപ്പെട്ട വിഷയത്തെപ്പറ്റി റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതനു സരിച്ചാണ് അനുവദിച്ചത്. അതിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്യേണ്ടതാണ്. എല്ലാ അംഗങ്ങൾക്കും കോപ്പി നൽകിയതിനു ശേഷംമാത്രമേ റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്താൻ മേലാൽ അനുവദിക്കുകയുള്ളൂ.

(നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും ലംഘിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തിയെന്നാരോപിച്ചുകൊണ്ട് സർവ്വശ്രീ. ജി. കാർത്തികേ യൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങ ളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

**നിയമനിർമ്മാണകാര്യം**

(1) 2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ എതിർക്കുന്നു. നിയമസഭ പാസ്സാക്കുന്ന തുക യഥാസമയം ചെലവഴിക്കപ്പെടാതെ വലിയൊരു ശതമാനം ലാപ്സായിപ്പോവുകയാണ്. ഫണ്ട് മുഴുവൻ ചെലവഴിക്കാതെയും വികസന പദ്ധതികളും ക്ഷേമ പദ്ധതികളും ലക്ഷ്യത്തിലെത്താതെയുമുള്ള അച്ചടക്കമില്ലാത്ത ഒരു ഫിനാൻസ് മാനേജുമെന്റാണ് സംസ്ഥാനത്തുള്ളത്. 2007-08-ൽ അഡീഷണൽ തുകയായ 6950 കോടി രൂപയിൽ 1237.5 കോടി രൂപ ചെലവഴിക്കാതെ പോയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുകടവും പലിശയും വർദ്ധിച്ചുവരുന്നു. നികുതി/നികുതിയേതര മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുന്ന തുകയിൽ നല്ലൊരുശതമാനം ശമ്പളത്തിനും പലിശയ്ക്കുമായി നൽകിക്കഴിഞ്ഞാൽ വികസന ആവശ്യങ്ങൾക്കുവേണ്ടി ചുരുങ്ങിയ തുകമാത്രമാണ് ചെലവഴിക്കുന്നത്. സംസ്ഥാനത്ത് നികുതി കുടിശ്ശിക വർദ്ധിച്ചുവരുന്നു. വൈദ്യുതി ചാർജ്ജ്, വിൽപ്പന നികുതി, ലോട്ടറി ടാക്സ് തുടങ്ങിയ ഇനങ്ങളിലായി കോടിക്കണക്കിന് രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. വ്യാജ 'സി'ഫോറവും വ്യാജ മുദ്രപ്പത്രങ്ങളും വ്യാപകമായിരിക്കുന്നു. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും കഴിയണം. എല്ലാ രംഗങ്ങളിലും കേരളം തകർച്ച

നേരിട്ടുകൊണ്ടിരിക്കുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ന്യൂനപക്ഷ വിഭാഗത്തിന്റെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വാഗ്ദാനങ്ങൾ നൽകുന്നതല്ലാതെ പ്രായോഗികമായി ഒരു കാര്യവും നടപ്പിലാക്കുന്നില്ല. ജീവിതച്ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗതി പെൻഷനുകൾ, അനാഥാലയങ്ങളുടെ ഗ്രാന്റ് എന്നിവ വർദ്ധിപ്പിക്കണം. ക്ഷേമ പദ്ധതികൾ നടപ്പാക്കണം സാങ്കേതിക കാരണങ്ങളാൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വർക്കുകളുടെ പാക്കേജ് തയ്യാറാക്കി പുതിയ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഫണ്ട് നൽകി അവ സമയബന്ധിതമായി പൂർത്തിയാക്കണം. പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കടാശ്വാസ പദ്ധതിക്കും സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനും ആവശ്യമായ ഫണ്ട് നീക്കിവയ്ക്കണം.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്രാവിഷ്കൃത ഫണ്ടായി കേരളത്തിന് രണ്ടുലക്ഷം കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിൽ ബഡ്ജറ്റിൽ 1.20 ലക്ഷം കോടി രൂപയാണുള്ളത്. ഗവൺമെന്റ് ജീവനക്കാർക്ക് അക്ഷയ സ്കീം അനുസരിച്ചുള്ള പരിശീലനം നൽകുക, റവന്യൂ മെഷിനറി സ്ട്രെങ്ത്തൻ ചെയ്യുക, ലാൻഡ് റിക്കോർഡുകൾ അപ്ഡേറ്റ് ആക്കുക തുടങ്ങി ബഡ്ജറ്റിൽ പറയുന്ന 67 ഹെഡ്ഡുകൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. കേരളത്തിൽ 253080 ഹെക്ടറിലാണ് നെൽകൃഷിയുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 50,000 ഹെക്ടർകൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 2010 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാകുന്ന അവസ്ഥയിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരും. കേന്ദ്ര

ഗവൺമെന്റിന്റെ തെറ്റായ ആഗോളവൽക്കരണ നിലപാടിന്റെ ഫലമായി ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിക്കുന്നു. ബാങ്കുകളിലെ പ്രൊഡക്ഷൻ ക്യാപിറ്റലിനെ ഫൈനാൻസ് ക്യാപിറ്റലാക്കി മാറ്റുന്ന പ്രക്രിയ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുമ്പോൾ കൃഷി തകരുകതന്നെ ചെയ്യും. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനം മൂലമാണ് ഇന്ത്യയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയാതെപോയത്. അതേസമയം സംസ്ഥാന ഗവൺമെന്റ് കൃഷിയിൽ കൂടുതൽ ഊന്നൽ നൽകിക്കൊണ്ടാണ് മുന്നോട്ടു പോകുന്നത്. കപട ആത്മീയവാദികളെ കയ്യാമം വയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞപ്പോൾ കേന്ദ്രഗവൺമെന്റ് അത്തരക്കാരെ പ്രോത്സാ ഹിപ്പിക്കുകയാണ് ചെയ്യുന്നത്. ശരിയായ ദിശാബബോധത്തോടുകൂടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. പി.സി. ജോർജ്</u>: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളൊന്നും പാലിക്കാൻ കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മെർക്കിൻസ്റ്റൺ, എച്ച്.എം.ടി. ഭൂമിയിടപാടുകൾ, ട്രാവൻകൂർ റയോൺസിന്റെ ഭൂമി കച്ചവടം എന്നിവയി ലൊന്നുംതന്നെ നീതിബോധത്തോടുകൂടി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് ടെണ്ടർ ചെയ്ത മീനച്ചൽ റിവർവാലി പദ്ധതി ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഗവൺമെന്റിന്റെ തെറ്റായ നയസമീപനമാണ് എല്ലാ രംഗങ്ങളിലും പ്രതിഫലി ക്കുന്നത്.

<u>ശ്രീ. കെ. അജിത്</u>: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലി ക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാടിന്റെ

പുരോഗതിക്കായി ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കി. വികസന പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പിൽ കൊണ്ടുവന്ന മാറ്റങ്ങൾ സ്വാഗതാർഹമാണ്. വൈക്കം നിയോജകമണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന സിവിൽസ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാനും നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനും എം.എൽ.എ. ഫണ്ടുപയോഗിച്ച് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും കഴിഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളിലൂടെ ജനസമ്മതി നേടിയെടുക്കാനും കാർഷിക രംഗത്തും തൊഴിൽ മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. ഇൻഡോ അമേരിക്കൻ ആണവകരാറിലൂടെ ഇന്ത്യൻ ജനാധിപത്യത്തെ കേന്ദ്ര ഗവൺമെന്റ് അമേരിക്കയ്ക്ക് അടിയറ വച്ചിരിക്കുകയാണ്. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ പൊതുവികാരമാണ് സഭയിൽ പ്രകടമാക്കിയത്.

ശ്രീ. ജോസ് തെറ്റയിൽ: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലിക്കുന്നു. ഇന്ത്യൻ കാർഷികമേഖലയുടെ വളർച്ചയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ജി.ഡി.പി.-യുടെ വളർച്ചാനിരക്ക് 8.7 ശതമാനമായും വ്യാവസായിക വളർച്ചാനിരക്ക് 9 ശതമാനമായും, ഭക്ഷ്യോല്പാദന നിരക്ക് 22 ലക്ഷം ടണ്ണായും കുറഞ്ഞിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള മൂന്നാം ദേശീയ കുടുംബാരോഗ്യ സർവ്വേ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 49.9 ശതമാനം കുഞ്ഞുങ്ങൾക്ക് പോഷകാഹാരക്കുറവുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏഴു ലക്ഷത്തോളം

കുട്ടികൾ ഉദരരോഗം മൂലം മരണമടയുകയാണ്. 20 ലക്ഷത്തോളം ആളുകൾ ക്ഷയരോഗബാധിതരാണ്. ഉദാരവൽക്കരണം കൂടുതൽ വേഗത്തിൽ നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് കേന്ദ്ര സർക്കാർ. ഈ ഗവൺമെന്റ് വന്നതിനുശേഷം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 19 ശതമാനം വർദ്ധിപ്പിക്കാനും കരാറുകാരുടെ കുടിശ്ശികകൾ കൊടുത്തു തീർക്കാനും കഴിഞ്ഞു. 2007-08-ൽ റവന്യൂ കമ്മി 4118 കോടി രൂപയിൽ നിന്നും 3147 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞു.

<u>ശ്രീ.വി. സുരേന്ദ്രൻ പിള്ള</u>: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലിക്കുന്നു. പ്രകൃതിക്ഷോഭം മൂലം കേരളത്തിനുണ്ടായ നഷ്ടം നികത്താൻ ഒരു സഹായവും നൽകാത്ത കേന്ദ്ര ഗവൺമെന്റ് നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. എല്ലാവർക്കും നന്മവരണമെന്നാഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ്, ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഒരു സ്റ്റേറ്റ്മെന്റ് സഭയിൽ അവതരിപ്പിക്കുമ്പോൾ അതിനെ എതിർക്കുന്നത് ശരിയല്ല.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം:</u> ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിൽ ഒരു ഫൈനാൻഷ്യൽ സ്റ്റെബിലിറ്റിയുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. വികസന പ്രവർത്തനങ്ങൾക്കു വേണ്ടി രണ്ടു കോടി രൂപ എം.എൽ.എ. ഫണ്ട് അനുവദിച്ച ഗവൺമെന്റ് നടപടിയെ സ്വാഗതം ചെയ്യുന്നു. ഫയലുകളിലെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി സെക്രട്ടേറിയറ്റ്, കളക്ടറേറ്റ്,

താലൂക്ക് ഓഫീസ് എന്നിവയെ ബന്ധപ്പെടുത്തി താലൂക്ക് ഓഫീസുകളിൽ ഒരു ടച്ച് സ്ക്രീൻ കമ്പ്യൂട്ടർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ സഹായകരമായ പദ്ധതികൾ കൊണ്ടു വരുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. പദ്ധതി പണം ചെലവഴിക്കുന്നതിൽ മാപ്പർഹിക്കാത്ത അലംഭാവമാണ് കാണിച്ചിരിക്കുന്നത്. 2006-07-ലെ സി ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ 3882 കോടി രൂപ വിവിധ വകുപ്പുകൾ ചെലവഴിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക വികസന പദ്ധതികൾക്ക് ചെലവഴിച്ചത് 65 ശതമാനം തുക മാത്രമാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ 50 ശതമാനമാണ് വിനിയോഗിച്ചത്. ശുദ്ധജല വിതരണത്തിന് നീക്കി വച്ച തുകയിൽ 37 ശതമാനവും പാഴായിപ്പോയി. കൃഷിക്ക് അനുവദിച്ച തുകയിൽ 231 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 27 ശതമാനം മാത്രമാണ് ചെലവാക്കിയത്. നിരുത്തരവാദപരമായ സമീപനമാണ് വികസനകാര്യങ്ങളിൽ ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ധനകാര്യവർഷത്തിന്റെ അവസാന നാളുകളിൽ ധൃതിപിടിച്ച് ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ അനുകൂലിക്കുന്നു. ബിൽ ഏകകണ്ഠമായി അംഗീകരിച്ചു കൊടുക്കണം. അനുവദിച്ച പണം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. നാടിന്റെ വികസന

പ്രവർത്തനങ്ങൾ ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കാതിരിക്കാൻ ശ്രദ്ധിക്കണം. പദ്ധതികൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന പ്രവണത അവസാനിപ്പിക്കണം. 100 ശതമാനം കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്ക് പണം ചെവാക്കുന്നതിന് ധനകാര്യവകുപ്പിന്റെ അനുവാദം ആവശ്യമില്ല. എന്ന തീരുമാനം സ്വാഗതാർഹമാണ്. ഗ്രാമീണ ഭൂരഹിത കുടുംബങ്ങൾക്ക് വേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതിയും 14 ജില്ലകളിലേയും കൃഷിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും വികലാംഗരായ പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതിയും സ്വാഗതാർഹമാണ്. കേരളത്തിലെ പ്രതിശീർഷ വരുമാനം ദേശീയ വരുമാനത്തെക്കാൾ കൂടുതലാണ്. ആഗോളീകരണം നടപ്പിലാക്കിയതിന്റെ ഫലമായി രണ്ടു ലക്ഷത്തിലേറെ കൃഷിക്കാർ ആത്മഹത്യ ചെയ്തു. രാജ്യത്തിനു ദോഷകരമായ ഇൻഡോ ആണവ കരാറുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോവുകയാണ്. ഇടതുപക്ഷപാർട്ടികൾ ഒപ്പിട്ട കോമൺ മിനിമം പ്രോഗ്രാം കേന്ദ്ര സർക്കാർ ലംഘിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കോമൺ മിനിമം പരിപാടിക്ക് എതിരാണ് ആണവകരാർ എന്നതിനാലാണ് അതിനെ എതിർക്കുന്നത്. സംസ്ഥാനത്തെ സമഗ്ര വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നതിൽ അപാകതയില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ധനവിനിയോഗ (17-ാം നമ്പർ) ബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിലൂടെ അനുവദിച്ച പണം എങ്ങനെ ചെലവാക്കിയെ ന്നത് വ്യക്തമാക്കണം. 2006-2007-ൽ പാസ്സാക്കിയ 8823 കോടി രൂപ ഈ ഗവൺമെന്റിന് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ്, എക്സൈസ്, പബ്ളിക് വർക്ക്സ്

ഡിപ്പാർട്ടുമെന്റ്, പബ്ളിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ്, വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ തുടങ്ങിയ വകുപ്പുകൾക്ക് ബഡ്ജറ്റിൽ പാസ്സാക്കിയ തുക ചെലവഴിക്കാൻ കഴിയാതെ വീണ്ടും സപ്ളിമെന്ററി ഗ്രാന്റ് കൊണ്ടുവന്നിരിക്കുന്നു. 2007-2008-ലെ വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവച്ച തുകയെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും തന്നിരിക്കുന്നത്. കിട്ടിയ പണം ചെലവഴിക്കാതെ റവന്യു കമ്മി കുറഞ്ഞുവെന്ന് വാദിക്കുന്നതിൽ അർത്ഥമില്ല. ഇൻഡ്യ, ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അമേരിക്കയുടെ സഹായം വാങ്ങിക്കൊണ്ടാണ് പഞ്ചവൽസര പദ്ധതികളിലൂടേയും ഗ്രീൻ റെവല്യൂഷനിലൂടേയും ഭക്ഷ്യ രംഗത്ത് മുന്നേറ്റം നടത്തിയിട്ടുള്ളത് എന്ന് ആണവകരാറിനെ എതിർക്കുന്നവർ മനസ്സിലാക്കണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ തകർക്കാൻ ആർക്കും കഴിയില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ധനവിനിയോഗ (17-ാം നമ്പർ) ബില്ലിന്റെ ചർച്ചയും വോട്ടെടുപ്പും കഴിയുന്നതോടുകൂടി 2008-2009 വർഷത്തെ ബഡ്ജറ്റിംഗ് പ്രക്രിയ പര്യവസാനിക്കുകയാണ്. ഡിമാന്റുകളിൻമേലും ധനകാര്യ ബില്ലിൻമേലും വളരെ ഫലപ്രദമായ ചർച്ചകളാണ് നടന്നത്. മൂലധനച്ചെലവ് ഉയർത്തുന്നതിന് ബോധപൂർവ്വമായ ശ്രമം നടന്നിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരം ഒരു ശതമാനം വരുന്ന മൂലധനച്ചെലവ് രണ്ട് ശതമാനമായിട്ടെങ്കിലും ഉയർത്തണമെന്നാണ് കരുതുന്നത്. സഭ അനുവദിക്കുന്ന പണം പലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഭരണ പരിഷ്ക്കാരങ്ങൾ നടത്തുന്നതാണ്. ഈ വർഷം ഭരണ പരിഷ്ക്കാരം പ്രായോഗികമാക്കാൻ തുടങ്ങുന്ന വർഷമായി മാറുമെന്ന് ഉറപ്പുണ്ട്. സഭ പാസ്സാക്കുന്ന പണം മുൻകാലങ്ങളിലേക്കാൾ ഫലപ്രദമായി

വിനിയോഗിക്കാൻ കഴിയും 2006-2007-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന 28,221 കോടി രൂപയിൽ 21,026 കോടി രൂപയേ ചെലവാക്കിയിട്ടുള്ളൂവെന്ന പരാമർശം വന്നു. 28,221 കോടി രൂപ എന്നത് ശമ്പളപരിഷ്ക്കരണത്തിന്റെ ഭാഗമായി വച്ചിരുന്നതുംകൂടി ഉൾപ്പെട്ടതായിരുന്നു. ഈ ചെലവ് 2006-2007-ൽ ഉൾപ്പെടുത്തുന്നതിനുപകരം അടുത്ത ഫിനാൻസ് കമ്മീഷന്റെ ബേസ് ഇയറായ 2007-2008-ൽ ഉൾപ്പെടുത്തിയതാണ്. എല്ലാകാലത്തും എക്സസ് സേവിംഗ്സും എക്സ്പെന്റിച്ചറും ഉണ്ടാകും. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ ഭാഗമായി ഈ പോരായ്മകൾ നികത്താവുന്നതാണ്. കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനത്തിന്റെ ഫലമായുള്ള വിലക്കയറ്റം സംസ്ഥാനങ്ങൾക്കുമേൽ വലിയ ഭാരമാണ് ഉണ്ടാക്കിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ വന്നിരിക്കുന്ന മാറ്റത്തിന്റെ ഫലമായി ആണവകരാറിൽ ഒപ്പിടുമെന്ന പ്രഖ്യാപനം മാത്രമല്ല ഫിനാൻഷ്യൽ സെക്ടറിൽ റിഫോംസ് മുന്നോട്ടു കൊണ്ടുപോകാനും നവരത്ന കമ്പനികളുടെ ഷെയറുകൾ വിൽക്കാനും പോകുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ എതിർപ്പുമൂലം മാറ്റിവച്ചിരുന്ന എല്ലാ കാര്യങ്ങളും യു.പി.എ സർക്കാർ നടപ്പിലാക്കാൻ പോകുകയാണ്. രാജ്യതാല്പര്യം സംരക്ഷിക്കുകയും പരമാധികാരം നിലനിറുത്തുകയും ചെയ്തുകൊണ്ട് പരമിതികൾക്കുള്ളിൽനിന്നുകൊണ്ട് ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ടുവരാനും വളർച്ചയുടെ നേട്ടം സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാനും കഴിയണം. പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ 1980-നുശേഷം സംസ്ഥാനങ്ങൾ തമ്മിൽ വളരെ അകന്നുകൊണ്ടിരിക്കുകയാണ്. അസമത്വം വർദ്ധിച്ചുവരുന്നു. കാർഷിക മേഖല വളരുന്നില്ല. വളർച്ച

നഗരങ്ങളെ കേന്ദ്രീകരിച്ച് നിൽക്കുന്നു. യു.പി.എ.യുടെ പുതിയ സാമ്പത്തിക നയംമൂലം നാട്ടിൽ സംഘർഷം ഉണ്ടാകാൻ പോകുകയാണ്.

2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 26-നെതിരെ 50 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**തടസ്സവാദം**

കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം

ശ്രീ. ആര്യാടൻ മുഹമ്മദ് : കേന്ദ്ര ഗവൺമെന്റിന്റെ നിയമത്തിനു വിരുദ്ധമായി സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ പാടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 251 അനുസരിച്ച് ഈ സഭയ്ക്ക് അതിനുള്ള അധികാരമില്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങിയെന്നാണ് മന്ത്രി പറയുന്നത്. കേന്ദ്ര ഗവൺമെന്റ് അങ്ങനെ അനുവദിച്ചാൽ അത് ബുള്ളറ്റിനായി ഇറക്കണം. ബുള്ളറ്റിൻ ഇതുവരെ ഇറക്കിയിട്ടില്ല.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : ഭരണഘടനയുടെ ആർട്ടിക്കിൾ 251 പ്രകാരം മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. എന്നാൽ അതിനുശേഷമുള്ള ആർട്ടിക്കിൾ 252-ഉം 254(2)-ഉം പ്രകാരം കൺകറന്റ് ലിസ്റ്റിൽ വരുന്നത് എന്നുള്ള നിലയിൽ സംസ്ഥാനത്തിന്റെ ചില പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്ത് നിയമ നിർമ്മാണം നടത്താം. നിയമ നിർമ്മാണം നടത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങണം. അതിനുശേഷമാണ് ബിൽ നിയമസഭ പരിഗണിക്കുന്നത്. ഇവിടെ നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട്.

മി. സ്പീക്കർ : മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒബ്ജക്ഷൻ നിലനിൽക്കുന്നില്ല.

ശ്രീ. എം. മുരളി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളുടെ പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് വിവരമൊന്നുമില്ലായെന്ന് ഗവൺമെന്റ് പ്ളീഡർ ഹൈക്കോടതിയെ അറിയിച്ചത് ഖേദകരമാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പി.ജി. കോഴ്സുകൾക്ക് പരിമിതമായ സീറ്റുകളാണ് ഉള്ളത്. ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി രൂപീകരിച്ചുകൊണ്ട് 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും മറ്റ് മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് പരമാവധി അവസരം നൽകണം. ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ എൻട്രി കേഡറിലുള്ള അധ്യാപക നിയമനത്തിന് യോഗ്യതയായി എം.ബി.ബി.എസ്. ഫിക്സ് ചെയ്യേണ്ടിവന്നിരിക്കുകയാണ്. യോഗ്യരായ പി.ജി. അധ്യാപകരെ ലഭിക്കുന്നില്ലെന്നുള്ളത് ഗതികേടാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളിലും

ഹെൽത്ത് ഡിപ്പാർട്ടുമെന്റിലും ഇ.എസ്.ഐ. ആശുപത്രികളിലും എം.ബി.ബി.എസ്. ഡോക്ടർമാരെ ലഭിക്കാത്ത സാഹചര്യത്തിൽ കോൺട്രാക്ട് നിയമനം നടത്തേണ്ട ഗതികേട് വന്നിരിക്കുകയാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മൂന്ന് വർഷത്തിനുള്ളിൽ അധ്യാപകരില്ലാത്ത സാഹചര്യമുണ്ടാകും. മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ച് പി.ജി.കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ആരംഭിക്കാനുള്ള അവസരം ഉണ്ടാക്കണം. ഗവൺമെന്റിന്റെ കർശനമായ സാമൂഹ്യ നിയന്ത്രണത്തോടെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെങ്കിൽ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള അവസരം സൃഷ്ടിക്കണം. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കൺസെപ്റ്റ് ലോകമെമ്പാടും മാറുകയാണ്. ആദ്യ വർഷത്തെ ബേസിക് തീയറി സ്വയം ക്ലിനിക്കൽ സൈഡിലൂടെ ആർജ്ജിച്ച് പഠിക്കുകയാണെങ്കിൽ ഒരു ഗൈഡിന്റെ സഹായം മാത്രം അവർക്ക് മതിയാകും. രണ്ടുമൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്യൂട്ടർമാരുടെ ക്ഷാമമുണ്ടാകും. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പി.ജി. -ക്കാരെ വാർത്തെടുക്കാനുള്ള സന്ദർഭം ഉണ്ടാകണം. ശമ്പള സ്കെയിലിന്റെ കാര്യത്തിൽ ഡോക്ടർമാർക്ക് പ്രത്യേക പരിഗണന നൽകണം. ഡോക്ടർമാരുടെ സേവനം വ്യത്യസ്തമായി കണ്ടുകൊണ്ട് അവർക്ക് മതിയായ പ്രതിഫലം കൊടുക്കാൻ നയപരമായ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണം. കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ രംഗം ഏകീകൃതമായി മുന്നോട്ടുപോകാനും നിലവാരത്തകർച്ചയിൽനിന്നും സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരാനും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാനും കഴിയണം. ഡോ.

ഇക്ബാൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്ത് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് എത്രയും വേഗം നയപരമായ തീരുമാനം എടുക്കണം. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ ഗവൺമെന്റ് പ്ലീഡർ അജ്ഞത നടിച്ചതിനെക്കുറിച്ച് പരിശോധിക്കണം. നിയമ വകുപ്പുമായി ആലോചിച്ച് ഇ.എസ്.ഐ.-യിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് പി.ജി. കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടാനുള്ള അവസരമുണ്ടാക്കണം. എസ്.സി/എസ്.ടി സർവ്വീസ് ക്വാട്ടയിൽ വരുന്ന അപേക്ഷകർക്ക് അഞ്ച് ശതമാനം മാർക്ക് റിലാക്സ് ചെയ്ത് കൊടുക്കുന്ന കാര്യം സർക്കാർ ആലോചിക്കണം. സർവ്വീസിലെ സീനിയോറിറ്റിയോടൊപ്പം ക്വാണ്ടം ഓഫ് വെയിറ്റേജ് കൊടുക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത് ദുരുപയോഗപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. റൂറൽ ഏരിയായും ഡിഫിക്കൽറ്റ് റൂറൽ ഏരിയായും ഫിക്സ് ചെയ്യുമ്പോൾ ദുരുപയോഗം ചെയ്യാതിരിക്കാനുള്ള വ്യവസ്ഥ പേരന്റ് ആക്ടിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റേയും രാഷ്ട്രപതിയുടേയും അംഗീകാരം നേടാൻ ശ്രമിക്കണം. റൂൾസുണ്ടാക്കുമ്പോൾ അത് തീരുമാനിക്കാമെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാകരുത്. 40 ശതമാനം സീറ്റുകൾ ബില്ലിൽ പറയുന്ന മാനദണ്ഡ ങ്ങൾക്കനുസരിച്ച് കൊടുക്കണമെന്ന തീരുമാനത്തോട് യോജിക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ നിയമത്തിനനുകൂലമായ ഒരു സമീപനം സ്വീകരിച്ചതിന് കാരണം പ്രതിസന്ധികളെ ഒന്നൊന്നായി കണ്ട് അതിന് പരിഹാരം തേടുന്നുവെന്നുള്ളതാണ്. ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ഇതിലെ സാധ്യതകൾ മനസ്സിലാക്കി കൂടുതൽ ഡോക്ടർമാർ പൊതുജനാ

രോഗ്യ രംഗത്ത് കടന്നു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്ടിനെ മറികടക്കുന്ന ഒരു നിയമം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കൊണ്ടുവരേണ്ടി വന്നപ്പോൾ അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചതിന് സഭ നന്ദി രേഖപ്പെടുത്തണം. രണ്ടു വർഷത്തിന് മുമ്പ് തമിഴ്നാട് സർക്കാർ ഇത്തരത്തിൽ ഒരു ആക്ട് പാസ്സാക്കി. ബില്ലിലെ 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സെലക്ഷൻ കമ്മിറ്റിയിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ അധികമായി ഉൾപ്പെടുത്തുകയോ അല്ലെങ്കിൽ ഒരു ജോയിന്റ് ഡയറക്ടറെ ഒഴിവാക്കി പകരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ ഉൾപ്പെടുത്തുകയോ ചെയ്യണം. Other systems of Medicine-നെയും കൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ഡെഫനിഷനിൽ പറയുന്ന difficult rural area-യുടേയും rural area -യുടേയും പരിധി വർദ്ധിപ്പിക്കുകയും കൂടുതൽ ആകർഷകത്വം ഉണ്ടാക്കിയെ ടുക്കുകയും ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അപേക്ഷ കൾക്ക് നിലവിലുള്ള റിലാക്സേഷനു പുറമേ 5 ശതമാനം റിലാക്സേഷൻ കൂടി അനുവദിക്കണം. മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധിപ്പിച്ചുകൊ ണ്ടുള്ള തീരുമാനം പുന:പരിശോധിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉണ്ടായിരുന്ന ഫീസ് നിലനിറുത്തണം. ബില്ലിലെ നല്ല നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. റൂറൽ ഏരിയായിലും ഡിഫിക്കൽറ്റ് റൂറൽ ഏരിയായിലും ഡോക്ടർമാർ കടന്നുചെല്ലാൻ മടിക്കുന്ന സ്ഥലങ്ങളിൽ അവരുടെ സേവനം ലഭ്യമാക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കാഷ്വാലിറ്റി

വിഭാഗത്തിൽ ഡോക്ടർമാരെ ലഭിക്കാൻ പ്രയാസം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. നിയമം അനുവദിക്കു മെങ്കിൽ കാഷ്വാലിറ്റി വിഭാഗത്തിനുകൂടി റൂറൽ ഏരിയായ്ക്കും ഡിഫിക്കൽറ്റ് റൂറൽ ഏരിയായ്ക്കും കൊടുത്തിട്ടുള്ള പരിഗണന ലഭ്യമാക്കണം. 40 ശതമാനം റിസർവേഷൻ കൊടുത്ത് പി.ജി. കോഴ്സ് പാസ്സായിവരുന്ന ഡോക്ടർമാരുടെ സേവനം സർക്കാർ ആശുപത്രികളിൽ ഉറപ്പു വരുത്തണം. ഇക്കാര്യത്തിൽ കർശനമായ വ്യവസ്ഥകൾ വയ്ക്കുകയും അഞ്ച് ലക്ഷം രൂപയുടെ ബോണ്ട് വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയും ചെയ്യണം. ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഡോക്ടർമാരുടെ സേവനം നിർബ്ബന്ധമാക്കണം. സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കണം.

<u>ശ്രീ. എ.പി. അനിൽകുമാർ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആരോഗ്യമേഖലയിലെ ഡോക്ടർമാർക്കുവേണ്ടി പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള നല്ലൊരു ചുവടുവയ്പായാണ് ഈ ബില്ലിനെ കാണുന്നത്. ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. അഡ്മിഷനുവേണ്ടിയുള്ള ക്വാളിഫിക്കേഷന്റെ കാര്യത്തിൽ തീരുമാനമെടുത്തതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. നിയമത്തിലൂടെ അക്കാര്യത്തിന് പരിഹാരം കാണണം. ഗവൺമെന്റിന്റെ സഹായത്തോടെ പഠിച്ച് ഡോക്ടർമാരാകുന്ന വ്യക്തികൾ സമൂഹത്തോട് ഒരു പ്രതിബദ്ധതയുമില്ലാത്ത രീതിയിൽ പെരുമാറുന്നത് അനുവദിക്കാൻ പാടില്ല. കഴിഞ്ഞ വർഷം മെരിറ്റ് സീറ്റ് ലഭിക്കാത്തതിന്റെ പേരിൽ

എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിഭാഗത്തിലെ ധാരാളം കുട്ടികൾക്ക് പഠിക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായിരുന്നു. സാമ്പത്തികം മാത്രം മാനദണ്ഡമായി സ്വീകരിച്ച് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടാൻ ഇടവരരുത്. സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനിലും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് മെരിറ്റിൽ അഡ്മിഷൻ ലഭിക്കണം. എം.ബി.ബി.എസ്. ഡോക്ടർമാർക്ക് പി.ജി.-ക്ക് പഠിക്കാൻ അവസരം നൽകുമ്പോൾ സമൂഹത്തിലെ പാവപ്പെട്ടവർക്ക് അവരുടെ സർവ്വീസ് ലഭ്യമാക്കണം. അതിനനുസരിച്ച് റൂറൽ ഏരിയാ/ഡിഫിക്കൽറ്റ് റൂറൽ ഏരിയാ സർവീസ് നിർബന്ധമാക്കണം.

<u>ശ്രീ. എം.എം. മോനായി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യ രംഗത്ത് വളരെ ഗുണകരമായ മാറ്റമുണ്ടാക്കുന്ന ഈ ബിൽ സെൻട്രൽ ആക്റ്റിന് വിരുദ്ധമല്ല. എം.ബി.ബി.എസ്. പാസ്സാകുന്നവരുടെ ഗ്രാമീണ സേവനം നിർബന്ധമാക്കുന്നതിന് റൂറൽ സർവ്വീസ് വെയിറ്റേജ് കൊണ്ടുവന്നത് വളരെ നല്ലതാണ്. ഈ ബിൽ സഭ ഏകകണ്ഠമായി പാസ്സാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ഈ ബില്ലുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളെയും അഭിപ്രായങ്ങളെയും സ്വാഗതം ചെയ്യുന്നു. ഒരിക്കൽ പ്രസിദ്ധീകരിച്ച പ്രോസ്പെക്റ്റസിൽ മാറ്റം വരുത്താൻ സാധ്യമല്ല എന്നുള്ള കാര്യം കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. . ബിൽ പാസ്സാക്കി പ്രസിഡന്റിന്റെ കൺസന്റ്

ലഭിച്ചാൽ മാത്രമേ അത് നിയമമാകുകയുള്ളൂ. ഇപ്പോൾ യോഗ്യത നേടിയവരുടെ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിനുള്ള കൗൺസിലിംഗ് നാളെ നടത്തും. ആഗസ്റ്റ് ഒന്നിന് ക്ലാസ് ആരംഭിക്കും. എം.ബി.ബി.എസ്. ലക്ചറർ തസ്തികയ്ക്കുള്ള യോഗ്യത മെഡിക്കൽ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്. ഭാവിയിൽ പി.ജി.ക്കുള്ള സെലക്ഷന് ഈ നിയമം അവർക്ക് ഉപകാരപ്രദമാകും. എം.ബി.ബി.എസ്. പാസ്സ് മാർക്കിന്റെ കാര്യത്തിൽ എസ്.സി./എസ്.ടി വിഭാഗത്തിന് റിലാക്സേഷൻ സാധ്യമല്ല. എം.ബി.ബി.എസ്. പാസ്സായാൽ മാത്രമേ പി.ജി.-ക്ക് സെലക്ഷൻ കിട്ടുകയുള്ളൂ എന്നത് ഭേദഗതി ചെയ്യാൻ പറ്റില്ല. മെഡിക്കൽ കോളേജ്, ഡെന്റൽ കോളേജ്, നേഴ്സിംഗ് കോളേജ്, പാരാ മെഡിക്കൽ കോളേജ് തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്ത് ധാരാളം ഇൻസ്റ്റിറ്റ്യൂഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കെല്ലാമായി കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി ആവശ്യമാണ്. അലോപ്പതി മേഖലയിലുള്ളവർക്ക് നഷ്ടപ്പെട്ടുപോയ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. മെഡിക്കൽ കോളേജുകളിലെ ഫീസ് കാലാനുസൃതമായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. സർവ്വീസ് കാലഘട്ടത്തിൽ അഡ്മിഷൻ കിട്ടാൻ മെഡിക്കൽ കോളേജ് ലക്ചറർക്ക് 2 വർഷവും ആരോഗ്യ വകുപ്പിൽ 5 വർഷവും മിനിമം സർവ്വീസ് വേണം എന്നുള്ളത് കൊണ്ടുവരും. വെയിറ്റേജിന്റെ കാര്യത്തിൽ മിസ്യൂസ് നടക്കാതിരിക്കാൻ ബിൽ പാസ്സായി റൂൾ ഫ്രെയിം ചെയ്യുമ്പോൾ ശ്രദ്ധിക്കുന്നതാണ്. സർക്കാർ ചെലവിൽ പഠിച്ച് ഡോക്ടർ ആയതിനു ശേഷം സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കാൻ വിസമ്മതിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഹെൽത്ത് സർവ്വീസസിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ

ശമ്പളത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എൻട്രി കേഡറിലുള്ളവർക്ക് 23,500 രൂപയും ഡിഫിക്കൽറ്റ് റൂറൽ ഏരിയായിൽ 25,000 രൂപയും കൊടുക്കും. മെഡിക്കൽ എഡ്യുക്കേഷനിലെ എം.സി.എച്ച്. കഴിഞ്ഞവർക്ക് ഒരു വർഷം ജോലി ചെയ്താൽ കിട്ടുന്ന 15,000 രൂപ 23,000 രൂപയാക്കിയി ട്ടുണ്ട്. ബോണ്ട് പീരീയഡിൽ എം.സി.എച്ച്. കഴിഞ്ഞവർക്ക് കൊടുക്കുന്ന ശമ്പളം കുറവാണ്. റസിഡൻസി സിസ്റ്റം നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പി. ജി. കഴിഞ്ഞവർക്ക് കിട്ടുന്ന സ്കെയിൽ ഓഫ് പേയിൽ മാറ്റം വരുത്താനുള്ള പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ എഡ്യൂക്കേഷനിൽ ഫാക്കൽറ്റികളുടെ കുറവുണ്ട്. 2006 മുതൽ എം.ബി.ബി. എസ്. ഉള്ള ഡോക്ടർമാർ കമ്പൽസറി റൂറൽ സർവ്വീസ് നടത്തണ മെന്നുപറഞ്ഞ് സർക്കാർ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. പി.ജി. കഴിഞ്ഞ വരെ രണ്ട് വർഷത്തെ ബോണ്ട് കൊടുത്തുകൊണ്ട് നിയമിച്ചിട്ടുണ്ട്. മെഡി ക്കൽ കോളേജുകളിലും ഹെൽത്ത് സർവ്വീസസിലുമുള്ള ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. എംപ്ലോ യ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഡോക്ടർമാരുടെ സ്കെയിൽ ഓഫ് പേ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ തീരുമാനമെടുക്കുന്നതാണ്. ആയുർവേദ ഡോക്ടർമാരുടെ സ്കെയിൽ ഓഫ് പേ വർദ്ധിപ്പിക്കുന്നതിനെ ക്കുറിച്ച് അടുത്ത പേ റിവിഷനിൽ പരിശോധിക്കും. പി.ജി. കഴിഞ്ഞ് അബ്സ്കോണ്ട് ചെയ്യുന്ന ഡോക്ടർമാരെ കണ്ടുപിടിച്ച് അവർക്കും ബോണ്ട് കർക്കശമാക്കുന്നതാണ്. ഗവൺമെന്റ് സർവ്വീസിൽനിന്നും പോയി പി.ജി. നേടി തിരിച്ചുവരുന്നവർക്ക് ഏഴ് വർഷത്തെ ബോണ്ട് വച്ചിട്ടുണ്ട്. ബോണ്ട് തെറ്റിച്ചാൽ പി. ജി. ക്കാർ പത്ത് ലക്ഷം രൂപയും സൂപ്പർ സ്പെഷ്യാലിറ്റിക്കാർ

പതിനഞ്ച് ലക്ഷം രൂപയും പെനാലിറ്റി അടയ്ക്കണം. ഈ വർഷം മെഡിക്കൽ യൂണിവേഴ്സിറ്റി വന്നുഴിഞ്ഞാൽ ഫാക്കൽറ്റികളുടെ പെൻഷൻ പ്രായം 60 വയസ്സ് ആകും. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ എ.ഐ.സി.ടി.ഇ. സ്കെയിൽ വരുന്നതിനാൽ ഫാക്കൽറ്റികളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷമാണ് സെലക്ഷൻ കമ്മിറ്റിയിൽ രണ്ട് ജോയിന്റ് ഡയറക്ടർമാരെ നിയമിച്ചത്. എൻട്രൻസ് എക്സാമിനേഷൻ കൈകാര്യം ചെയ്യുന്നവരെതന്നെയാണ് നിയമിച്ചിട്ടുള്ളത്. ഈ നിയമം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

ശ്രീ. കെ. ബാബു : 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. സി. ടി. അഹമ്മദ് അലി : 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7 മുതൽ 9 വരെയുള്ള വകുപ്പുകൾ

7 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. സി. ജോസഫ് : 102-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ശ്രീ. വർക്കല കഹാറിന്റെ 103-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(103) The Preamble of the Bill be substituted as follows:-

“Preamble.- WHEREAS, it is expedient to provide for admission to the service quota of Post Graduate Medical Seats available to the Government among Medical Officers under the Government to lay down

the procedure for giving admission to such seats in Medical Colleges and for matters connected therewith and incidental there to;

BE it enacted in the Fifty-Ninth Year of the Republic of India as follows: -“

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സി ജോസഫ് അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ): 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (3) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പി ക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ): പ്രമേയത്തെ പിന്താങ്ങുന്നു.

**തടസ്സവാദം**

ധനകാര്യ മെമ്മോറാണ്ഡത്തിൽ തുക പറഞ്ഞിട്ടില്ല

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാ ണ്ഡത്തിൽ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ഒന്നും പറയുന്നില്ല. ക്ലാസ് 8-നെക്കുറിച്ച് മാത്രമാണ് പറഞ്ഞിട്ടുളളത്. ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തിയിൽനിന്നും തുക ഈടാക്കാനുളള നടപടി സ്വീകരി ക്കാൻ കളക്ടർക്ക് അധികാരം കൊടുത്തിരിക്കുകയാണ്. ഈ ബിൽ നടപ്പാ ക്കുമ്പോൾ വരുന്ന ചെലവുകളെ സംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മേറാണ്ഡ ത്തിൽ പറയേണ്ടതാണ്. പുതുതായി കൂട്ടിച്ചേർത്ത ക്ലാസ് 3(എ)-യ്ക്ക് ഗവർണ്ണറുടെ അംഗീകാരം തേടേണ്ടതാണ്. ആർട്ടിക്കിൾ 207 (3)-ന് വിരുദ്ധ മായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഗവർണറുടെ അംഗീകാ രമില്ലാത്ത വകുപ്പ് ഉൾക്കൊളളുന്നതും റെക്കറിംഗ്/നോൺ റെക്കറിംഗ്

എക്സ്പെൻഡിച്ചറിനെക്കുറിച്ച് പ്രതിപാദിക്കാത്തതുമായ ഈ ബിൽ പാസ്സാക്കാൻ പാടില്ല. ഇത് സംബന്ധിച്ച് അങ്ങയുടെ റൂളിംഗുണ്ടാകണം.

ശ്രീ. കെ. എം. മാണി : ഈ ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷകൾക്ക് പൂർവ്വകാലപ്രാബല്യം നൽകുന്നത് ഭരണഘടനയ്ക്ക് വിരുദ്ധമാണ്. ഈ ബില്ലിന്റെ ഷോർട്ട് ടൈറ്റിലിൽ പറഞ്ഞിരിക്കുന്നത് 2007 സെപ്റ്റംബർ 19 മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണെന്നാണ്. അപ്രകാരം ഈ ബില്ലിലെ മുഴുവൻ വ്യവസ്ഥകളും സെപ്റ്റംബർ 19 മുതൽ നിലവിൽ വന്നിരിക്കുകയാണ്. ഒരു നിയമം പാസ്സാക്കി ഗവർണ്ണറുടെ അസ്സന്റ് കിട്ടി നോട്ടിഫൈ ചെയ്ത് ഗസറ്റിൽ പബ്ലിഷ് ചെയ്താലേ അത് പ്രാബല്യത്തിൽ വരികയുള്ളൂ. ഈ നിയമം ഭരണഘടനയുടെ ആർട്ടിക്കിൾ 20-ന് വിരുദ്ധമാണ്. നിലിവിലുള്ള നിയമമനുസരിച്ചേ ശിക്ഷിക്കാൻ കഴിയൂ. ഫണ്ടമെന്റൽ റൈറ്റ്സ് ലംഘിക്കുന്ന നിയമങ്ങൾക്ക് നിലനിൽപ്പില്ല. ഒരു നിയമം ഉണ്ടാക്കി മുൻകാല പ്രാബല്യത്തിൽ ശിക്ഷിക്കാൻ കഴിയില്ല. ക്ലാസ് 3(എ) അൺകോൺസ്റ്റിറ്റ്യൂഷണലാണ്. അതിനാൽ ഇത് സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

ശ്രീ. വി. ഡി. സതീശൻ :ഈ ബില്ലിലെ വ്യവസ്ഥകൾ കർഷകന് ഭരണഘടനപ്രകാരം നൽകിയിട്ടുള്ള മൗലികാവകാശങ്ങൾക്ക് എതിരാണ്. ഈ ബില്ലിലെ ക്ലാസ്സ് (3)-ലും ക്ലാസ് (5)-ലും പറഞ്ഞിരിക്കുന്നത് നെൽവയലുകളും തണ്ണീർതടങ്ങളും പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്കിനെക്കുറിച്ചാണ്. സ്വന്തം കൃഷിഭൂമിയിൽ എന്ത് കൃഷി ചെയ്യണമെന്നുള്ള കൃഷിക്കാരന്റെ അവകാശം

ഈ ബില്ലിൽ ഹനിക്കപ്പെടുന്നു. ആർട്ടിക്കിൾ 19(1)(ജി)യിൽ പറഞ്ഞിരിക്കുന്നത് കർഷകന്റെ മൗലികാവകാശത്തിൻമേലുള്ള കടന്നുകയറ്റത്തെക്കുറിച്ചാണ്. ഒരാൾ കുറ്റം ചെയ്യുന്നുവെങ്കിൽ ഏത് പ്രൊവി ഷനനുസരിച്ചാണ്, എന്ത് കുറ്റമാണ് എന്ന് ചാർജിൽ പറയണമെന്ന വ്യവസ്ഥ പോലും ഇതിൽ ലംഘിക്കപ്പെട്ടിരിക്കുന്നു. 2007 സെപ്തംബറിനുശേഷം നടന്ന ഒഫൻസിനെതിരെ മാത്രമേ ഈ നിയമപ്രകാരം നടപടിയെടുക്കാൻ സാധിക്കു കയുള്ളൂ. അതിന് മുൻകാല പ്രാബല്യം കൊടുത്തിരിക്കുന്നത് ഒരു കാരണവ ശാലും ശരിയല്ല. ഈ നിയമം പൂർണ്ണമായും ഭരണഘടനാ വിരുദ്ധമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നങ്ങളും തടസ്സവാദങ്ങളുമെല്ലാം വളരെ ഗൗര വത്തോടുകൂടിത്തന്നെയാണ് കാണുന്നത്. കേരള സമൂഹം ഏറ്റവും വേഗ ത്തിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഒരു ബില്ലാണിത്. ഭക്ഷ്യ സുരക്ഷ വലിയൊരു വെല്ലുവിളിയായി നേരിടുന്ന സന്ദർഭത്തിൽ നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ കർഷകരെ സഹായിക്കാനും സംരക്ഷിക്കാനും പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇത്തരമൊരു നിയമനിർമ്മാണം അനിവാര്യമാണ്. 2007 സെപ്റ്റംബർ 19-ാം തീയതി ബിൽ സഭയിൽ അവതരി പ്പിക്കുകയും അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കു കയും ചെയ്തു. ഭൂമാഫിയകളും സംഘടിത ശക്തികളും നിയമം ലംഘിച്ച് നെൽവയൽ നികത്തുന്ന സാഹചര്യം തടയുന്നതിനാണ് ഈ ബിൽ പ്രാബല്യ ത്തിൽ വന്ന ദിവസം മുതൽ അതിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ തീരുമാ നിച്ചത്. അതിൽ ഭരണഘടനാ ലംഘനത്തിന്റെ പ്രശ്നം വരുന്നില്ല. ബിൽ പാസ്സാക്കി നിയമമാക്കുന്ന തീയതി മുതൽ ഇതിന് പ്രാബല്യമുണ്ടാകും.

കെ.എൽ.യു. നിയമം റിപ്പീൽ ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി അയയ്ക്കണം. ഈ ബില്ലിന് ഗവർണ്ണർ നേരത്തേ അനുമതി നൽകിയിട്ടുള്ളതിനാൽ വീണ്ടും അനുമതി ആവശ്യമില്ലെന്നാണ് നിയമ വകുപ്പിൽനിന്നും കിട്ടിയ ഉപദേശം. വകുപ്പുതിരിച്ചുള്ള പരിഗണനയിൽ ഇക്കാര്യങ്ങളിൽ കുറച്ചുകൂടി വ്യക്തത കൈവരുന്നതാണ്. നെൽകർഷകരുടെ മൗലികാവകാശങ്ങൾ ഹനിക്കുന്ന വിധത്തിൽ യാതൊന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. 1969-ലെ കെ.എൽ.യു. ഓർഡറിലും ഇത്തരം ചില നിയന്ത്രണങ്ങൾ ഉണ്ട്. ന്യായമായ ചില വിലക്കുകൾ ഏർപ്പെടുത്തുന്നുവെന്നേയുള്ളൂ. പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ചില നിയന്ത്രണങ്ങൾ മാത്രമാണ് ബില്ലിലുള്ളത്. ഇക്കാര്യം ശക്തിപ്പെടുത്തുന്ന വിധത്തിലുള്ള വിവിധ കോടതി വിധികൾ നിലവിലുണ്ട്. വകുപ്പുതിരിച്ചുള്ള പരിഗണനയിൽ ഇനിയും ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമാക്കാവുന്നതാണ്. നെൽകർഷകരെ സംരക്ഷിക്കുന്നതിനുള്ള കേരള സമൂഹത്തിന്റെ പൊതു ആവശ്യമെന്ന നിലയിൽ യോജിച്ച ചർച്ചയിലൂടെ ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

<u>മി. സ്പീക്കർ :</u> ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും വി.ഡി. സതീശനും കെ. എം. മാണിയും ഉന്നയിച്ച കാര്യങ്ങൾ പ്രധാനപ്പെട്ടതുതന്നെ യാണ്. അവയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടിയും പറഞ്ഞു. ഈ ബില്ലിലെ ചില വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് ക്ലാസ്സ് ബൈ ക്ലാസ്സ് ഡിസ്ക്കഷനിൽ ഒഴിവാക്കാം എന്നുള്ളത് പ്രസ്താവിച്ചുകഴിഞ്ഞി ട്ടുണ്ട്. അത് തീർച്ചയായിട്ടും നല്ല കാര്യം തന്നെയാണ്. അതുപോലെതന്നെ

ഈ ബിൽ അവതരിപ്പിക്കുന്നതിന് ഭരണഘടനയുടെ 207(3) അനുസരിച്ച് ഗവർണ്ണറുടെ അനുമതി വാങ്ങിയിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. സഞ്ചിതനിധിയിൽനിന്നും കൂടുതൽ ചെലവ് വരുന്നുവെന്ന കാരണത്താൽ വീണ്ടും ഗവർണ്ണറുടെ ശുപാർശ വാങ്ങേണ്ട കാര്യമില്ല. 207(1) അനുസരിച്ചുള്ള മണി ബിൽ സംബന്ധിച്ചാണെങ്കിൽ മാത്രമേ ബില്ലിൽ കൂടുതലായി ചേർക്കുന്ന നികുതി നിർദ്ദേശങ്ങൾക്കും ഭേദഗതിക്കും ഗവർണ്ണറുടെ അനുമതി വീണ്ടും വാങ്ങേണ്ടതുള്ളൂ. ഈ ബില്ലിന് 207(3) അനുസരിച്ചുള്ള ഗവർണ്ണറുടെ ആദ്യ അനുമതി ലഭിച്ചിട്ടുണ്ട്. പിന്നെ ബില്ലിൽ റെക്കറിംഗ് ആന്റ് നോൺ-റെക്കറിംഗ് എക്സ്പെന്റിച്ചർ എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട ക്രമപ്രശ്നം. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. എം. മാണിയും അത് എടുത്തുപറഞ്ഞു. തീർച്ചയായിട്ടും അത് ശ്രദ്ധിക്കേണ്ടതാണെന്ന ആക്ഷേപം ചെയർ സമ്മതിച്ചു. പരിശോധിച്ച് ഭാവിയിലെങ്കിലും ശ്രദ്ധിക്കേണ്ടതാണ് എന്നാണ് ചെയറിന് ഓർമ്മപ്പെടുത്തുവാനുള്ളത്. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ പൗരാവകാശത്തിൻമേലുള്ള ന്യായമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. പൗരാവകാശലംഘനമായി വരുന്നത് ഒരേ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളെ വ്യത്യസ്ത രീതിയിൽ ട്രീറ്റ് ചെയ്യുന്നുണ്ടോയെന്നുള്ളതാണ്. അത് ഇല്ല എന്നുള്ളത് പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് പൗരാവകാശം ലംഘിക്കപ്പെടുന്നതായി ചെയറിന് ബോധ്യപ്പെടുന്നില്ല. അക്കാരണത്താൽ ഈ ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല. ബിൽ പരിഗണനയ്ക്കെടുക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥിതിയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് ബില്ലിന് രൂപം കൊടുത്തിരിക്കുന്നതെന്ന് പറയുന്നത് ശരിയല്ല. സെലക്ട് കമ്മിറ്റിയിൽ അംഗീകരിച്ച ഭേദഗതികൾ പോലും ഈ ബില്ലിൽ അടങ്ങിയിട്ടില്ല. സെലക്ട് കമ്മിറ്റിയിൽ ഏകകണ്ഠമായി അംഗീകരിച്ച മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കണം ബിൽ അവതരിപ്പിക്കേണ്ടത്. ഇതൊരു കർഷകവിരുദ്ധ ബില്ലാണ്. സ്വതന്ത്രമായി കൃഷിചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാക്കുന്നു. കർഷകരെ ശിക്ഷയ്ക്ക് വിധേയമാക്കുന്ന ബില്ലാണിതെന്ന ബോധ്യം ജനങ്ങൾക്കിടയിലുണ്ട്. ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് മൂന്ന് വർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ച് കർഷകരെ ഭയപ്പെടുത്തുന്ന സമീപനം ശരിയല്ല. കേരളത്തിൽ കൃഷിയിടങ്ങൾ കുറഞ്ഞുവരികയും ഉടമസ്ഥാവകാശം ഛിന്നഭിന്നമായി പോകുകയും ചെയ്യുന്നതുകൊണ്ട് അവരെ ഭയപ്പെടുത്തിവിടാതെ, ഈ രംഗത്ത് പിടിച്ചുനിർത്താൻ കൃഷി ആദായകരമാക്കത്തക്ക സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കാർഷിക മേഖലയിൽ കർഷകർക്ക് വളരെ പരിമിതമായ ആനുകൂല്യങ്ങളാണ് കൊടുക്കുന്നത്. 3(എ) വകുപ്പ് പ്രകാരം കൃഷി ചെയ്യുന്നതിനുള്ള പ്രോൽസാഹന ബോണസ് നാമമാത്രമാണ്. അതിനാൽ കൃഷിയുടെ ചെലവിന്റെ 50 ശതമാനമെങ്കിലും കാർഷിക ബോണസ്സായി കൊടുക്കത്തക്ക വിധത്തിലുള്ള നിയമം ഉണ്ടാകണം. ഈ നിയമത്തിൽ അത്തരം മാറ്റം വരുത്തിയില്ലെങ്കിൽ ഉൽപാദനം നടത്തുന്ന കർഷകർക്ക് പ്രയോജനം ഉണ്ടാകില്ല. ക്ലാസ് 3

(ബി) (ii) പ്രാദേശിക നിരീക്ഷണ സമിതിയിൽ നെൽകർഷകർക്ക് കൂടുതൽ പ്രാതിനിധ്യം കൊടുക്കണം. ഈ സമിതി കർഷകരുടെ വികാരം പ്രതിഫലിക്കുന്നതാകണം. നെൽവയൽ മാത്രമുള്ള പാവപ്പെട്ട കർഷകർക്ക് വീട് വയ്ക്കാൻ 15 സെന്റ് സ്ഥലമെങ്കിലും മാറ്റിവയ്ക്കാൻ വ്യവസ്ഥയുണ്ടാകണം. പൊതു ആവശ്യങ്ങൾക്ക് വേണ്ടി നിലം നികത്താനും കൺസ്ട്രക്ഷൻ നടത്താനുമുള്ള അനുമതി വ്യക്തികളും സ്ഥാപനങ്ങളും ദുരുപയോഗപ്പെടുത്താൻ സാധ്യതയുണ്ട്. യാതൊരു ഭൂമിയും രൂപഭേദം വരുത്താൻ അനുമതി നൽകാൻ പാടില്ലായെന്ന റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നുള്ള ഒരു സർക്കുലർ ഉണ്ട്. ഈ ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾ തന്നെ വ്യാപകമായ നിലം നികത്തൽ ഇവിടെ നടന്നിരുന്നു. ഈ നിയമത്തിന്റെ ഗുണം സമ്പന്നന്മാർക്കും ദോഷം പാവപ്പെട്ടവർക്കുമാണ് കിട്ടുന്നത്. കൂരവയ്ക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട ആളുകൾക്ക് പ്രയോറിറ്റി കൊടുക്കണം. ഒഴിപ്പിക്കലിന്റെ പരിണതഫലമായി ഒരു കുടിലിൽ നിരവധി കുടുംബങ്ങളുണ്ടാകുന്ന അവസ്ഥയുണ്ടാകുന്നു. അതുകൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് അവരുടെ പേരിലുള്ള ഭൂമിയിൽ 15 സെന്റ് വീടുവയ്ക്കുന്നതിനുവേണ്ടി അനുവദിച്ചുകൊണ്ടുള്ള റീ-കാസ്റ്റിംഗ് ഈ നിയമത്തിൽ കൊണ്ടുവരണം. എന്നാൽ ഭൂ മാഫിയയ്ക്കെതിരെ ഒരു വിട്ടുവീഴ്ചയും പാടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വളരെ ദീർഘവീക്ഷണത്തോടുകൂടിയതും നിഷ്പക്ഷവുമായിരിക്കണം. ഈ നിയമത്തിൽ ലംഘനങ്ങൾ പരിശോധിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതി ദുരുപയോഗം നടത്താനുള്ള സാധ്യതയുണ്ട്. തരിശ്ശുഭൂമി കൃഷി ചെയ്യുന്നതിനായി പഞ്ചായത്ത് ലേലം ചെയ്തു കൊടുക്കുന്ന ഭൂമിയിൽ എത്രകാലം കൃഷിചെയ്യ

ണമെന്ന് ഇതിൽ എഴുതിയിട്ടില്ല. ഭൂമി തരിശ്ശാണെന്നുപറഞ്ഞ് പഞ്ചായത്തു വഴി ഉടമസ്ഥന് നോട്ടീസ് കൊടുക്കുകയും അതിനുശേഷം അത് ലേലം ചെയ്ത് മറ്റൊരാൾക്ക് അതിൽ കൃഷി ചെയ്യാനുള്ള അവകാശം കൊടുക്കുകയും ചെയ്യുന്നതിൽ ദുരുപയോഗം നടക്കാനുള്ള സാധ്യത കൂടുതലാണ്. വ്യക്തിവിരോധം തീർക്കാനുള്ള ആയുധമായി ഈ വ്യവസ്ഥയെ ഉപയോഗിക്കാനുള്ള എല്ലാ സാധ്യതകളും ഉണ്ടാവുകയാണ്. ഈ ഭൂമി ഒരു നിശ്ചിത കാലയളവിലേയ്ക്ക് ലേലം ചെയ്തുകൊടുക്കുമ്പോൾ രാസവള പ്രയോഗവും മറ്റും നടത്തി ഉപയോഗശൂന്യമായ ഊഷര ഭൂമിയായിട്ടായിരിക്കും ഭൂവുടമയ്ക്ക് തിരികെ ലഭിക്കുന്നത്. ഭാരിച്ച ഉത്തരവാദിത്തങ്ങളുള്ള ജില്ലാ കളക്ടർക്ക് ജില്ലാതല അധികൃത സമിതിയുടെ അമിതഭാരംകൂടി ഏൽപ്പിക്കരുത്. ജില്ലാതല അധികൃത സമിതിയിൽ മൂന്ന് കർഷക പ്രതിനിധികളെങ്കിലുമുണ്ടാകണം. അതുപോലെ ഇതിൽ ജില്ലാകളക്ടർ എടുക്കുന്ന തീരുമാനം അന്തിമമായി വന്നാൽ അതിൽ സ്വാധീനം ചെലുത്താനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ വ്യവസ്ഥയെക്കുറിച്ച് ഒന്നുകൂടി ആലോചിക്കണം. പൊതു ആവശ്യത്തിന് പരിവർത്തനപ്പെടുത്തുന്നതിന് നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം നെൽവയലുകളെ നശിപ്പിക്കുന്ന തരത്തിൽ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. നെൽവയലിന്റെ ഉടമസ്ഥന് ആ ജില്ലയിൽ ഏതെങ്കിലും പ്രദേശത്ത് 5 സെന്റ് ഭൂമിയുണ്ടെങ്കിൽ ഈ നെൽവയൽ പ്രദേശത്ത് വീടുവയ്ക്കുന്നതിനുള്ള സ്ഥലം കൊടുക്കരുതെന്നാണ് ഇതിൽ

..........................................................................................................................

..........................................................................................................................

..........................................................................................................................

പറയുന്നത്. ഏതെങ്കിലും മലമ്പ്രദേശത്ത് ഭൂമിയുണ്ടെങ്കിൽ അവിടെ വീടുവ യ്ക്കാൻ ഭൂമി കൊടുക്കില്ലെന്നുപറയുന്നത് ശരിയല്ല. നിലവിലുള്ള ലാൻഡ് റിക്കോർഡുകളുടെ അടിസ്ഥാനത്തിൽ നെൽവയലുകളുടെ ഡേറ്റ കളക്ടു ചെയ്യാൻ കഴിയില്ല. കേരളത്തിൽ ഇപ്പോൾ അവശേഷിക്കുന്ന നെൽവയലു കളെ സംബന്ധിച്ച് കൃത്യമായ ഡാറ്റ ഉണ്ടാക്കണം. ഒരു നിയമം ഉണ്ടാക്കു മ്പോൾ അതിന് വ്യക്തത ഉണ്ടാകണം. യഥാർത്ഥ ഭൂ മാഫിയയെ രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കരുത്. പാവപ്പെട്ട കർഷകന്റെ വീട്ടിൽ ഏതു സമയത്തും പോലീസിന് കയറി റെയ്ഡ് നടത്താമെന്നുള്ള 13 -ാം വകുപ്പിലെ വ്യവസ്ഥ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. പോലീസിന് അമിതാധികാരം കൊടുക്കുന്നത് അഴിമതിക്ക് വഴിവയ്ക്കും. സിംഗിൾ വിൻഡോ സിസ്റ്റം ആയിട്ട് നെൽവയലുകൾ ഇപ്പോഴും നികത്തി ക്കൊണ്ടിരിക്കുന്നുണ്ട്. 15-ാം വകുപ്പ് ഒഴിവാക്കണം. 17-ാം വകുപ്പിൽ പറ ഞ്ഞിട്ടുള്ള ശിക്ഷയുടെ കാഠിന്യം കുറയ്ക്കണം. ഇതു റീസ്ട്രക്ചർ ചെയ്ത് കർഷക സൗഹൃദ നിയമമാക്കണം. കർഷകരെ സംബന്ധിച്ചിടത്തോളം ഒരു കറുത്ത അദ്ധ്യായമായി ഈ ബില്ല് മാറും. രാഷ്ട്രീയ ലക്ഷ്യം വച്ചുകൊണ്ട് ഈ നിയമം ദുരുപയോഗം ചെയ്യപ്പെടാൻ ഇടവരുത്തും. കർഷകരെ അവ രുടെ സ്ഥലത്തു നിന്നും ആട്ടിപ്പായിക്കുന്ന ഒരു നിയമമായി ഇത് മാറരുത്. കൃഷി സ്ഥലങ്ങൾ സംരക്ഷിക്കപ്പെടണം. നിയമത്തിലെ കർഷക വിരുദ്ധ നില പാടുകളിൽ മാറ്റം വരുത്തണം.

<u>ശ്രീ. കെ. ബാബു:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു സെലക്ട് കമ്മിറ്റി നെൽവയൽ-നീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ തെളിവെടുപ്പിന് പോയപ്പോൾ ഈ നിയമത്തിന്റെ

അപ്രായോഗികതകളെക്കുറിച്ച് അവർ പരിഹസിച്ച് സംസാരിക്കുകയാണു ണ്ടായത്. ഈ ബിൽ ഭരണഘടനാപരമായി നിലനിൽക്കുകയില്ലെന്നാണ് അവരുടെ അഭിപ്രായം. 1950-ൽ 7.53 ലക്ഷം ഹെക്ടർ ഭൂമിയിലാണ് കൃഷിചെ യ്തിരുന്നതെങ്കിൽ അതിപ്പോൾ 2.76 ലക്ഷം ഹെക്ടറായി കുറഞ്ഞു. 2.76 ലക്ഷം ഹെക്ടർ ഭൂമി സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരി ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ ബിൽ കൊണ്ടുവന്നതിനുശേ ഷവും ആയിരക്കണക്കിന് ഹെക്ടർ കൃഷി ഭൂമി സംസ്ഥാനത്ത് നികത്തി ക്കൊണ്ടിരിക്കുകയാണ്. കൃഷിഭൂമി തരിശ്ശിടുന്ന കൃഷിക്കാർക്ക് മൂന്ന് കൊല്ലത്തെ തടവ് ശിക്ഷ നൽകാനുള്ള വ്യവസ്ഥ ഈ ബില്ലിൽ കൊടുത്തി രിക്കുകയാണ്. എന്നാൽ കൃഷിഭൂമി നികത്തുന്ന ആളുകൾക്കെതിരെ ഒരു ചെറുവിരൽ പോലും അനക്കാൻ സാധിച്ചിട്ടില്ല. നെൽവയൽ സംരക്ഷിക്കുന്ന തോടൊപ്പം നെൽകൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടിയും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇൻഡ്യയിൽ ഒരിടത്തും ഒരു കൃഷിക്കാരൻ ഇന്ന കൃഷി ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഭക്ഷ്യക്ഷാമമുള്ള ഒരു സംസ്ഥാ നമെന്ന നിലയിൽ നെൽവയൽ സംരക്ഷിക്കുന്നതോടൊപ്പം നെൽക്കൃഷി ക്കാർക്ക് എന്ത് സഹായം നൽകുമെന്ന് ഇതിൽ പറഞ്ഞിട്ടില്ല. എറണാകുളം ജില്ലയിലൊക്കെ സർക്കാരിന്റെ മൗനാനുവാദത്തോടുകൂടി ഭൂമി നികത്തൽ നട ന്നുകൊണ്ടിരിക്കുകയാണ്. ഈ ബിൽ നിയമസഭയിൽ അവതരി പ്പിച്ചശേഷവും നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി നെൽപ്പാടങ്ങൾ നിക ത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് ഇതിനെതിരെ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. യാതൊരുവിധ പരിരക്ഷയും കിട്ടാത്തതുകൊണ്ടാണ് കൃഷി ക്കാർ കൃഷിഭൂമി തരിശിടുന്നത്. ഈ നിയമത്തിലും കൃഷിക്കാർക്ക് പരി രക്ഷ നൽകാനാനുള്ള ഒരു വ്യവസ്ഥയുമില്ല. കൃഷി ചെയ്യണമെങ്കിൽ

വെള്ളം ആവശ്യമാണ്. കൃഷിക്കാവശ്യമുള്ള ജലസേചനത്തിനുള്ള ഒരു സംവിധാനവും ഗവൺമെന്റ് ഏർപ്പെടുത്തുന്നില്ല. നിർമ്മാണ മേഖലയിൽ ഒരു തൊഴിലാളിക്ക് ഒരു ദിവസം 300 രൂപ കിട്ടുമെന്നുള്ളതുകൊണ്ട് കർഷക ത്തൊഴിലാളികളും പരമ്പരാഗത മേഖലയിലെ തൊഴിലാളികളും ഈ മേഖല യിൽ നിന്ന് നിർമ്മാണ മേഖലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. യന്ത്രവൽക്കരണത്തെ ആദ്യം എതിർക്കുന്ന ഇടതുപക്ഷമാണ് ട്രാക്ടർ വിരുദ്ധ സമരവും ടില്ലർ വിരുദ്ധ സമരവും നടത്തിയത്. കൊയ്ത്ത്-മെതിയ ന്ത്രങ്ങൾ ഉപയോഗിക്കാനനുവദിക്കാത്തതുകൊണ്ടാണ് കുട്ടനാട്ടിൽ വിളഞ്ഞ നെല്ല് കൊയ്യാതെ നഷ്ടമുണ്ടായത്. .ഫാക്ടറികളിൽ നിന്നുള്ള മലിനജലം പാടശേഖരങ്ങളിലേയ്ക്ക് ഒഴുക്കുന്നതു തടയാൻ നിയമത്തിൽ യാതൊരു നട പടിയുമില്ല. കൃഷിക്കാരന് ന്യായമായ കൂലി ലഭിച്ചെങ്കിൽ മാത്രമേ കൃഷിക്കാർ കൃഷിയിൽ ഉറച്ചു നിൽക്കുകയുള്ളു. ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ പഞ്ചവത്സര പദ്ധതികളിലൂടെയും ഹരിത വിപ്ളവത്തിലൂടെയും നമ്മുടെ രാജ്യത്ത് കൃഷിക്ക് പ്രോത്സാഹനം നൽകിയിരുന്നു. കൃഷി ലാഭകരമല്ലാത്തതിനാൽ നെൽ കർഷകർക്ക് സാമൂഹികമായ അംഗീകാരം കുറഞ്ഞുവരികയാണ്. സംസ്ഥാനത്ത് ഭക്ഷ്യോല്പാദനം കുറവായതുകൊണ്ട് നഷ്ടം സഹിച്ചും കൃഷി ചെയ്യണമെന്ന് നിർബന്ധിക്കുന്നത് നീതിക്ക് നിരക്കുന്നതല്ല. ഒരു കർഷകന് വീട് വയ്ക്കുന്നതിന് 5 സെന്റ് വയൽപോലും നികത്താൻ കഴിയുകയില്ലെന്നിരിക്കെ കിൻഫ്ര, ഇൻകൽ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യത്തിന്റെ മറവിൽ ആയിരക്കണക്കിന് ഏക്കർ നികത്തി കച്ചവടം നടത്താനുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. നെൽവയൽ സംരക്ഷിക്കുന്നതോടൊപ്പംതന്നെ സംസ്ഥാനത്തെ വ്യവസായ, നിക്ഷേപ രംഗങ്ങൾകൂടി വളരുന്നതിനുള്ള

സാഹചര്യം ഉണ്ടാകണം. ഓട്, ഇഷ്ടിക, കളിമൺ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ഈ നിയമത്തിൽ ഉണ്ടാകണം. സംസ്ഥാനത്ത് ആകെയുള്ള നെൽവയലിന്റെ വിസ്തീർണ്ണം എത്രയാണെന്ന് സർവ്വേ നടത്തി നോട്ടിഫൈ ചെയ്തതിനുശേഷം മാത്രമേ ഈ നിയമം നടപ്പാക്കാൻ പാടുള്ളൂ. കൃഷിഭൂമിയായി പരിവർത്തനപ്പെടുത്തുമ്പോൾ അതിലുള്ള കൺസ്ട്രക്ഷൻ ഉൾപ്പെടെയുള്ള ദേഹണ്ഡത്തിന്റെ കാര്യത്തിൽ വ്യക്തത ഉണ്ടാകണം. നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാടശേഖരങ്ങൾ നികത്താൻ അനുവാദം കൊടുക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് ഉത്തരവാദിത്വം ഉണ്ടാകണം. നെൽകൃഷി ഉപേക്ഷിച്ച് നെൽപ്പാടങ്ങൾ തരിശിട്ടുപോകുന്ന കൃഷിക്കാരുടെ പ്രയാസങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് കൃഷിക്കാരെ സംരക്ഷിക്കുന്ന ഒരു നിയമമായി ഇതിനെ രൂപപ്പെടുത്തണം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി നെൽകൃഷി നിലനിറുത്തേണ്ടത് അത്യാവശ്യമാണ്. നെൽകൃഷി സംരക്ഷിക്കുന്നതോടൊപ്പം കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടംതട്ടാതെ കേരളത്തിന്റെ യഥാർത്ഥ രൂപം ദീർഘകാലം നിലനിറുത്തുക എന്നതുകൂടി ഈ നിയമത്തിന്റെ ഉദ്ദേശമായി മാറണം. കായലുകളും കുളങ്ങളും നദികളും വിഷലിപ്തമാക്കുകവഴി സംസ്ഥാനത്തിന്റെ എല്ലാവിധ ഐശ്വര്യങ്ങളും നഷ്ടപ്പെട്ടിരിക്കുകയാണ്. കേരളപ്പിറവിക്കുശേഷം നെൽകർഷകരുടെ അവസ്ഥ വളരെ ദയനീയമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. ഭൂപരിഷ്ക്കരണനിയമത്തിലൂടെ കിട്ടിയ ഭൂമി എത്രപേർ കൈവശംവച്ചിരിക്കുന്നുവെന്ന്

പരിശോധിക്കണം. കൃഷിയേക്കാൾ വ്യവസായം ലാഭകരം എന്ന് ബോധ്യം വന്നവരിൽ പലരും ഭൂമി വിറ്റു എന്നത് വസ്തുതയാണ്. നദികളും അരുവികളും കായലുകളും തോടുകളും ജലസംഭരണികളും അണക്കെട്ടുകളും ചെറുകിട ജലസേചന പദ്ധതികളും പുഞ്ചനിലങ്ങളും കൊണ്ട് സമൃദ്ധമായ സംസ്ഥാനത്ത് ചേറിൽ പണിയെടുക്കാനും ഞാറുനടാനും കന്നുപൂട്ടാനും ഇന്ന് കൃഷിക്കാരന് താല്പര്യമില്ല. നെല്ല് ഗവേഷണ കേന്ദ്രം, കാർഷിക യൂണിവേഴ്സിറ്റി, സഞ്ചരിക്കുന്ന ലബോറട്ടറി, കൃഷി ഭവനുകൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കർഷക കടാശ്വാസ കമ്മീഷൻ തുടങ്ങി നിരവധി സ്ഥാപനങ്ങൾ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രവർത്തിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിനാവശ്യമായ 80 ശതമാനം അരിയും ഇറക്കുമതി ചെയ്യുകയാണ്. അതിന്റെ കാരണമെന്താണെന്ന് പരിശോധിക്കണം. കൃഷിക്കാർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സംസ്ഥാനത്തുണ്ടായിട്ടും പാശ്ചാത്യ സംസ്ക്കാരവും വിദേശരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റവും മൂലം കൃഷി മോശപ്പെട്ട തൊഴിലായി കർഷകന് തോന്നി. നെൽകൃഷി നിലനിർത്താൻ നെൽവയൽ സംരക്ഷണനിയമം കർഷകനെ അടിച്ചേൽപ്പിക്കുന്ന തരത്തിലാകാൻ പാടില്ല. ഈ ബില്ലിൽ ഏറ്റവുമധികം ഫോക്കസ് ചെയ്യേണ്ടത് കൃഷിക്കാരനെയാണ്. ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ അനുസരിച്ച് കൃഷിഭൂമി നികത്തി കെട്ടിടം പണിയുന്നത് തടയുന്നതിന് നടപടി എടുക്കാൻ സാധിക്കും. ഈ നിയമം പ്രാവർത്തികമാക്കുമ്പോൾ കൃഷിക്കാരൻ സംതൃപ്തനാകണം. കൃഷി ലാഭകരമല്ലാത്തതിനാലാണ് പലരും കൃഷിയിൽ നിന്ന് വിട്ടുനിൽക്കുന്നത്. ഈ ബില്ലിലെ സെക്ഷൻ 3-ൽ .3 എ വകുപ്പിലൂടെ കൃഷിക്കാരന് എന്ത് സഹായം ചെയ്യാൻ കഴിയുമെന്ന് ഉറപ്പുവരുത്തണം. കൃഷിയുടെ ചെലവ് ക്രമാതീതമായി

വർദ്ധിക്കുന്നതിനാൽ കൃഷിക്കാരൻ നിർമ്മാണമേഖലയിലേയ്ക്ക് പോകുന്നത് നിയന്ത്രിക്കണം. കൃഷി ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം കൊടുക്കുന്നതിൽ ഒരു ക്ലാരിറ്റി ഉണ്ടാകണം. സെക്ഷൻ 2 (XIV)ലെ 'സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളും...............' ഇതിൽ 'മറ്റ്' എന്ന വാക്കിന് ഒരുപാട് അർത്ഥതലങ്ങളുണ്ടാകുന്നുണ്ട്. 'മറ്റു പദ്ധതികളും' എന്ന് വന്നാൽ അത് അതാതുകാലത്തെ സർക്കാർ എടുക്കുന്ന നയസമീപനങ്ങളുടെ ഫലമായി സ്വകാര്യ വ്യക്തികളിലേയ്ക്ക് എത്തിച്ചേരാൻ സാധ്യതയുണ്ട്. അതുകൊണ്ട് ആ വകുപ്പിന് ഭേദഗതി ആവശ്യമാണ്. നെല്ലിന് ന്യായവില നൽകണം നെൽക്കൃഷി ചെയ്യാൻ ആളെ കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. ഈ ബില്ലിലെ സമിതികളിൽ രാഷ്ട്രീയ നിയമനങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. ജനങ്ങളുടെ വികാരം അറിയാൻ സെലക്ട് കമ്മിറ്റി പല സംസ്ഥാനങ്ങളിലും പര്യടനം നടത്തി നന്നായി പ്രവർത്തിച്ചിട്ടുണ്ട്. കൃഷിക്കാരുടെ വേദന നിറഞ്ഞ വികാരങ്ങൾ കണക്കിലെടുക്കാതെ ഭൂരിപക്ഷം ഉപയോഗിച്ച് തീരുമാനമെടുക്കുന്നത് ശരിയല്ല. ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ലെങ്കിലും ഈ നിയമംകൊണ്ട് കൃഷി ലാഭകരമായി മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കു മെന്ന് ഉറപ്പുവരുത്താനും കൃഷിക്കാരനെ വിശ്വാസത്തിലെടുത്ത് മുന്നോട്ടു പോകാനും കഴിയണം. കൃഷി ഭൂമിയുള്ള കൃഷിക്കാരന് വീട് വയ്ക്കാൻ വേറെ സ്ഥലമില്ലെങ്കിൽ 5 സെന്റ് കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നത് 10 സെന്റ് ആക്കുന്നത് നല്ലതാണ്.

ശ്രീ. എം. ഉമ്മർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. സെലക്ട് കമ്മിറ്റി സംസ്ഥാ

നത്തെ 14 ജില്ലകളിലും നാല് അന്യ സംസ്ഥാനങ്ങളിലും പര്യടനം നടത്തി ജനങ്ങളുടെ വികാരം മനസ്സിലാക്കുന്നതിനായി ധാരാളം പരിശ്രമം നടത്തിയിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച ഫലം ഈ നിയമം കൊണ്ട് നേടിയെടുക്കാൻ കഴിഞ്ഞോ എന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. 1970-കളിൽ എട്ട് ലക്ഷത്തിലധികം ഹെക്ടർ നെൽവയൽ ഉണ്ടായിരുന്ന സംസ്ഥാനത്ത് 2000 ആയപ്പോൾ രണ്ടു ലക്ഷം ഹെക്ടറായി ചുരുങ്ങി. പ്രതിദിനം 60 ഹെക്ടർ വയൽ നികത്തപ്പെടുന്നുവെന്നാണ് കണക്ക്. സംസ്ഥാനത്തിന് ആവശ്യമായ അരിയുടെ 80 ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. ഈ നിയമംകൊണ്ട് സംസ്ഥാനത്തെ നെൽ കർഷകനെ സംരക്ഷിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കേരളത്തിലെ വിവിധ ഭാഗങ്ങളിലുള്ള കർഷകരുമായി ആശയവിനിമയം നടത്തിയപ്പോൾ കർഷകരുടെ നൊമ്പരങ്ങളും പ്രയാസങ്ങളും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടക്കുന്ന കൃഷികളൊക്കെ കർഷകരുടെ മേൽ അടിച്ചേൽപ്പിച്ചതല്ല. കർഷകരെ സംബന്ധിച്ചിടത്തോളം അവ ലാഭകരമാണെന്ന് കണ്ടപ്പോൾ അവർ ഓരോ കൃഷിയും തെരഞ്ഞെടുക്കുകയാണ് ചെയ്തത്. ഇപ്പോൾ സംസ്ഥാനത്ത് കാണുന്ന പല കൃഷി ഭൂമികളും അന്നത്തെ കർഷകരുടെ സാമൂഹികമായ ആവശ്യം എന്ന നിലയ്ക്ക് കുന്നുകളൊക്കെ ഇടിച്ച് നിരപ്പാക്കി വയലുകളാക്കി തിരിച്ചതാണ്. അന്ന് കരഭൂമിയെക്കാളുപരി ഉപജീവനത്തിന് ലാഭകരമായി ഏറ്റവും ആവശ്യമായത് നെല്ലാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് കർഷകർ കുന്നുകളൊക്കെ ഇടിച്ച് വയലുകളാക്കി തിരിച്ചത്. അങ്ങനെ പരിവർത്തനപ്പെടുത്തിയ കൃഷിഭൂമികളിൽ കൃഷി നടത്താൻ പ്രയാസകരമായതുകൊണ്ടാണ് അവർ മറ്റ് മാർഗ്ഗങ്ങൾ ചിന്തിക്കുന്നത്. കൃഷി നശിക്കാതിരിക്കാനും കൃഷിക്കാരെ സംരക്ഷിക്കാനുമായി വ്യക്തമായ

വകുപ്പുകൾ ഉള്ള നിയമത്തിന് മാത്രമേ കൃഷിക്കാരുടെ പിന്തുണ ലഭിക്കുകയുള്ളൂ. സംരക്ഷിക്കുന്നതിന് പകരം കൃഷിക്കാരെ ശിക്ഷിക്കാനും നിയന്ത്രിക്കാനുമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നത്. കടക്കെണിയിലാവുന്ന കർഷകർ ഭൂ മാഫിയയുടെ കുരുക്കിൽ വീണ് ഒടുവിൽ ആത്മഹത്യയെ അഭയം പ്രാപിക്കാതിരിക്കാൻ കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് കൃഷിക്കാർക്ക് സഹായകരമാകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തണം. സബ്സിഡിയും. ഗുണമേന്മയുള്ള വിത്തുൽപ്പന്നങ്ങളും നൽകി നെൽകൃഷി പ്രോൽസാഹിപ്പിക്കണം. കൃഷിയുടെ നിലനിൽപ്പിനും വികസനത്തിനും തടസ്സമായി നിൽക്കുന്നത് കർഷകരാണെന്ന കാഴ്ചപ്പാടാണ് ഈ നിയമത്തിലുള്ളത്. പാടങ്ങൾ ഏറ്റെടുത്ത് നെൽകൃഷി ചെയ്യാനായി കുടുംബശ്രീയെയും മറ്റും ഏൽപ്പിക്കുന്നത് സ്ഥായിയായ പരിഹാരമാവുകയില്ല. കർഷക കടാശ്വാസ കമ്മിഷനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തരംതിരിക്കാൻ പോലും സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നിരിക്കുന്നത്.. കൃഷിക്കാരെ സഹായിക്കാനും സംരക്ഷിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അടിസ്ഥാനപരമായ മാറ്റങ്ങളോടു കൂടി ഈ ബിൽ നിയമമാക്കണം.

<u>ശ്രീ. തോമസ് ചാണ്ടി: </u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. കുട്ടനാട്ടിലെ ഭൂപ്രകൃതിക്കനുയോജ്യമായത് നെൽകൃഷി മാത്രമാണ്. ആ നിലയ്ക്ക് കുട്ടനാടിന് ഇത്തരത്തിൽ ഒരു നിയമത്തിന്റെ ആവശ്യമില്ല. വിദഗ്ദ്ധ സമിതിയെ വച്ച് ജില്ല തിരിച്ചുള്ള ഒരു പഠനം നടത്തി ഡ്രാഫ്റ്റുണ്ടാക്കി

പിന്നീട് സെലക്റ്റ് കമ്മിറ്റിയിൽ വച്ച് ധൃതി കൂടാതെ നിയമമാക്കണമായിരുന്നു. എറണാകുളം, തൃശ്ശൂർ, പാലക്കാട് തുടങ്ങി കേരളത്തിലെ മറ്റ് ജില്ലകൾ പരിശോധിക്കുമ്പോൾ ആലപ്പുഴയിലെ കുട്ടനാട്ടിൽ എത്രത്തോളം നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കാവുന്നതാണ്. സംരക്ഷിക്കുന്നതിനുപകരം കർഷരെ ശിക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു നിയമമാണിത് എറണാകുളത്ത് നിലം നികത്തിയവർ സമ്പന്നരാണ്. കുട്ടനാട്ടിലെ സ്ഥിതി അതല്ല. അനുബന്ധ വ്യവസായങ്ങൾ ഉണ്ടായാലേ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളൂ എന്ന് സ്വാമി നാഥൻ കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കുട്ടനാട്ടിൽ കൃഷിച്ചെലവ് വളരെ കൂടുതലാണ്. നെൽക്കൃഷി ഇപ്പോൾ ലാഭകരമായ നില യിൽ ആയിട്ടുണ്ട്. നെൽക്കൃഷി ലാഭകരമല്ലാതിരുന്ന കാലഘട്ടത്തിൽ ഉപയോ ഗിക്കാതെ കിടന്ന ഭൂമിയാണ് ഇപ്പോൾ തരിശൂഭൂമിയായി നിൽക്കുന്നത്. തരിശ് ഭൂമിയിൽ കൃഷി ചെയ്യാൻവേണ്ടി ക്രയവിക്രയങ്ങൾ നടത്തുന്നത് സൗഹൃദാന്തരീക്ഷത്തിലായിരിക്കണം. റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി വയലുകൾ നികത്തുന്നതിന് നിയന്ത്രണം ഏർപ്പെ ടുത്തരുത്. ഓരോ പ്രദേശത്തേയും ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് സർക്കാർ ചെലവിൽ ജലസേചന സൗകര്യമുൾപ്പെ ടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഭൂമി തരിശ്ശിടുന്ന അവസ്ഥ ഉണ്ടാകുകയില്ല. ഭൂപരിഷ്ക്കരണ നിയമത്തിലെ അപാകതകൾ പരിഹരിക്കണം. ഈ ബിൽ ധൃതി പിടിച്ച് പാസ്സാക്കാതെ ഒരു വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൂടി വാങ്ങി വിശദമായി ചർച്ചചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി പാസ്സാക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് പാസ്സാക്കാൻ പോകുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള പരിഷ്ക്കരണ നിയമങ്ങൾ ധാരാളം പാസ്സാക്കിയിട്ടുണ്ട്. കേരള സംസ്ഥാനം നിലവിൽ വരുന്നതിനുമുമ്പുതന്നെ കേരളത്തിലെ ഭൂമിയുമായി ബന്ധപ്പെട്ട് നിയമങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. 1954-ൽ പട്ടം താണുപിള്ള മന്ത്രിസഭ ഭൂനിയമങ്ങളെ സംബന്ധിച്ച് ഭൂനയബില്ലുകൾ കൊണ്ടുവന്നു. അതിനുശേഷം കൈവശ ഭൂമിയുടെ പരിധി നിശ്ചയിക്കുന്ന കൂടുതൽ മെച്ചപ്പെട്ട നിയമങ്ങൾ ഓരോ ഘട്ടത്തിലും കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. 1957-ൽ കേരളത്തിൽ വിപ്ലവാത്മകമായ ഒരു നിയമമാണ് ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്നത്. ഭൂസ്വാമിമാരുടെ കയ്യിലുള്ള ഭൂമി കേരളത്തിലെ കർഷകർക്ക് കൊടുക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു നിയമം കൊണ്ടുവന്നു. വളരെ സങ്കീർണ്ണമായ ഒരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത്. ഇത് പത്ത്-പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് കൊണ്ടുവരേണ്ട ഒരു ബില്ലായിരുന്നു. ഈ നിയമം ധൃതിപിടിച്ച് പാസ്സാക്കാൻ പാടില്ല എന്നുള്ള പ്രതിപക്ഷത്തിന്റെ അഭിപ്രായത്തോട് യോജിക്കാൻ കഴിയുകയില്ല. ഈ ബിൽ ഏഴ് മാസം മുമ്പ് സഭയിൽ അവതരിപ്പിക്കുകയും ആവശ്യമായ പ്രചാരണം കൊടുത്തുകൊണ്ട് ജില്ലാതല സിറ്റിംഗുകളും അഖിലേന്ത്യാതല ത്തിലുള്ള മീറ്റിംഗുകളും സംഘടിപ്പിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളു മെല്ലാം ശേഖരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും കാർഷിക

വിദഗ്ദ്ധരിൽനിന്നും തെളിവെടുപ്പുകൾ നടത്തുകയും ചെയ്തശേഷമാണ് നിയമസഭയിൽ വീണ്ടും അവതരിപ്പിച്ചിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ വിമർശനം വാദത്തിനുവേണ്ടി മാത്രമുള്ള വിമർശനമായി മാറിയിരിക്കുന്നു. ഇത്രയും പ്രധാനപ്പെട്ട ഒരു ബിൽ ഇന്നുതന്നെ പാസ്സാക്കണം. ഈ ബിൽ പാസ്സാകുന്നതോടുകൂടി അത് ചരിത്രത്തിൽ ഒരു പൊൻതൂവലായി മാറും. വിയോജനക്കുറിപ്പിൽ ഈ ബില്ലിന്റെ കാര്യത്തിൽ ആവശ്യമായ സമയം ലഭിച്ചിട്ടില്ലെന്ന് പറഞ്ഞിട്ടില്ല. കേരളത്തെക്കുറിച്ച് പ്രതിപക്ഷത്തിന് അൽപമെങ്കിലും ഉൽക്കണ്ഠയുണ്ടായിരുന്നെങ്കിൽ ഈ നിയമത്തിനെതിരായി സംസാരിക്കില്ലായിരുന്നു. മണ്ണും വെള്ളവും സംരക്ഷിക്കാനുള്ള നിയമമാണിത്. വയലേലകളേയും തണ്ണീർത്തടങ്ങളേയും സംരക്ഷിക്കാനുള്ള ഈ നിയമത്തെ സർവ്വാത്മനാ അനുകൂലിക്കുകയാണ് വേണ്ടത്. പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണം. നെൽവയലുകൾ നികത്തുന്നതിന്റെ ഫലമായിട്ടാണ് പ്രകൃതിയുടെ സന്തുലനം തന്നെ അപകടത്തിലാകുന്നതും പലതരം പകർച്ചാവ്യാധികൾ പിടിപെടുന്നതും. നെൽവയലുകൾ നികത്തപ്പെടുമ്പോൾ നെൽകൃഷി കുറയുന്നു എന്നുമാത്രമല്ല ഭൂമിയ്ക്കടിയിലേയ്ക്ക് പോകേണ്ട വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങുന്നില്ല. വ്യാവസായിക വികസനവും തണ്ണീർത്തട സംരക്ഷണവും സമതുലിതമായി കൊണ്ടുപോകാനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ വ്യക്തമായി പറയുന്നുണ്ട്. പൊതുജനത്തിന് വളരെ അത്യാവശ്യമായിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കണമെന്ന് ജനകീയ സമിതിക്ക് ബോദ്ധ്യമാവുകയാണെങ്കിൽ അത് നടപ്പാക്കുന്നതിനുള്ള പ്രൊവിഷനും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധ്യമായ വിധത്തിൽ കൃഷിക്കാരെ കാർഷികമേഖലയിൽ

പിടിച്ചുനിർത്താനാണ് ഈ ബില്ലിലൂടെ ശ്രമിക്കുന്നത്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലുമെല്ലാം ഗുണപരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. 2-ാം വകുപ്പിലെ (ix)-ാം ഉപവകുപ്പിൽ പരിവർത്തനാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന ഹ്രസ്വകാല വിളകളെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന്റെ കൂടെ പുഷ്പകൃഷി കൂടി ഉൾപ്പെടുത്തണം. (xiv)-ാം ഉപ വകുപ്പിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളെക്കൂടി ചേർക്കണം. (xviii)-ാം ഉപവകുപ്പിൽ "തണ്ണീർത്തടം" എന്ന നിർവ്വചനത്തിൽ "കാവുകൾ" കൂടി ഉൾപ്പെടുത്തണം. 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൽ കൃഷിക്കാർക്ക് ആവശ്യമായ പ്രോൽസാഹനം നൽകുമെന്നു പറഞ്ഞിരിക്കുന്നിടത്ത് നെൽകൃഷിക്കാരന് പ്രത്യേക പരിഗണന നൽകണം എന്നുകൂടി ചേർക്കണം. നെൽകൃഷി നടത്തുന്നവർക്ക് ദേശസ്നേഹപരമായും മനുഷ്യസ്നേഹപരമായും കഴിയുന്നത്ര പരിഗണനയും പ്രോൽസാഹനവും നൽകേണ്ടതാണ്. 3-ാമത്തെ വകുപ്പിൽ പറഞ്ഞിരിക്കുന്ന കൃഷിയിടങ്ങളുടെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ഡാറ്റാ ബാങ്ക് സംവിധാനം എത്രയും വേഗം നടപ്പിലാക്കണം. ഈ ബിൽ പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ മാത്രമേ ബില്ലിനകത്ത് വ്യവസ്ഥചെയ്യുന്ന ശിക്ഷ വിധിക്കാൻ പാടുള്ളൂ എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ നിലം നികത്തിയവരെ കണ്ടുപിടിച്ച് ശിക്ഷിക്കേണ്ട മാർഗ്ഗത്തെക്കുറിച്ച് ആലോചിക്കണം. ഈ ബിൽ പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ മാത്രമേ 17-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന ശിക്ഷ നടപ്പിലാക്കാൻ

സാധിക്കുകയുള്ളൂ. നിയമസഭയിൽ ബിൽ അവതരിപ്പിച്ചതിനുശേഷം അനധികൃതമായി നെൽവയൽ നികത്തിയവരെ ലാന്റ് യൂട്ടിലൈസേഷൻ ആക്ട് അനുസരിച്ച് ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലിന്റെ സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെടുത്തുന്ന ഡാറ്റാബാങ്ക് തയ്യാറാക്കി ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യാനുള്ള വ്യവസ്ഥ കൂടി ബില്ലിൽ ഉൾപ്പെടുത്തണം. സംസ്ഥാനതല സമിതിയിൽ രണ്ട് കർഷക പ്രതിനിധികളെ ഉൾപ്പെടുത്തുകയും അതിൽ ഒന്ന് വനിതാ പ്രതിനിധിയായിരിക്കുകയും വേണം. ജില്ലാതല അധികൃതസമിതിയിൽ കൊടുക്കുന്ന അപ്പീലിന്മേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുമെന്ന വ്യവസ്ഥ സംശയത്തിനിടയാക്കുന്നുണ്ട്. നെൽവയലോ തണ്ണീർത്തടങ്ങളോ പരിവർത്തനം ചെയ്താൽ അയാളെ ശിക്ഷിക്കാനുള്ള വ്യവസ്ഥയുണ്ട്. എന്നാൽ അങ്ങനെ പുനരാവിഷ്ക്കരിക്കാൻ സാധിക്കാത്ത വിധത്തിലാക്കിതീർത്ത ഭൂമി എന്തുചെയ്യണമെന്നതിനെക്കുറിച്ച് നിയമത്തിൽ വ്യവസ്ഥയില്ല. അതുകൂടി നിയമത്തിൽ കൂട്ടിച്ചേർക്കണം. കേരളത്തിലെ ജനങ്ങൾ വളരെ അഭിമാനത്തോടുകൂടിയാണ് ഈ നിയമത്തെ നോക്കികാണുന്നത്. സംസ്ഥാനത്തെ നിലങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനും കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അറുതി വരുത്താനും ഇപ്പോഴത്തെ തലമുറയെ കൃഷിഭൂമിയുമായി കൂടുതൽ അടുപ്പിക്കുന്നതിനും ഈ നിയമത്തിലൂടെ സാധിക്കുന്നതാണ്. ഈ ബിൽ നിയമമാകുന്നതോടെ ഒരിഞ്ച് കൃഷി ഭൂമി പോലും അന്യാധീനപ്പെട്ടുപോകുകയില്ല. ഇത്തരമൊരു നിയമം കൊണ്ടുവരാൻ തയ്യാറായ ഈ ഗവൺമെന്റിനേയും അതിന്

സെലക്ട് കമ്മിറ്റിയുമായി സഹകരിച്ച പ്രതിപക്ഷാംഗങ്ങളേയും അഭിനന്ദിക്കുന്നു.

ശ്രീ. കെ. എം. മാണി :സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയെന്ന ഉദ്ദേശശുദ്ധി നല്ലതാണെങ്കിലും അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്നത് ഒരു കരിനിയമമാണിത്. കൃഷിക്കാരെ കൂച്ചുവിലങ്ങിലിടുന്ന ഒരു നിയമമാണിത്. കൃഷിഭൂമിയിൽ നെൽക്കൃഷിയോ ഈ ബില്ലിൽ പറയുന്ന ഇടക്കാല വിളകളോ ഒഴികെയുള്ള ഏത് കൃഷി ചെയ്താലും കർഷകൻ മൂന്ന് വർഷത്തെ തടവുശിക്ഷയ്ക്ക് വിധേയനാകുമെന്ന വ്യവസ്ഥയുണ്ട്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശയനുസരിച്ച് ബണ്ടുകൾ നിർമ്മിച്ച് കൃഷി ഭൂമിയാക്കി മാറ്റുന്നതിനുള്ള ശ്രമം ഈ ബില്ലിലെ പരിവർത്തനപ്പെടുത്തൽ എന്ന നിർവ്വചനമനുസരിച്ച് ശിക്ഷാർഹമായേക്കാം. അതുകൊണ്ട് തടവ് ശിക്ഷ ഒഴിവാക്കണം. ഇതിന് മുൻകാല പ്രാബല്യം കൊണ്ടുവരുന്നത് ആർട്ടിക്കിൾ 13 അനുസരിച്ച് വയലേഷനാണ്. അതുകൊണ്ട് അതിന് നിലനിൽപ്പില്ല. നെൽകൃഷി ആദായകരമല്ലാത്തതും തൊഴിലാളികളെ ലഭിക്കാനില്ലാത്തതും കൃഷിക്കാരെ ആ മേഖലയിൽ നിന്ന് പുറകോട്ടുപോകാൻ പ്രേരിപ്പിച്ചുവെന്നത് നിഷേധിക്കാനാവില്ല. മെക്കനൈസേഷനും ഈ മേഖലയിൽ അനുവദിക്കുന്നില്ല. നെൽകൃഷി ആദായകരമാണെങ്കിൽ ഒരിഞ്ചു നിലംപോലും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി നികത്തുകയില്ല. അതുകൊണ്ട് നെൽകൃഷി ആദായകരമാക്കുന്നതിന് കർഷകർക്ക് മതിയായ

പ്രോൽസാഹനം നൽകണം. പ്രോൽസാഹനത്തിന് ഭാവിയിൽ നിശ്ചയിക്കുന്ന തുക കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല. ഒരു ഹെക്ടറിന് 12,500 രൂപയും ഒരേക്കറിന് 5000 രൂപയും മിനിമം ഇൻസെന്റീവ് നിശ്ചയിച്ച് കൊടുത്താൽ വേസ്റ്റ് ലാന്റ്പോലും കാർഷികാവശ്യത്തിനായി ഉപയോഗിക്കപ്പെടും. ഭൂവിനിയോഗ നിയമം ഫലപ്രദമായി നടപ്പിലാക്കേണ്ട തുണ്ട്. ഉള്ള ഭൂമി എങ്ങനെ വിനിയോഗിക്കണമെന്നത് സംബന്ധിച്ച് ഒരു നയമുണ്ടാകണം. ഭൂ വിനിയോഗം സംബന്ധിച്ച കെ.എൻ.ഷൺമുഖസുന്ദരം റിപ്പോർട്ട് പരിശോധിച്ച് ഭൂവിനിയോഗ നിയമം ഫലപ്രദമായി നടപ്പിലാക്കണം. നെൽപാടങ്ങളുള്ള പ്രദേശങ്ങളിൽ മീൻ കൃഷിയും നെൽകൃഷിയും ടൂറിസവും സമ്മേളിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ഉണ്ടാക്കണം. കൂടുതൽ ആളുകളെ ഈ മേഖലയിൽ ആകർഷിക്കാൻ കഴിയുന്നവിധം കർഷക സൗഹൃദ സംരക്ഷണ നിയമം ഉണ്ടാകണം. ഭൂസുരക്ഷ ഉറപ്പുവരുത്താൻ സാധ്യമാകണം. 1967-ലെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന്റേയും ഈ നിയമത്തിന്റേയും വകുപ്പുകൾ പരസ്പര വിരുദ്ധങ്ങളാണ്. ഒരു വിഷയത്തെ സംബന്ധിച്ച് രണ്ട് നിയമങ്ങൾ നിലനിൽക്കുമോയെന്നത് പരിശോധിക്കേണ്ട താണ്. റവന്യൂ ഭൂമിയെ സംബന്ധിച്ച് മലയാളവർഷം 1100-ലുണ്ടായ തരംതിരിവാണ് ഇന്നും നിലനിൽക്കുന്നത്. ലാൻഡ് റിക്കോർഡ് അനുസരിച്ച് സംസ്ഥാനത്ത് ഭൂരിഭാഗവും നിലമാണ്. അതുകൊണ്ട് ശാസ്ത്രീയമായ ഭൂമി തരംതിരിവില്ലാതെ ഈ നിയമം നടപ്പിലാക്കാൻ കഴിയില്ല. ഭരണഘടനയിലെ ആർട്ടിക്കിൾ 243 ZD പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ പ്ലാനിംഗ് സമിതികളാണ് നെൽവയൽ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനും അതിന്റെ വിനിയോഗത്തെ സംബന്ധിച്ചുള്ള നിയമം കൊണ്ടുവരേണ്ടിയുമിരുന്നത്.

അതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയാണ് ഇതിനൊരു പുതിയ നിയമം കൊണ്ടുവരേണ്ടത്. അതിനൊരു ലാൻഡ് യൂസ് പ്ലാനുണ്ടാക്കുകയും അത് ഗ്രാമസഭ ചർച്ച ചെയ്യുകയും ചെയ്യണം. ഗ്രാമസഭകൾ ഭൂമിയിലെ വെള്ളക്കെട്ടുള്ള സ്ഥലവും കൃഷി യോഗ്യമായ സ്ഥലവും വീടുവയ്ക്കേണ്ട സ്ഥലവും സംബന്ധിച്ച് പ്ലാനുണ്ടാക്കി അത് ഗ്രാമ പഞ്ചായത്തിന് കൊടുക്കുകയും ഗ്രാമ പഞ്ചായത്ത് അത് ജില്ലാ പ്ലാനിംഗ് സമിതിക്കുകൊടുത്ത് അവരുടെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ് പ്ലാനുണ്ടാക്കുന്നതിന് അയച്ചുകൊടുക്കുകയും അങ്ങനെ സംസ്ഥാനമൊട്ടാകെയുള്ള പ്ലാനുണ്ടാക്കുകയും ചെയ്യണം. അങ്ങനെയാണെങ്കിൽ ഭൂമിയിൽ പരമാവധി ഉല്പാദനമുണ്ടാക്കുന്നതിനും പരമാവധി ഭൂമി സംരക്ഷിക്കുന്നതിനും കഴിയും. ഇതിന് പുതിയ സർവ്വേയും പുതിയ തരംതരിവും വരണം. ഇതുസംബന്ധിച്ച് ഒരു ഭൂവിനിയോഗ നയംവേണം. അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ നിയമം കൊണ്ടുവരികയാണെങ്കിൽ ഭാവിയിൽ ആരും അനാവശ്യമായ കൺവർഷനിലേയ്ക്ക് കടക്കുകയോ നെൽക്കൃഷി ഉപേക്ഷിച്ച് ഒളിച്ചോടുകയോ ചെയ്യില്ല. ഓരോ ഇഞ്ചുഭൂമിയിൽ നിന്നും പരമാവധി ഉല്പാദനം വർദ്ധിപ്പിക്കാൻ സഹായകരമായ കർഷക സൗഹാർദ്ദപരമായ ഒരു കാർഷിക നിയമം കൊണ്ടുവരുന്നതിനുപകരം പകലന്തിയോളം പണിയെടുക്കുന്ന കൃഷിക്കാരനെ കയ്യാമംവച്ച് ജയിലിലടയ്ക്കുന്ന കരിനിയമമാണ് കൊണ്ടുവന്നിരിക്കുന്നത്. ബില്ലിലെ ഉദ്ദേശ്യത്തോട് യോജിക്കുന്നുവെങ്കിലും അതിലെ വ്യവസ്ഥകളോട് വിയോജിക്കുകയാണ്. അതുകൊണ്ട് ഇത് വീണ്ടും സെലക്ടുകമ്മിറ്റിയുടെ പരിശോധനയ്ക്കുവേണ്ടി അയയ്ക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്തെ നെൽകൃഷി സംരക്ഷിക്കുകയും നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന അർത്ഥത്തിൽ കൊണ്ടുവന്ന ഈ ബില്ലിൽ നെൽവയൽ തരിശ്ശിടുന്ന കൃഷിക്കാരെ മുഴുവൻ ശിക്ഷിക്കാനുള്ള വ്യവസ്ഥയുണ്ടെന്നുള്ള രീതിയിൽ വളരെയധികം പ്രചാരണം നടക്കുന്നുണ്ട്. അങ്ങനെ കൃഷിക്കാരെ ശിക്ഷിക്കാനുള്ള ഒരു വകുപ്പോ വ്യവസ്ഥയോ സർക്കുലേറ്റുചെയ്ത ബില്ലിലില്ല. വയൽ നികത്തി റിയൽ എസ്റ്റേറ്റ് ബിസിനസ്സുകളും ഫ്ളാറ്റുകളും കൊട്ടാരങ്ങളും പണിയുന്ന ഭൂമാഫിയയ്ക്കെതിരെ ചില വ്യവസ്ഥകളുണ്ട്. അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിച്ച് ഭാവിതലമുറയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഇതിലുള്ളത്. ഇത് കൃഷി ചെയ്യാനുള്ള കൃഷിക്കാരന്റെ മൗലികാവകാശത്തെ ഒരു തരത്തിലും ഹനിക്കുന്നില്ല. നെൽകൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കാനുള്ള ചില വ്യവസ്ഥകളാണ് ഇതിലുള്ളത്. കൃഷിക്കാരെ സഹായിക്കുക, കുറച്ചുകൂടി വരുമാനമുണ്ടാക്കിക്കൊടുക്കുക, ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുക എന്നിവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നെൽകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ സാമ്പത്തിക സഹായം കൊടുക്കുന്നതിനും വേണ്ടി പാഡി ബോർഡ് രൂപീകരിച്ചു. മുഖ്യമന്ത്രി ചെയർമാനും കൃഷിവകുപ്പുമന്ത്രി കൺവീനറും മന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റിതന്നെ ഭക്ഷ്യസുരക്ഷയ്ക്കും അതിന്റെ വിപുലമായ പ്രവർത്തനങ്ങൾക്കുംവേണ്ടി രൂപീകരിക്കുന്നു. ഒട്ടേറെ ഫണ്ട് മാറ്റിവച്ചുകൊണ്ട് നെൽകൃഷിയെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുന്നു. സംസ്ഥാനത്തിന്റെ പൊതു താല്പര്യത്തിനനുസരിച്ച് നിയന്ത്രണങ്ങൾക്കു വിധേയമായി നിരീക്ഷണ സമിതികളുടെ മേൽനോട്ടത്തിൽ ഇടവിളയായി

പച്ചക്കറി കൃഷി ചെയ്യാമെന്നുപറയുമ്പോൾ അത് നെൽവയൽ ദുരുപയോഗം ചെയ്യുന്നുവെന്ന് പറയുന്നത് ശരിയല്ല. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ ഭാഗമായി വന്ന കെ.എൽ.യു. ഓർഡറിൽ കൃഷിക്കാരന്റെ ഭൂമി ഏറ്റെടുത്ത് ലേലം ചെയ്തുകൊടുക്കുന്നതു സംബന്ധിച്ച് പറയുന്നുണ്ട്. കാർഷിക വിദഗ്ദ്ധ ശാസ്ത്രജ്ഞരും കർഷക പ്രതിനിധികളും തൊഴിലാളി സംഘടനകളും തുടങ്ങി സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ടവരുമായി വിശദമായി നടത്തിയ ചർച്ചയുടെയൊക്കെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കേരളം മുഴുവൻ ബിൽഡിംഗ് റൂൾസ് നടപ്പിലാക്കിയപ്പോൾ പല സ്ഥലങ്ങളും വയൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പെർമിഷൻ കിട്ടാൻ ബുദ്ധിമുട്ടുന്നു. സംസ്ഥാനത്ത് നടക്കുന്ന റീ-സർവ്വേ പൂർത്തിയാക്കി രേഖകൾ മുഴുവൻ റവന്യൂ വകുപ്പിന് കൈമാറി റിക്കോർഡുകൾ up to date ആയി വരുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാണ് പ്രാദേശിക നിരീക്ഷണ സമിതിക്ക് രൂപം കൊടുത്തിരിക്കുന്നത്. നെൽകൃഷിയുമായി ബന്ധപ്പെട്ടുകഴിയുന്ന മൂന്ന് കർഷക പ്രതിനിധികൾ, ഗ്രാമപഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ പ്രസിഡന്റ്/ചെയർ പേഴ്സൺ/ചെയർമാൻ, കൃഷി ഓഫീസർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഈ സമിതി ശാസ്ത്രീയമായി പരിശോധിച്ച് നെൽവയലുകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നു. പാവപ്പെട്ട കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു ആശ്വാസമാണ്. നെൽകൃഷിക്കാരെ സഹായിക്കുന്നതിന് സമൂഹത്തിനും ഗവൺമെന്റിനും ഉത്തരവാദിത്വമുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ

വഴി പരിമാവധി നെല്ലുസംഭരണം നടത്തിയതും നെല്ലിന് കിലോയ്ക്ക് 7 രൂപ തറവിലയുണ്ടായിരുന്നത് 10 രൂപയാക്കിയതും വേനൽ മഴമൂലം കൃഷിനാശം വന്നവർക്ക് 10 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരം കൊടുക്കാൻ കഴിഞ്ഞതുമെല്ലാം നെൽകൃഷിക്കാരെ സഹായിക്കുന്നതിന്റെ ഭാഗമായിട്ടാണ്. നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷയിൽ മാറ്റം ആവശ്യമാണെങ്കിൽ അത് വരുത്താവുന്നതാണ്. കൃഷിക്കാരെ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഗവൺമെന്റ് കൃഷിക്കാരന്റെ കയ്യിൽ കയ്യാമം വയ്ക്കുന്ന ഒരു നിയമം നിയമസഭയിൽ കൊണ്ടു വരില്ല. കെ.എൽ.യു. ഓർഡറിൽ ഏഴു വർഷം വരെ തടവുശിക്ഷ കൊടുക്കുന്നതിനെക്കുറിച്ചു പറയുന്നുണ്ട്. കേന്ദ്ര നിയമത്തിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരവും എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരവും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ റദ്ദ് ചെയ്തിട്ടുണ്ട്. കെ.എൽ.യു. ഓർഡർ റദ്ദാക്കിയാൽ നെൽവയൽ നികത്തൽ സംബന്ധിച്ചുള്ള എല്ലാ നിയമങ്ങളും അതോടെ ഇല്ലാതാകും. ഭൂമാഫിയകൾ ഭൂമി കയ്യടക്കും. ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് മാറ്റേണ്ടിവരും. രണ്ടു നിയമങ്ങളും ഇവിടെ നടപ്പാക്കാൻ പറ്റില്ല. ലാന്റും അഗ്രിക്കൾച്ചറും സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റുകൾ നിയമനിർമ്മാണം നടത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. വകുപ്പുതിരിച്ചുള്ള ചർച്ചയിൽ ഗവൺമെന്റിനു പറയാനുള്ളത് പറയാം.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(110) രണ്ടാം ഖണ്ഡത്തിന്റെ (ii)-ാം ഇനത്തിൽ "4 ബി " എന്ന അക്കത്തിനും അക്ഷരത്തിനും പകരം "3 ബി " എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്.

പ്രൊഫ. എൻ. ജയരാജ്: 113, 126, 133, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 115, 124, 136, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻമാസ്റ്റർ: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ: 120, 122, 132, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 121, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ: 130-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ. സി. ജോസഫ്: 144-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. കെ.രാജു: 139, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: 141-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. ഹംസ: 149-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ ഖണ്ഡം 2 (iii)-ൽ "കൈത്തോടുകളും" എന്നതിനുശേഷം "ചിറകളും വരമ്പുകളും" എന്നീ വാക്കുകൾ കൂടി ചേർക്കുക എന്ന പ്രൊഫ. എൻ ജയരാജ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച ഖണ്ഡം (2) (viii)-ൽ "നിയമാനുസൃത അവകാശരൂപേണയോ" എന്നത് "നിയമാനുസൃത അവകാശിയായോ" എന്നാക്കുക എന്ന 120-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2(xii)-ന്റെ പ്രാരംഭത്തിൽ "എന്നതിൽ" എന്നതിനു പകരം "എന്നാൽ" എന്നു ചേർക്കുക എന്ന 132-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതിയും പ്രൊഫ. എൻ ജയരാജ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച 120, 132 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(151) 3-ാം ഖണ്ഡത്തിന്റെ, (1)-ാം ഉപഖണ്ഡത്തിൽ, "യൽ" എന്ന അക്ഷരങ്ങൾക്ക് പകരം "നെൽവയൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. വി.എൻ. വാസവൻ: 152, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 156, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ്: 157, 172 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 162, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ ഖണ്ഡം 3(2)-ൽ "പാരിസ്ഥിതിക സ്വഭാവം കണക്കിലെടുത്തുകൊണ്ട്" എന്നതിനുശേഷം "പാരിസ്ഥിതിക സ്വഭാവത്തിന് മാറ്റം വരുത്താതെ" എന്നു ചേർക്കുക എന്ന ശ്രീ.വി.എൻ. വാസവൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതിയും ഖണ്ഡം 3(2)-ൽ "കണക്കിലെടുത്തുകൊണ്ട്" എന്ന വാക്കിനു പ്രകാരം "നില നിർത്തി ക്കൊണ്ട്" എന്ന വാക്കുകൾ ചേർക്കുക എന്ന പ്രൊഫ. എൻ. ജയരാജ്

അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 159-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ.വി.എൻ. വാസവൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതിയും പ്രൊഫ. എൻ.ജയരാജ് അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 എ വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(180) ഖണ്ഡം 3-എയ്ക്ക് പകരം താഴെപ്പറയുന്നത് ചേർക്കുക

"3 എ. നെൽകൃഷിക്ക് പ്രോത്സാഹനം നൽകൽ:- സംസ്ഥാനത്തെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനുവേണ്ടി, സർക്കാർ, കാലാകാലങ്ങളിൽ, ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്."

ശ്രീ.വി.എൻ. വാസവൻ: 181-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. ഉമ്മർ: 182, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: 183-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 184, 188, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 193, 207, 232, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ.ബി. ബാബുപ്രസാദ്: 189, 202, 213, 224, 240 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു

ശ്രീ. എം.എ. വാഹീദ്: 225, 238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 221, 231, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുപുറമെ ഖണ്ഡം 3-എയിൽ "ഓരോ ആളിനും" എന്ന വാക്കിനും "ഹെക്ടർ ഒന്നിന്" എന്ന വാക്കിനും ഇടയിലുള്ള "സർക്കാർ" എന്ന വാക്ക് നീക്കം ചെയ്യുക എന്ന ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 180-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി 16-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി 17-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 എ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 എ വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 ബി വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(247) 3 ബി ഖണ്ഡത്തിൽ:-

(1) (2)-ാം ഉപവകുപ്പിന്റെ (iv)-ാം ഇനത്തിൽ, "നെൽകൃഷിക്കാരുടെ" എന്ന വാക്കിന് ശേഷം, "നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്ന വാക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

(2) (3)-ാം ഉപഖണ്ഡത്തിൽ:-

(എ) തുടക്കത്തിലുള്ള "കമ്മിറ്റിക്ക്" എന്ന വാക്കിന് പകരം "സമിതിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (i)-ാം ഇനത്തിൽ:-

(i) "ജില്ലാ" എന്ന വാക്ക് വിട്ടു കളയേണ്ടതാണ്.

(ii) താഴെപ്പറയുനന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്. അതായത്:-

“എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി, അഞ്ച് സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല.”

(സി) ( iv)-ാം ഇനത്തിൽ “നിർദ്ദേശിക്കുക” എന്ന വാക്കിന് പകരം “നിർദ്ദേശിക്കുകയും ചെയ്യുക” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (4)-ാം ഉപവകുപ്പിന്റെ (ii)-ാം ഇനത്തിൽ, “(2)” എന്ന അക്കത്തിനും ബ്രാക്കറ്റിനും പകരം “(3)” എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

"3 ബി വകുപ്പിനുള്ള 247-ാം നമ്പർ ഔദ്യോഗിക ഭേദഗതിയിൽ 2(ബി) (11)-ൽ പ്രകാരം ഉൾപ്പെടുത്തുന്ന ക്ലിപ്ത നിബന്ധനയിൽ “അഞ്ച്” എന്ന വാക്കിനുപകരം അതതു സംഗതി പോലെ പഞ്ചായത്തിൽ “പത്തും” കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിൽ “അഞ്ചും” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ: 248, 254, 258, 267, 294, 308 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു: 249-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. ഉമ്മർ: 250-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. ഹംസ: 252 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 253, 266, 277, 279, 280, 292 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 255, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: 256, 307 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.എസ്. സുനിൽകുമാർ: 260-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 261, 275, 310, 312 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 264, 268, 304 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 265, 285, 303, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ: 271-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ.സി. എഫ്. തോമസ്: 272, 278, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബുപ്രസാദ്: 276-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. അൽഫോൺസ് കണ്ണന്താനം: 293-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 3 ബി-യിൽ ഖണ്ഡത്തിൽ "പ്രാദേശിക നിരീക്ഷണ സമിതി" എന്നുള്ളത് "പ്രാദേശികതല നിരീക്ഷണ സമിതി" എന്നാക്കി മാറ്റണമെന്നുള്ള വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. ഖണ്ഡം 3 ബി (2) (iv)-ൽ അവസാനം "കൃഷി ആഫീസർ പ്രദേശിക നിരീക്ഷണ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്." എന്നു ചേർക്കുക എന്ന ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും ഖണ്ഡം 3 ബി (5)-ൽ "യോഗത്തിനുള്ള സ്ഥലവും സമയവും ചെയർമാൻ തീരുമാനിക്കേണ്ടതാണ്" എന്നതിനുപകരം "യോഗത്തിനുള്ള സ്ഥലം അതത് സ്ഥലത്തെ പഞ്ചായത്ത് ഓഫീസ് ആയിരിക്കേണ്ടതും സമയം ചെയർമാൻ തീരുമാനിക്കേണ്ടതുമാണ്" എന്നു ചേർക്കുക എന്ന ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. സഭയിൽ മൂവ് ചെയ്യാത്ത ഖണ്ഡം 3 ബി (4)(i)-ൽ "അറിവിലേക്ക്" എന്നതിനുശേഷം "ബന്ധപ്പെട്ട: എന്നു ചേർക്കുക എന്ന ശ്രീ. ടി.എൻ. പ്രതാപന്റെ 291-ാം നമ്പർ ഭേദഗതിയും ഖണ്ഡം 3 ബി-യ്ക്കുശേഷം പ്രാദേശിക നിരീക്ഷണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അതിന്റെ രൂപീകരണത്തീയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാണ്. എന്നാൽ ഒരു സമിതിയുടെ കാലാവധി അവസാനിച്ച ശേഷം അടുത്ത സമിതി രൂപീകരിക്കുന്നതുവരെ അതിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ് (2) ഒരു അനൗദ്യോഗിക അംഗത്തിന് എപ്പോൾ വേണമെങ്കിലും സ്വന്തം കയ്യക്ഷരത്തിൽ രേഖാമൂലം

എഴുതിക്കൊടുത്തുകൊണ്ട് സ്ഥാനം രാജി വയ്ക്കാവുന്നതാണ്. എന്ന ശ്രീ. വി.ഡി. സതീശന്റെ 313-ാം നമ്പർ ഭേദഗതിയുടെ ഒന്നും രണ്ടും ഭാഗം വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. അൽഫോൺസ് കണ്ണന്താനം അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി "സംസ്ഥാന ഭൂ വിനി യോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായ ത്തോടെ" എന്ന് ഭേദഗതി വരുത്തി സ്വീകാര്യമാണ്. ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതിയും ശ്രീ. അൽഫോൺസ് കണ്ണന്താനം അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി മന്ത്രിയുടെ വാക്കാൽ ഭേദഗതിയോടുകൂടിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 ബി വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 ബി വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 സി വകുപ്പ്

ശ്രീ. അൽഫോൺസ് കണ്ണന്താനം: 317-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3 സി വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3 സി വകുപ്പ് ബില്ലിന്റെ ഭാഗമായി.

3 ഡി വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(318) ഖണ്ഡം 3 ഡി (2)-ൽ ‘‘ പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ദ്ധൻ ’’ എന്ന വാക്കുകൾക്ക് ശേഷം ‘‘ നെൽകൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ ’’ എന്ന വാക്കുകൾ ചേർക്കുക.

ശ്രീ.വി.എൻ.വാസവൻ: 319, 320, 334, 335 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: 321, 323, 336, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 325, 328 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് : 329-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്ന് ഡി വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്ന് ഡി വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്ന് ഇ വകുപ്പ്</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു

(340) ഖണ്ഡം 3 ഇ-ൽ

(1) (1)-ാം ഉപഖണ്ഡത്തിൽ

(എ) തുടക്കത്തിൽ ''3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്; അതായത്:-

''എന്നാൽ വീട് വയ്ക്കുന്നതിന് അഞ്ച് സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള യാതൊരു തീരുമാനവും ജില്ലാതല അധികൃത സമിതി എടുക്കുവാൻ പാടുള്ളതല്ല.''

(2) (5)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

(6) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രദേശിക നിരീക്ഷണ സമിതി

(i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കില്ല എന്നും;

(ii) നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ല എന്നും;

(iii) കെട്ടിടം നിർമ്മിക്കുന്നതിന് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും;

(iv) പ്രസ്തുത നെൽവയൽ, മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ല എന്നും;

സമിതി ശുപാർശ ചെയ്താൽ അല്ലാതെ അപ്രകാരമുള്ള യാതൊരു അപേകഷയും ജില്ലാ തലഅധികാര സമിതി പരിഗണിക്കുവാൻ പാടുള്ളതല്ല''

പഞ്ചായത്തിൽ 10 സെന്റ് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 5 സെന്റ് എന്നത് 340 (ബി) യിലും ഉൾപ്പെടുത്തേണ്ടതാണ്.

<u>ശ്രീ. എം. ഉമ്മർ :</u> 341, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u> : 342, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u> : 344, 348 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.സി. ജോസഫ്</u>: 347-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഹംസ</u> : 349-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം :</u> 352-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>പ്രൊഫ: എൻ. ജയരാജ് :</u> 353-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ് : 356-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഖണ്ഡം 3 ഇ (3)-ൽ ''ലഭ്യമാക്കുന്ന ശുപാർശകളിൻമേൽ'' എന്നീ വാക്കുകൾക്ക് പകരം ''ലഭ്യമാകുന്ന ശുപാർശകളിൻമേൽ'' എന്നീ വാക്കുകൾ ചേർക്കുക എന്ന 351-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ.ടി.എൻ പ്രതാപന്റെ 350-ാം നമ്പർ ഭേദഗതിയുടെ (2എ), (2ബി) ഭാഗങ്ങൾ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു: ഖണ്ഡം 3 (ഇ) (2)-നുശേഷം താഴെപ്പറയുന്നവ പുതിയ ഉപഖണ്ഡങ്ങളായി ചേർക്കുക

'' (2എ) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷമായിരിക്കുന്നതാണ്. എന്നാൽ കാലാവധി തീർന്ന ശേഷവും അടുത്തു വരേണ്ട അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ അവർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്. ''

''2(ബി) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സ്വന്തം കൈപ്പടയിലെഴുതിയ കത്ത് ജില്ലാ കളക്ടർക്ക് നൽകിക്കൊണ്ട് എപ്പോൾ വേണമെങ്കിലും സമിതിയിൽ നിന്ന് രാജി വയ്ക്കാവുന്നതാണ്''

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും ശ്രീ. ഉമ്മർ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്ന് ഇ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്ന് ഇ വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(357) ഖണ്ഡം 4(3) ഒഴിവാക്കുക.

ശ്രീ. കെ.സി. ജോസഫ് : 359-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ് : 368-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.യു. കുരുവിള : 369-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(370) ഖണ്ഡം 5-ൽ

(1) ''പരിവർത്തനപ്പെടുത്തുന്നതിനും ''എന്ന വാക്ക് മാർജിനൽ ശീർഷകത്തിൽ ഉൾപ്പെടെ രണ്ടിടത്തും വിട്ടുകളയേണ്ടതും മാർജിനൽ ശീർഷകത്തിൽ, ''രൂപാന്തരപ്പെടുത്തുന്നതിനുമുള്ള'' എന്ന വാക്കിന് പകരം ''രൂപാന്തരപ്പെടുത്തുന്നതിനുള്ള'' എന്ന വാക്ക് ചേർക്കേണ്ടതുമാണ്;

(2) ക്ലിപ്ത നിബന്ധനയിൽ ''നിലനിർത്തുന്നതിന്'' എന്ന വാക്കിന്ശേഷം ''വേണ്ടി'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. വി.എസ്. സുനിൽകുമാർ : 371, 372, 373, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 376-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(377) ഖണ്ഡം 6(2)(ബി) യിൽ ''3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾ'' എന്ന അക്കത്തിനും വാക്കുകൾക്കും പകരം ''3-ാം വകുപ്പിനോ 5-ാം വകുപ്പിനോ വിരുദ്ധമായ ഏതൊരു പ്രവർത്തനവും'' എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : : 378, 385 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : 380-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : 382-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: എൻ. ജയരാജ് : 383-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഖണ്ഡം 6 (2) (എ)യിൽ ''എൻക്വയറിയോ'' എന്ന പദം ഒഴിവാക്കേണ്ടതാണ് എന്ന 380-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ 380-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. അൽഫോൺസ് കണ്ണന്താനം അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കണമെന്ന പ്രശ്നം 16-നെതിരെ 64 വോട്ടുകളോടെ സഭ അംഗീകരിച്ചു. ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി 16-നെതിരെ 67 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 386-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: എൻ. ജയരാജ് : 387-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം : 388-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(389) ഖണ്ഡം 8-ൽ ''നീർത്തടത്തിലോ'' എന്ന വാക്കിന് പകരം ''തണ്ണീർത്തടത്തിലോ'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

പ്രൊഫ: എൻ. ജയരാജ് : 390-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : 391-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രൊഫ: എൻ. ജയരാജ് അവതരിപ്പിച്ച ഖണ്ഡം 8-ൽ ''ഏതെങ്കിലും പ്രവൃത്തി'' എന്നത് ''ഏതെങ്കിലും പ്രവർത്തിയോ നിർമ്മാണമോ'' എന്നു മാറ്റുക എന്ന 390-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും പ്രൊഫ: എൻ. ജയരാജ് അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. അൽഫോൺസ് കണ്ണന്താനം അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(394) ഖണ്ഡം 10 (6)-ന്റെ രണ്ടാമത്തെ ഖണ്ഡിക (7)-ാം ഉപഖണ്ഡമായി അക്കമിടേണ്ടതും അങ്ങനെ അക്കമിട്ട (7)-ാം ഉപഖണ്ഡത്തിന്റെ തുടക്കത്തിലുള്ള '' (2) '' എന്ന അക്കത്തിനും ബ്രാക്കറ്റിനും പകരം '' (4) ''

എന്ന അക്കവും ബ്രാക്കറ്റും ചേർക്കേണ്ടതുമാണ്. താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൂടി അവതരിപ്പിക്കുന്നു. ഖണ്ഡം (10)-ൽ (8) കൂട്ടിച്ചേർക്കണം. ''(8) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പ് പ്രകാര മുള്ള നോട്ടീസ് ലഭിക്കാതെതന്നെ നെൽവയലിന്റെ ഒരു ഉടമസ്ഥന് തന്റെ നെൽവയൽ സ്വന്തമായി കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അയാൾക്ക് അയാൾ ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതി നായി പഞ്ചായത്തിനേയോ മുനിസിപ്പാലിറ്റിയേയോ ഏൽപ്പിച്ചു കൊടുക്കാൻ സ്വയം ആവശ്യപ്പെടാവുന്നതാണ്.''

ശ്രീ. അൽഫോൺസ് കണ്ണന്താനം : 396-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : 397-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : 400-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: എൻ. ജയരാജ്: 401-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു : 403-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 413-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 416-ാം നമ്പർ ഭേദഗതി അവതരി പ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 423-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

.റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച ഖണ്ഡം 10 (3) ''കൃഷി ചെയ്യിപ്പിക്കുന്നതിനോ വേണ്ടി''

എന്നത് കഴിഞ്ഞ് "ഒരു നിശ്ചിത കാലയളവിലേയ്ക്ക്" എന്ന് ചേർക്കുക എന്ന 400-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച ഖണ്ഡം 10(4)-ൽ ഒരു "നിശ്ചിത കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾക്കു പകരം "പരമാവധി രണ്ട് വർഷക്കാലളയവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക എന്ന 416-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 403-ാം നമ്പർ ഭേദഗതി 15 നെതിരെ 67 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

<u>പ്രൊഫ: എൻ. ജയരാജ്</u> : 430, 431 എന്നീ നമ്പർ ഭേദഗതികൾ അവത രിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : 432-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 433-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) :ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി 15-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. അൽഫോൺസ് കണ്ണന്താനം : 434-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 435-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു : 436-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: എൻ. ജയരാജ് : 437-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം. പ്രകാശൻ മാസ്റ്റർ: 438-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രൊഫ: എൻ. ജയരാജ് അവതരിപ്പിച്ച ഖണ്ഡം 13 (1)-ൽ ''ഉപകരണങ്ങളോ'' എന്നതിനുപകരം ''യന്ത്രോപകരണങ്ങളോ'' എന്നു ചേർക്കുക എന്ന 437-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡം 13 (1)-ൽ "നൽകേണ്ടതാണ്" എന്നതിനു പകരം "നൽകേണ്ടതുമാണ്" എന്നു ചേർക്കുക എന്ന 438-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല

പ്രൊഫ. എൻ.ജയരാജ് അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു..

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 439-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ: എൻ. ജയരാജ് : 440-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 439-ാം നമ്പർ ഭേദഗതി 17-നെതിരെ 65 വോട്ടുകളോടെ സഭ നിരാകരിച്ചു.

പ്രൊഫ.എൻ. ജയരാജ് അവതരിപ്പിച്ച 440-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. അൽഫോൺസ് കണ്ണന്താനം : 441, 442 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(443) ഖണ്ഡം 17-ൽ ''വിരുദ്ധമായി'' എന്ന വാക്കിന് ശേഷം ''3 ബി വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം'' എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ചന്ദ്രൻ : 444-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.എം. ഹംസ : 445-ാം മ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ശ്രീ. എം. ഹംസ അവതരിപ്പിച്ച ഖണ്ഡം 17-ൽ ''ഒരു വർഷത്തിൽ'' എന്നതിന് പകരം ''6 മാസത്തിൽ'' എന്നും ''മൂന്ന് വർഷം'' എന്നതിനുപകരം ''രണ്ട് വർഷം'' എന്നും ചേർക്കുക എന്ന 445-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഹംസ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

പ്രൊഫ. എൻ. ജയരാജ് : 449-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.അൽഫോൻസ് കണ്ണന്താനം: 451-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

(452) ഖണ്ഡം 20 താഴെപ്പറയുന്ന പ്രകാരം മാറ്റുക:

''20. സിവിൽ കോടതികൾ നിരോധന ഉത്തരവ് മുതലായവ നൽകുന്നത്- ഈ ആക്ടോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ, വിജ്ഞാപനങ്ങളോ പ്രകാരം സർക്കാരോ അല്ലെങ്കിൽ ഈ ആക്ട് പ്രകാരം അധികാരപ്പെടുത്തിയ എതെങ്കിലും ഉദ്യോഗസ്ഥനോ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും ഒരു പ്രവർത്തിയെ സംബന്ധിച്ച്, സർക്കാരിനോ അല്ലെങ്കിൽ ഈ ആക്ടിൻ കീഴിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി, അതത് സംഗതിപോലെ, ഒരു നിരോധന ഉത്തരവോ അല്ലെങ്കിൽ മറ്റേതെങ്കിലും പരിഹാരത്തിനുള്ള ഉത്തരവോ, അപ്രകാരമുള്ള നിരോധന ഉത്തരവോ മറ്റ് പരിഹാരമോ സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടില്ലാത്ത പക്ഷം, യാതൊരു സിവിൽ കോടതിയും നൽകുവാൻ പാടുള്ളതല്ല.'' ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: 453-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 453-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

453-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21 മുതൽ 24 വരെയുള്ള വകുപ്പുകൾ

21 മുതൽ 24 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21 മുതൽ 24 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

(98) ദീർഘശീർഷകത്തിൽ ''കാർഷിക'' ''വളർച്ച'' എന്നീ വാക്കുകൾക്കിടയിൽ ''രംഗത്തെ'' എന്ന വാക്കു ചേർക്കുക.

ശ്രീ. എൻ. അനിരുദ്ധൻ : 96-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് : 97, 99, 103, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ : 100-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.കെ. രാജു : 101-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എഫ്. തോമസ് : 102-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 104-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ : 105-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അൽഫോൺസ് കണ്ണന്താനം: 106-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച പീഠികയിൽ 2-ാം ഖണ്ഡികയിൽ ''പ്രോത്സാഹിപ്പിക്കുകയും'' എന്നതിനുശേഷം ''ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും'' എന്ന് ചേർക്കുക എന്ന 100-ാം നമ്പർ ഭേദഗതിയും ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഖണ്ഡം 1(3) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക. ''(3) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.'' എന്ന 109-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. 98-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഭേദഗതിയും ശ്രീ.എം. ചന്ദ്രൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതിയും ശ്രീ.കെ.സി. ജോസഫ് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ഈ നിയമം പാസ്സാക്കി പ്രായോഗികതലത്തിൽ വന്നാൽ കർഷകർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളേയും ഭീഷണിയേയും സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും സംസാരിച്ചവരും ഭേദഗതി അവതരിപ്പിച്ചവരും വിശദീകരിക്കുകയുണ്ടായി. ഭക്ഷ്യ പ്രതിസന്ധിയും പരിസ്ഥിതി പ്രശ്നങ്ങളും രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിലം നികത്തലിനെതിരായ നിയമനിർമ്മാണത്തെ പ്രതിപക്ഷം അനുകൂലിക്കുന്നു. മുഖ്യ ആഹാരം അരി ആയതിനാൽ നെല്ലുല്പാദനം പരമാവധി വർദ്ധിപ്പിക്കണം. ഏത് കൃഷിയാണ് ചെയ്യേണ്ടതെന്നുള്ള കൃഷിക്കാരന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നത് ശരിയല്ല. നെൽകൃഷി ലാഭകരമല്ലാതെ വരികയും വെള്ളം, തൊഴിലാളികൾ, തൊഴിൽ യന്ത്രങ്ങൾ എന്നിവ ലഭിക്കാതേയും വരുമ്പോൾ അവ ലഭ്യമാക്കുന്നതിനുള്ള ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കാതെ യാതൊരു തത്വദീക്ഷയുമില്ലാതെ നെൽകൃഷി ചെയ്തില്ലെങ്കിൽ ആ ഭൂമി തിരിച്ചുപിടിക്കാനും കർഷകനെ ജയിലിലിടയ്ക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. കൃഷി ചെയ്യാൻ കഴിയാതെ തരിശ്ശിടുന്ന ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്ന സംരംഭം വിജയിക്കുന്നില്ലെങ്കിൽ അനന്തര നടപടികളെക്കുറിച്ച് ബില്ലിൽ പ്രതിപാദിക്കുന്നില്ല. ബാങ്കിൽനിന്ന് ജപ്തിഭീഷണി നേരിടുന്ന കർഷകർക്ക്

ജയിൽ ഭീഷണികൂടി വന്നിരിക്കുകയാണ്. റിസൾട്ട് നോക്കാതെ വെറും പ്രചാരണത്തിന്മാത്രമാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് ഈ നിയമം ഇതേരൂപത്തിൽ പാസ്സാക്കുകയാണെങ്കിൽ ഗവൺമെന്റിന് കടുത്ത വെല്ലുവിളി നേരിടേണ്ടിവരികയും ഭേദഗതിയുമായി വീണ്ടും സഭയിൽ വരേണ്ട സ്ഥിതിയുണ്ടാകുകയും ചെയ്യും. ബില്ലിലെ കർഷകദ്രോഹമായ പ്രൊവിഷൻസിനോട് പ്രതിപക്ഷം വിയോജിക്കുന്നു. സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ തുടർനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ)</u> : 12-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനം അവസാനിക്കുന്നത് ചരിത്രപ്രധാനമായ ഒരു നിയമനിർമ്മാണം പൂർത്തീകരിച്ചുകൊണ്ടാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പരമാവധി ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് ക്രിയാത്മകമായ സമീപനം സ്വീകരിച്ചുവെങ്കിലും അവസാന നിമിഷത്തിൽ സഭ ബഹിഷ്ക്കരിച്ച് പ്രതിഷേധം നടത്തിയത് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ഘടനയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് ഭൂപരിഷ്ക്കരണ നിയമം വഴിതെളിച്ചുവെങ്കിൽ ആഗോളവത്ക്കരണത്തിന്റെ ആധുനിക കാലഘട്ടത്തിൽ ഭൂമിയെ ഒരു വില്പനച്ചരക്കാക്കി മാറ്റുന്ന മൂലധനശക്തികളുടെ അധിനിവേശത്തെ പ്രതിരോധിക്കാൻ പര്യാപ്തമായിട്ടുള്ള ശക്തമായ

നിയമനിർമ്മാണമാണ് ഇവിടെ പാസ്സാക്കാൻ പോകുന്നത്. തീർച്ചയായും ഈ നിയമം കേരളത്തിൽ ഗുണപരമായ മാറ്റം കൈവരിക്കാൻ ഉപകരിക്കും.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : സുപ്രധാനമായ ഒരു നിയമനിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്ക്കരിച്ചത് നിർഭാഗ്യകരമായിപ്പോയി. ഈ നിയമനിർമ്മാണംകൊണ്ട് സംസ്ഥാനത്ത് വലിയ ആപത്ത് വരാൻപോകുന്നുവെന്ന രീതിയിൽ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 1957-ലെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ തുടർച്ചയായി ഈ ഗവൺമെന്റ് കർഷക കടാശ്വാസ നിയമം ഉൾപ്പെടെ കൊണ്ടുവന്ന് കർഷക ആത്മഹത്യ ഇല്ലാതാക്കുകയും ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും കുടുംബത്തിന് 50,000 രൂപ വീതം സഹായം നൽകുകയും ചെയ്ത് കർഷകോപകാരപ്രദമായ ധീരമായ നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിന് മൊറട്ടോറിയം പ്രഖ്യാപിച്ചു. ഭൂമാഫിയകൾ കൃഷിഭൂമിയെ വില്പനച്ചരക്കാക്കി മാറ്റുന്നതുകാരണം കൃഷിഭൂമി കുറഞ്ഞുകുറഞ്ഞുവരുന്നു. ഭൂമാഫിയകളുടെ കച്ചവടവത്ക്കരണംമൂലം സാധാരണക്കാർക്ക് വീട് എന്നുള്ള സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്നില്ല. പ്രതിപക്ഷം ആരോപിക്കുന്നതുപോലെ പാവപ്പെട്ട കർഷകരെ തടവറയിലാക്കുന്നതുൾപ്പെടെ കർഷകദ്രോഹപരമായിട്ടുള്ള ഒരു നടപടിക്കും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അരി മുഖ്യ ആഹാരമെന്ന നിലയ്ക്ക് നെൽകൃഷിക്ക് പ്രാധാന്യം കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ യാതൊരു അനൗചിത്യവുമില്ല. നെല്ലിന്റെ സംഭരണ വില 10 രൂപയിൽനിന്ന് വീണ്ടും ഉയർത്തുകയും പലിശരഹിത വായ്പ നൽകുകയും ചെയ്തുകൊണ്ട്

നെൽകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. നെൽക്കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിൽ പച്ചക്കറി കൃഷിയും മറ്റു കൃഷികളും ചെയ്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയണം. ആ നിലയിൽ നെൽക്കൃഷിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും മറ്റ് കൃഷികളെ പ്രോൽസാഹിപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ ഇന്നത്തെ ആവശ്യത്തിന് പരിഹാരം കാണുകയെന്നുള്ളത് പരമപ്രധാനമാണ്. വസ്തുതകൾ മറച്ചുവച്ചുകൊണ്ട് റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന മുഖ്യമന്ത്രി നടത്തിയെന്നു പറയുന്ന പ്രതിപക്ഷം കുട്ടനാട് പാക്കേജിനെക്കുറിച്ചും കേന്ദ്രം സംസ്ഥാനത്തിന് നൽകുന്ന ഭക്ഷ്യവിഹിതവും വൈദ്യുതി വിഹിതവും വെട്ടിക്കുറച്ചതിനെക്കുറിച്ചും റൂൾ 300-ൽ പ്രസ്താവിച്ചിരുന്നുവെന്ന കാര്യം വിസ്മരിക്കരുത്. ജനങ്ങൾക്കും കർഷകർക്കും തൊഴിലാളികൾക്കും വളരെ പ്രതീക്ഷ നൽകുന്ന കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ബില്ലിനെതിരെ പ്രതിപക്ഷം നിലപാട് സ്വീകരിച്ചത് തെറ്റായ സമീപനമാണ്. കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ വകുപ്പുകൾ ചേർത്തുകൊണ്ട് ഈ ബിൽ പാസ്സാക്കാൻ കഴിയുന്നുവെന്നത് ആശ്വാസകരമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ബില്ലുമായി സഹകരിച്ച വിവിധ വകുപ്പുകളിലെയും നിയമസഭാ സെക്രട്ടേറിയറ്റിലെയും ഉദ്യോഗസ്ഥരോട് നന്ദി രേഖപ്പെടുത്തുന്നു. ബിൽ പാസ്സാക്കുന്ന അവസരത്തിൽ പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോയതിൽ വിഷമമുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2007-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**അവകാശലംഘന പ്രശ്നങ്ങൾ**

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതിച്ചെലവ് നടത്തുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യവകുപ്പിൽനിന്ന് ചീഫ് സെക്രട്ടറി നിർദ്ദേശങ്ങളൊന്നും നൽകിയില്ല എന്ന് ധനകാര്യ വകുപ്പുമന്ത്രി ഒരു നിയമസഭാ ചോദ്യത്തിന് നൽകിയ മറുപടി വാസ്തവ വിരുദ്ധമാണെന്ന് കാണിച്ച് അദ്ദേഹത്തിനെതിരെ ശ്രീ. കെ. സി.ജോസഫ് ഒരു അവകാശലംഘന നോട്ടീസ് നൽകുകയുണ്ടായി. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് വിശദീകരണം ആരാഞ്ഞു.

ധനകാര്യ വർഷത്തിന്റെ അവസാന മാസങ്ങളിൽ ധൃതിപിടിച്ച് പദ്ധതിച്ചെലവ് നടത്തുന്നത് ഒഴിവാക്കുന്നതിനും പദ്ധതി തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുമുള്ള ധനവകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ചീഫ് സെക്രട്ടറി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതെന്നും എന്നാൽ അതുമായി ബന്ധപ്പെട്ട് ഉന്നയിച്ച ചോദ്യത്തിന്റെ കാതലായ അംശം പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നതിനെ സംബന്ധിച്ചായിരുന്നതിനാൽ അതിനനുസൃതമായ മറുപടിയാണ് നിയമസഭയിൽ നൽകിയതെന്നും മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത ചോദ്യത്തിന്റെ (ബി) പിരിവിന് ഉത്തരം നൽകിയപ്പോൾ ചീഫ് സെക്രട്ടറി നൽകിയ നിർദ്ദേശം സൂചിപ്പിക്കാമായിരുന്നുവെന്നും അപ്രകാരം ചെയ്യാതിരുന്നതിൽ ഖേദിക്കുന്നു എന്നും മന്ത്രി ചെയറിനെ അറിയിച്ചിട്ടുണ്ട്. ശ്രീ. കെ.സി. ജോസഫിന്റെ നോട്ടീസും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ചീഫ്

സെക്രട്ടറി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ സംബന്ധിച്ച് താൻ നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് അല്ലായിരുന്നുവെന്നും അങ്ങനെ സംഭവിച്ചതിൽ ഖേദിക്കുന്നുവെന്നും മന്ത്രി അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ. കെ.സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്നു.

സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ എം.ഡി. നിയമനവുമായി ബന്ധപ്പെട്ട് താൻ ഉന്നയിച്ച സബ്മിഷന് മറുപടി നൽകവേ, നടപ്പിലാക്കാൻ ഉദ്ദേശിക്കാത്ത ഒരു തീരുമാനം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിക്കുകയുണ്ടായെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ശ്രീ. പി.സി. ജോർജ് ഒരു അവകാശലംഘന നോട്ടീസ് നൽകുകയുണ്ടായി. ചെയർ ഇക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും വിശദീകരണം ആരായുകയും ചെയ്തു.

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ, എം.ഡി.-മാരെ നിയമിക്കുന്നതിനായി രൂപീകരിച്ച സെലക്ഷൻ ബോർഡ് ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നായിരിക്കും കരകൗശല വികസന കോർപ്പറേഷനിലേയും എം.ഡി.-യെ നിയമിക്കുന്നതെന്നാണ് താൻ സബ്മിഷന് നൽകിയ മറുപടിയിൽ അറിയിച്ചതെന്നും അപ്രകാരം ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ പാനലിന് 18-5-2008-ന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും പ്രസ്തുത പാനലിൽനിന്ന് കരകൗശല വികസന കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്ക് എം.ഡി.-മാരെ സ്ഥിരമായി നിയമിക്കുന്നതിനുള്ള തുടർനടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നുവെന്നും മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നൽകിയ

വിശദീകരണവും ചെയർ വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ സഭ യുടേയോ അംഗങ്ങളുടേയോ അവകാശങ്ങൾ ലംഘിക്കുവാൻ ബോധ പൂർവ്വമായ ഒരു നടപടിയും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടായതായി ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. പി.സി.ജോർജിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിനുള്ള അനുമതി നിഷേ ധിക്കുന്നു.

<u>പരിഗണനയിലിരിക്കുന്നവ</u>

(1) എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കർഷക ആത്മഹത്യ നടന്നിട്ടുള്ളതായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു നിയമസഭാ ചോദ്യത്തിന് നൽകിയ മറുപടിയെ ഖണ്ഡിക്കുംവിധം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പൊതുയോഗത്തിൽ സംസാരിക്കുകയുണ്ടായെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്കെതിരെ ശ്രീ. ജോസഫ്. എം. പുതുശ്ശേരി നൽകിയ നോട്ടീസ്.

(2) മൂന്നാറിലെ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ നോട്ടീസ്

(3) ആലപ്പുഴ ഡി.സി.സി. ഓഫീസിന് നേർക്കുണ്ടായ ആക്രമണം സംബന്ധിച്ച് 2008 ജൂൺ 23-ന് സഭയിൽ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നടന്ന ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വാസ്തവവിരുദ്ധമായ മറുപടി നൽകിയെന്നാരോപിച്ച് മന്ത്രിക്കെതിരെ ശ്രീ. കെ.സി. വേണുഗോപാൽ നൽകിയ നോട്ടീസ്

(4) യൂത്ത് കോൺഗ്രസ്സ് (എം) പ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവം സംബന്ധിച്ച് നക്ഷത്രചിഹ്നമിടാത്ത ഒരു നിയമസഭാ ചോദ്യത്തിന് ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വാസ്തവവിരുദ്ധമായ മറുപടി നൽകിയെന്നാരോപിച്ച് മന്ത്രിക്കെതിരെ ശ്രീ. ജോസഫ്. എം. പുതുശ്ശേരി നൽകിയ നോട്ടീസ്.

<u>സമിതി രൂപീകരണം</u>

നിയമസഭാ പ്രവർത്തനം എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്നതിനെക്കുറിച്ചും നിയമസഭാ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ചും ശുപാർശകൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു നിയമസഭാ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

ശ്രീ. എം. വിജയകുമാർ, നിയമവും പാർലമെന്ററികാര്യവും സ്പോർട്ടസും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ചെയർമാൻ)

<u>അംഗങ്ങൾ</u>

1. ശ്രീ. കെ. പി. രാജേന്ദ്രൻ (റവന്യൂ വകുപ്പുമന്ത്രി)
2. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പുമന്ത്രി)
3. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
4. ശ്രീ. ആനത്തലവട്ടം ആനന്ദൻ
5. ശ്രീ. പി. ജയരാജൻ
6. ശ്രീ ആര്യാടൻ മുഹമ്മദ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. എൻ. അനിരുദ്ധൻ
9. ശ്രീ കെ. എം. മാണി
10. ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. കെ. പി. മോഹനൻ

13. ശ്രീ. എ.കെ. ശശീന്ദ്രൻ

14. ശ്രീ. പി. സി. ജോർജ്

15. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

16. ശ്രീ. കെ. ബി. ഗണേഷ് കുമാർ

17. ശ്രീ. കെ. കെ. ഷാജു

18. ശ്രീ. പി. എം. എ. സലാം

19. ശ്രീ. അൽഫോൺസ് കണ്ണന്താനം

20. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: പന്ത്രണ്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2008 ജൂൺ മാസം 23 മുതൽ ജൂലൈ മാസം 24 വരെയുള്ള 22 ദിവസങ്ങളിൽ സമ്മേളിച്ചു. ഏഴാം സമ്മേളനത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ ധനാഭ്യർത്ഥന തിരിച്ചുള്ള വിശദമായ ചർച്ചയും പാസ്സാക്കലുമായിരുന്നു സമ്മേളനത്തിന്റെ പ്രധാന നടപടി. ഇത് കൂടാതെ ഈ സമ്മേളനത്തിൽ പ്രധാനപ്പെട്ട ആറ് ബില്ലുകൾ ചർച്ച ചെയ്ത് പാസ്സാക്കുകയും ഏഴാം ക്ളാസ്സിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച അടിയന്തിരപ്രമേയം ചർച്ചയ്ക്ക് വിധേയമാക്കുകയുമുണ്ടായി. നടപ്പു സമ്മേളനത്തിൽ 427 സബ്മിഷനുകളും 42 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും അവതരിപ്പിച്ചു. അതോടൊപ്പം റൂൾ 300 പ്രകാരം പാഠപുസ്തക

പരിശോധനയ്ക്കുള്ള വിദഗ്ദ്ധ സമിതി രൂപീകരണം, ബൗദ്ധിക സ്വത്തവകാശം, ബസ് ചാർജ് വർദ്ധനവ്, വൈദ്യുതി പ്രതിസന്ധി, പാഠപുസ്തകവും പാഠ്യപദ്ധതിയും സംബന്ധിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പണം, ഡോ. സ്വാമിനാഥൻ കമ്മീഷൻ പാക്കേജ് അടിയന്തിരമായി അനുവദിക്കുക എന്നീ സംഗതികളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സഭയിൽ പ്രസ്താവന നടത്തുകയുണ്ടായി. അതോടൊപ്പം തന്നെ ഇന്തോ-അമേരിക്കൻ ആണവ കരാറിൽ നിന്ന് കേന്ദ്ര സർക്കാർ പിൻവാങ്ങണമെന്ന് അഭ്യർത്ഥിക്കുന്ന പ്രമേയം, കേന്ദ്ര ഗവൺമെന്റ് പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനം പിൻവലിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം എന്നീ അനൗദ്യോഗിക പ്രമേയങ്ങളും കേന്ദ്ര വൈദ്യുതി നിലയത്തിൽ നിന്ന് കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം പൂർണ്ണതോതിൽ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്ന ഗവൺമെന്റ് പ്രമേയവും സഭ പാസ്സാക്കുകയുണ്ടായി. 22 ദിവസം നീണ്ടുനിന്ന എട്ടാം സമ്മേളനം പൂർത്തീകരിക്കുമ്പോൾ വളരെ കുറച്ച് അവസരത്തിൽ സഭാനടപടികൾക്ക് ചെറിയ തടസ്സം ഉണ്ടായെങ്കിലും സഭാസമ്മേളനം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിന് കഴിഞ്ഞിട്ടുണ്ട്. സഭയുടെ ഈ സെഷൻ വിജയകരമായി പൂർത്തീകരിക്കുന്നതിന് ചെയറിനോട് സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, അംഗങ്ങൾ, പത്രമാധ്യമ പ്രതിനിധികൾ, നിയമസഭാ ജീവനക്കാർ എന്നിവർക്കെല്ലാം ചെയർ നന്ദി രേഖപ്പെടുത്തുകയാണ്.

സഭ രാത്രി 11.17-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

.................